# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

**29.12.2008–ന് രാവിലെ 9.00 മണിക്ക് കൂടുന്ന യോഗത്തിന്റെ അജണ്ട.**

## 1. പൊതുവിഷയങ്ങൾ

1.1 2008–09 വാർഷിക പദ്ധതി നിർവഹണ പുരോഗതി– അവലോകനം

| | |
|---|---|
| *1. ഗ്രാമപഞ്ചായത്തുകൾ :* | *പഞ്ചായത്ത് ഡയറക്ടർ* |
| *2. ബ്ലോക്ക് പഞ്ചായത്തുകൾ:* | *ഗ്രാമവികസന കമ്മീഷണർ* |
| *3. മുനിസിപ്പാലിറ്റികൾ :* | *നഗരകാര്യ ഡയറക്ടർ* |
| *4. ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും :* | *അഡീഷണൽ സെക്രട്ടറി* |

*1.2* ഗ്രാമ പ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ബി.പി.എൽ. ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ.

**1.3 ഇ.എം.എസ്. ഭവനപരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ**

(a) മൂന്ന് വർഷക്കാലയളവിൽ വായ്പയെടുക്കുന്നതിന് അനുമതി ലഭിച്ച തദ്ദേക ഭരണ സ്ഥാപനങ്ങൾ അവ 10 വർഷക്കാലയളവിലുള്ള വായ്പയായി മാറ്റാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി.

(b) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി വിഹിതത്തിന്റെ 15% തുക നടപ്പുവർഷം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

(c) പലയിടങ്ങളിലും; പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ മേഖലാ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പൊതുവായി ഇളവ് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കൂടാതെ ചെറിയ പ്ലോട്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് ഇളവുനൽകി പൊതുവായ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

(d) മുൻകാലങ്ങളിൽ നടപ്പാക്കിയ ഭവന പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിച്ചതിൽ നിർമ്മാണം പൂർത്തിയാക്കാത്ത ഒട്ടേറെ വീടുകളുണ്ട്. ഇത്തരം വീടുകൾ പൂർത്തീകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ.

(e) നഗരപ്രദേശങ്ങളിൽ ബഹുനില വീടുകൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാവുന്നതാണ്.

**(f) 2008 ഡിസംബർ 18 ന് ഗ്രാമവികസന കമ്മീഷണറുടെ ഓഫീസിൽ വച്ചു കൂടിയ യോഗത്തിലും കിലയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ചു നടന്ന ശില്പശാലയിലും ഉയർന്നു വന്ന നിർദ്ദേശങ്ങൾ**

**(i) ഗുണഭോക്താക്കളെ കണ്ടെത്തൽ**

(1) ഇ.എം.എസ്. ഭവന പരിപാടിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അപേക്ഷ ക്ഷണിക്കണം. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഗ്രാമ/വാർഡ് സഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ട ഭവന

രഹിതർ, ഭൂരഹിത–ഭവന രഹിതർ, ഗുണമേന്മ മെച്ചപ്പെടുത്തി വാസയോഗ്യ മാക്കാവുന്ന വീടുകളിൽ താമസിക്കുന്നവർ എന്നിവർക്ക് മാത്രമേ അപേക്ഷി ക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

(2) മൂന്ന് വിഭാഗത്തിലെയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അപേക്ഷാ ഫോറങ്ങളുടെ മാതൃക സർക്കാർ നിശ്ചയിച്ച് പത്രമാധ്യമങ്ങ ളിലൂടെ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷാ ഫോറത്തിൽ, അപേക്ഷകന് നിശ്ചിത വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഭാഗവും അതിനു ചുവടെയായി പരിശോധനാ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള പ്രത്യേക ഭാഗവും ഉണ്ടായിരിക്കുന്നതാണ്.

(3) ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തണം. ബി.പി.എൽ പട്ടികയിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ അപേക്ഷകൾ നിരസിക്കേണ്ട താണ്. ബി.പി.എൽ പട്ടിക കമ്പ്യൂട്ടറൈസ് ചെയ്തിട്ടുള്ളതിനാൽ ഭവന രഹിതരുടെയും ഭൂരഹിത–ഭവന രഹിതരുടെയും പട്ടിക വേർതിരിച്ചെടുത്ത് കുടുംബശ്രീ മിഷൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലഭ്യമാക്കുന്നതാണ്. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബമാണോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ട ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറിക്കായിരിക്കും. സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാ നത്തിൽ നിരസിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത്/ നഗരസഭാ ഓഫീസിൽ പ്രസിദ്ധപ്പെടുത്തണം.

(4) പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആശ്രയ ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യതൊഴിലാളികൾ എന്നീ വിഭാഗങ്ങളിലെ ഏതെങ്കിലും അർഹതപ്പെട്ട ഭവനരഹിത കുടുംബങ്ങളും ഭൂരഹിത–ഭവനരഹിത കുടംബങ്ങളും ഗുണമേന്മ മെച്ചപ്പെടുത്തി വാസയോഗ്യമാക്കാവുന്ന വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളും ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അവർക്ക് ഇ.എം.എസ് ഭവന പരിപാടിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നതിന് അപേക്ഷിക്കാൻ അവസരം നൽകാവുന്നതാണ്. മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങൾ ഒഴികെയുള്ളവർക്ക് ഈ രീതിയിൽ അപേക്ഷിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി നിശ്ചിത വിഭാഗത്തിൽപ്പെട്ടവർ മാത്രമേ അപേക്ഷിച്ചിട്ടുള്ളൂവെന്ന് ആദ്യം ഉറപ്പാക്കണം. തുടർന്ന്, ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആ കുടുംബങ്ങളുടെ മാർക്ക് നിശ്ചയിക്കണം. ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ

മാർക്കെങ്കിലും ലഭിക്കുന്ന കുടുംബങ്ങളെ ഇ.എം.എസ് ഭവന പരിപാടിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്താവുന്നതാണ്.

(5) ഈ പ്രക്രിയ പൂർത്തിയായാൽ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ ഒഴികെയുള്ളവയ്ക്ക് അപേക്ഷാ ഫോറത്തിൽ നിശ്ചിത സ്ഥാനത്ത് അഞ്ചക്ക കോഡ് രേഖപ്പെടുത്തണം. ഭവന രഹിതരുടെ അപേക്ഷകൾക്ക് | H | 0 | 0 | 0 | 1 | | H | 0 | 0 | 0 | 2 | എന്നിങ്ങനെയും ഭൂരഹിത–ഭവന രഹിതർക്ക് | L | 0 | 0 | 0 | 1 | | L | 0 | 0 | 0 | 2 | എന്നിങ്ങനെയും ഗുണമേന്മ മെച്ചപ്പെടുത്തി വാസയോഗ്യമാക്കാവുന്ന വീടുകളിൽ താമസിക്കുന്നവർക്ക് | U | 0 | 0 | 0 | 1 | , | U | 0 | 0 | 0 | 2 | എന്നിങ്ങനെയും കോഡ് നൽകണം. പരിശോധനാ ടീമിന് സ്ഥല സന്ദർശനം നടത്തി ഭൗതിക സാഹചര്യങ്ങൾ വിലയിരുത്താൻ സഹായകമാകുന്ന തരത്തിൽ വാർഡ് അടിസ്ഥാനമാക്കി അപേക്ഷ കൾക്ക് 1,2,3 എന്നിങ്ങനെ ക്രമനമ്പർ നൽകി കോഡ് രേഖപ്പെടുത്തുന്നതായിരിക്കും ഉചിതം. ഇപ്രകാരം ഒരു കുടുംബത്തിന് നൽകുന്ന കോഡ് ആ ഗ്രാമപഞ്ചായ ത്തിന്റെ/ നഗരസഭയുടെ ഏഴക്ക കോഡുമായി ബന്ധപ്പെടുത്തി സംസ്ഥാനതലത്തിൽ ഏകീകൃത കോഡ് (unique code) നൽകുന്നതിനുള്ള ക്രമീകരണം കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഏർപ്പെടുത്തുന്നതാണ്.

(6) ലിസ്റ്റുകളിൽ ഉൾപ്പെട്ടവർ ഇ.എം.എസ് ഭവന പരിപാടിയുടെ അർഹതപ്പെട്ട ഗുണഭോക്താക്കളാണോയെന്ന് സ്ഥലം സന്ദർശിച്ച് ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി തീരുമാനമെടുക്കുന്നതിന് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പരിശോധനാ ടീമുകൾ (verification team) രൂപീകരിക്കണം. ഒരു ടീമിൽ രണ്ട് ഉദ്യോഗസ്ഥർ ഉണ്ടാകണം. ഈ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുള്ളതിനാൽ ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് രണ്ടു ടീമുകളെങ്കിലും ഉണ്ടാകണം. നഗരസഭകളിൽ ആവശ്യാനുസരണം കൂടുതൽ ടീമുകൾ രൂപീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഓവർസീയർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും പരിശോധനാ ടീമുകൾ രൂപീകരിക്കാവുന്നതാണ്. നഗരസഭകളിൽ അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാർ, നഗരസഭയുടെ നിയന്ത്രണ ത്തിലുള്ള ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ടീമംഗങ്ങളെ കണ്ടെത്തേണ്ടതാണ്.

(7) ടീമുകൾ, സ്ഥലം സന്ദർശിച്ച് ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ടീമിലെ രണ്ട് ഉദ്യോഗസ്ഥർക്കും കൂട്ടുത്തരവാദിത്വമായിരിക്കും. പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആശ്രയ

ഗുണഭോക്താക്കൾ, പരമ്പരാഗത മത്സ്യതൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ നിന്ന് ബി.പി.എൽ പട്ടികയിൽ ഉൾപ്പെടാത്ത കുടുംബങ്ങൾ നൽകിയിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ആ കുടുംബങ്ങൾക്ക് നൽകിയിട്ടുള്ള താൽക്കാലിക മാർക്കിന്റെ സാധുത ഈ ഘട്ടത്തിൽ പരിശോധനാ ടീമുകൾ പ്രത്യേകം വിലയിരുത്തി റിപ്പോർട്ട് നൽകണം. പരിശോധനാ ടീം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും യഥാർത്ഥ മാർക്ക് നിശ്ചയിക്കുന്നത്.

(8) ഇ.എം.എസ്. ഭവന പരിപാടിയുടെ ആനുകൂല്യം അനർഹർക്ക് ലഭിച്ചതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തുകയാണെങ്കിൽ സബ്സിഡി ഇനത്തിൽ ആ കുടുംബത്തിന് നൽകിയ തുകയും അതിന്റെ പലിശയും പരിശോധന നടത്തിയ ടീമിലെ (verification team) ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കു ന്നതാണ്.

(9) സ്ഥല സന്ദർശനം നടത്തുന്ന സമയത്ത് പരിശോധനാ ടീമിലെ ഉദ്യോഗസ്ഥർ ഓരോ കുടുംബവും അവരുടെ നിലവിലുള്ള വീടിനു മുമ്പിൽ നിൽക്കുന്ന ഡിജിറ്റൽ ഫോട്ടോ എടുക്കണം. അതിന് ഗ്രാമപഞ്ചായത്തു കളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം വാങ്ങിയ ഡിജിറ്റൽ ക്യാമറ ഉപയോഗിക്കാവുന്നതാണ്. ആവശ്യമെങ്കിൽ ഒരു ഡിജിറ്റൽ ക്യാമറ കൂടി തനത്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിച്ച് വാങ്ങാവുന്നതാണ്. നഗരസഭകൾക്ക് മൂന്ന് ക്യാമറകൾ വിലയ്ക്ക് വാങ്ങാവുന്നതാണ്. കൂടുതൽ ക്യാമറകൾ ആവശ്യമായി വരികയാണെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവ വാടകയ്ക്കെടുക്കാവു ന്നതാണ്. പരിശോധനാ ടീമിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭ നൽകണം. പരിശോധനാ ടീമിനെ നിശ്ചയിച്ച് ഓരോ ടീമും ഏതൊക്കെ അപേക്ഷകളാണെന്ന് പരിശോധിക്കേണ്ടതെന്ന് വ്യക്തമാക്കി ഓരോ ഗ്രാമപഞ്ചായത്തും നഗരസഭയും ഉത്തരവ് പുറപ്പെടുവിക്കണം.

(10)പരിശോധനാ ടീമുകൾ സ്ഥലം സന്ദർശിച്ച് ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി തയ്യാറാക്കുന്ന റിപ്പോർട്ടുകൾ രണ്ട് തലങ്ങളിൽ സൂപ്പർ ചെക്ക് ചെയ്യേണ്ടതാണ്. കുറഞ്ഞത് 10 ശതമാനം റിപ്പോർട്ടുകളെങ്കിലും ആദ്യ തലത്തിൽ പരിശോധിക്കണം. എല്ലാ വാർഡുകളിലും പ്രാതിനിധ്യം വരത്തക്ക വിധത്തിലായിരിക്കണം പരിശോധന നടത്തേണ്ടത്. സൂപ്പർ ചെക്ക് ചെയ്ത് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫോറത്തിന്റെ മാതൃക സർക്കാർ ലഭ്യമാക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളിലെ എക്സ്റ്റൻഷൻ ഓഫീസർമാർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ മുതലായ ഉദ്യോഗസ്ഥരിൽ നിന്നും ഒരു ഉദ്യോഗസ്ഥന് ഒരു ഗ്രാമപഞ്ചായത്ത് എന്ന രീതിയിൽ ഗ്രാമപ്രദേശങ്ങളിൽ സൂപ്പർ ചെക്കിനുള്ള ചുമതല നൽകി

ക്കൊണ്ട് ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ നടപടി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. നഗരസഭകളുടെ കാര്യത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നടപടി ഉത്തരവ് പുറപ്പെടുവിക്കണം. പരിശോധനാ ടീം ക്രമക്കേട് നടത്തിയതായി സൂപ്പർ ചെക്ക് ചെയ്യുന്ന ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ പ്രോജക്ട് ഡയറക്ടർ/ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അന്വേഷണം നടത്തേണ്ടതും ക്രമക്കേട് നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട പരിശോധനാ ടീമിന് അന്വേഷണ ചുമതല നൽകിയിരുന്ന അപേക്ഷകൾ പുനഃപരിശോധന നടത്തുന്നതിനായി മറ്റൊരു ടീമിനെ നിയോഗിക്കേണ്ടതും ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

(11) ആദ്യതലത്തിൽ സൂപ്പർ ചെക്ക് ചെയ്ത് ലഭ്യമാക്കുന്ന റിപ്പോർട്ടുകളുടെ കുറഞ്ഞത് രണ്ട് ശതമാനമെങ്കിലും ജില്ലാതല ഉദ്യോഗസ്ഥരുടെ ചുമതലയിൽ രണ്ടാം ഘട്ട സൂപ്പർ ചെക്കിന് വിധേയമാക്കേണ്ടതാണ്. ജില്ലയിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ, ജില്ലാ വനിതാ ക്ഷേമ ഓഫീസർ എന്നിവരിൽ നിന്നും ഉദ്യോഗസ്ഥരെ തെരെഞ്ഞെടുത്ത് ഒന്നോ രണ്ടോ ബ്ലോക്ക് പഞ്ചായത്തുകളുടെ/നഗരസഭകളുടെ ചുമതല നൽകികൊണ്ട് ജില്ലാ കളക്ടർ നടപടി ഉത്തരവ് പുറപ്പെടുക്കേണ്ടതാണ്. ഇപ്രകാരം സൂപ്പർ ചെക്ക് ചെയ്ത് റിപ്പോർട്ട് നൽകുന്നതിനുള്ള ഫോറം സർക്കാർ ലഭ്യമാക്കുന്നതാണ്.

(12) പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അർഹതയില്ലാത്തവരെന്ന് കണ്ടെത്തുന്നവരെ ഒഴിവാക്കി മൂന്ന് വിഭാഗത്തിലെയും ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കണം. ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ മുൻഗണന, ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ബി.പി.എൽ കുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്.

(13) അന്തിമ ലിസ്റ്റ് ഗ്രാമ/വാർഡ് സഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടണം. അനർഹർ ലിസ്റ്റിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിന് ഗ്രാമ/വാർഡ് സഭകൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(14) ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ രൂപീകരിക്കുന്ന പരിശോധനാ ടീമുകളിലെ ഉദ്യോഗസ്ഥർക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ആഭിമുഖ്യത്തിൽ ജില്ലാതലത്തിൽ അർദ്ധ-ദിവസ (Half Day) പരിശീലനം നൽകുന്നതാണ്.

(15) അപേക്ഷകൾ സ്വീകരിക്കൽ, പരിശോധന, അംഗീകാരം എന്നിവയ്ക്കുള്ള അവസാന തീയതികൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമായിരിക്കും.

| ഇനം | അവസാന തീയതി |
|---|---|
| 1. അപേക്ഷകൾ സ്വീകരിക്കൽ | 2009 ജനുവരി 9 |
| 2. ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ പരിശോധന പൂർത്തിയാക്കൽ | 2009 ജനുവരി 17 |
| 3. ഗ്രാമ/വാർഡ് സഭകളുടെ അംഗീകാരം | 2009 ജനുവരി 31 |

**(ii) വിഭവ സമാഹരണം**

(1) വിദേശ മലയാളികൾ, വിദേശ മലയാളി സംഘടനകൾ, മനുഷ്യ സ്നേഹികൾ, സ്ഥാപനങ്ങൾ, ഗവൺമെന്റിതര സംഘടനകൾ എന്നിവരുടെ സംഭാവനകൾ മുഖേന സംസ്ഥാനതലത്തിലും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിലും ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

(2) ഇന്ദിരാ ആവാസ് യോജന പരിപാടിക്ക് അടുത്ത പത്ത് വർഷത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കാനിടയുള്ള വിഹിതവും സംസ്ഥാന വിഹിതമായി വകയിരുത്തുന്ന തുകയും അതത് വർഷം തിരിച്ചടയ്ക്കുന്ന തരത്തിൽ വായ്പയെടുക്കുന്നതിനുള്ള സാധ്യത പരിഗണിക്കണം. സംസ്ഥാനതലത്തിൽ ഗ്രാമവികസന കമ്മീഷണറുടെ പേരിൽ വായ്പയെടുക്കാവുന്നതാണ്.

(3) സംസ്ഥാനത്തിന്റെ 2009–10 വാർഷിക പദ്ധതിയിൽ ഇ.എം.എസ്. ഭവന പദ്ധതിക്ക് വഹിതം നീക്കിവയ്ക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന് നൽകാവുന്നതാണ്.

(4) ഈ പദ്ധതിക്ക് അധിക കേന്ദ്ര സഹായമായി തുക ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കണം. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ആസൂത്രണബോർഡിനോട് ആവശ്യപ്പെടാവുന്നതാണ്.

(5) തദ്ദേശഭരണ സ്ഥാപനങ്ങൾ വായ്പയെടുക്കുന്ന തുകയുടെ 50 ശതമാനം സംസ്ഥാന ഗവൺമെന്റ് നൽകുമെന്നും ബാക്കി 50 ശതമാനം ഗുണഭോക്താക്കൾ വഹിക്കണമെന്നുമാണ് സർക്കാർ ഉത്തരവായിട്ടുള്ളതെങ്കിലും പലിശ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. പലിശയിനത്തിൽ 2009–10–ൽ അടയ്ക്കേണ്ട തുക എത്രയെന്ന് ഇപ്പോൾ മുൻകൂട്ടി കണക്കാക്കാനാവില്ല. എന്നിരുന്നാലും വായ്പയുടെ പലിശയിനത്തിൽ ബാങ്കുകൾക്ക് തുക നൽകുന്നതിന് അടുത്ത വാർഷിക പദ്ധതിയിൽ വിഹിതം വകയിരുത്തുന്നതിനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണബോർഡിന് നൽകാവുന്നതാണ്.

(6) ഇ.എം.എസ്. ഭവന പദ്ധതിക്ക് എടുക്കുന്ന വായ്പയുടെ പലിശ പത്ത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലെന്നാണ് ഉത്തരവായിട്ടുള്ളത്. ഭവന വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുന്നതിന് റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ കുറഞ്ഞ പലിശ നിരക്ക് നിശ്ചയിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വാണിജ്യ, സഹകരണ ബാങ്ക് പ്രതിനിധികളുടെ യോഗം ചേരാവുന്നതാണ്.

(7) ഇ.എം.എസ്.ഭവന നിധിയിൽ സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക ആദായ നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടേണ്ടതാണ്. ഇ.എം.എസ്. ഭവന നിധിയുടെ ചട്ടങ്ങൾ രൂപപ്പെടുത്തുന്ന മുറയ്ക്ക് ഇതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(8) നിലവിലുള്ള ഭരണസമിതിയുടെ കാലയളവിനുള്ളിൽ തിരിച്ചടവ് പൂർണ്ണ മാകുന്ന തരത്തിലോ പത്ത് വർഷക്കാലയളവിൽ തിരച്ചടവ് പൂർണ്ണമാകുന്ന തരത്തിലോ വായ്പയെടുത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള സ്വാതന്ത്ര്യം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഉണ്ടായിരിക്കും. എന്നാൽ ആദ്യ രീതിയിൽ പദ്ധതി നടപ്പാക്കുന്ന ഒരു ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക്, ബ്ലോക്ക്/ജില്ലാ/സംസ്ഥാനവിഹിതം, ഇ.എം.എസ് ഭവനനിധി എന്നിങ്ങ നെയുള്ള സ്രോതസ്സുകളിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടാ യിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

**(iii) ക്യാമ്പയിൻ**

(1) പാർപ്പിട പ്രശ്നം പരിഹരിക്കുക എന്നത് സമൂഹത്തിന്റെ ബാധ്യതയാണെന്ന ബോധം സമൂഹത്തിലുണ്ടാക്കണം. തൊഴിലാളി സംഘടനകൾ, സന്നദ്ധ സംഘടനകൾ, സർവീസ് സംഘടനകൾ, യുവജന സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ തുടങ്ങിയ ബഹുജന പ്രസ്ഥാനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കുകയും തൊഴിലുറപ്പു പദ്ധതിയുടെയും കുടുംബശ്രീ സംവിധാനത്തിന്റെയും സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയും വേണം. ഇത്തരത്തിൽ ഇ.എം.എസ്. ഭവന പദ്ധതിയെ സാക്ഷരതാ പ്രവർത്തനത്തിൽ നടന്നതുപോലെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റണം.

(2) സംസ്ഥാന തലത്തിൽ ഉന്നതതല മാർഗനിർദ്ദേശക സമിതിയും (High Level Guidence Council) ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചയത്ത്/ നഗരസഭാതലത്തിൽ ജനകീയ സമിതികളും രൂപീകരിക്കാവുന്നതാണ്. മുഖ്യമന്ത്രി ചെയർമാനും പ്രതിപക്ഷ നേതാവ് കോ–ചെയർമാനും ധനകാര്യം, തദ്ദേശസ്വയംഭരണം, ഭവനം, റവന്യൂ, ഫിഷറീസ്, പിന്നോക്ക– പട്ടിക വിഭാഗ ക്ഷേമം, സഹകരണം എന്നീ വകുപ്പ് മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ മുതലായവർ വൈസ് ചെയർമാൻമാരും, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, സന്നദ്ധ, സാംസ്കാരിക, യുവജന, ബഹുജന സംഘടനകളുടെ പ്രതിനിധികൾ, വ്യവസായ–വാണിജ്യ മേഖലയിലെ പ്രതിനിധികൾ, ആദരണീയ വ്യക്തികൾ

എന്നിവർ അംഗങ്ങളുമായി ഒൻപതാം പദ്ധതിയിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മാതൃകയിൽ ഉന്നതതല മാർഗനിർദ്ദേശക സമിതി രൂപീകരിക്കണം.

(3) ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, വ്യവസായ-വാണിജ്യ മേഖലയുടെ പ്രതിനിധികൾ, ആദരണീയ വ്യക്തികൾ എന്നിവരടങ്ങുന്ന ജനകീയ സമിതികൾ രൂപീകരിക്കണം. സംസ്ഥാന തലം മുതൽ പഞ്ചായത്തുതലം വരെ ഈ സമിതികളുടെ നേതൃത്വത്തിൽ വിപുലമായ കൺവെൻഷനുകൾ നടത്തണം.

**(iv) മറ്റുള്ളവ**

(1) വീട് വയ്ക്കുന്നതിന് ആവശ്യമായ ഭൂമി ഗുണഭോക്താവ് നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങുകയാണെങ്കിൽ ഭമിയുടെ വില ചില വ്യവസ്ഥകൾ പ്രകാരം സബ്സിഡിയായി (പരമാവധി ഗ്രാമപഞ്ചായത്തുകളിൽ 45,000 രൂപ, മുനിസിപ്പാലിറ്റികളിൽ 50,000 രൂപ, കോർപ്പറേഷനുകളിൽ 60,000 രൂപ) അനുവദിക്കുന്ന തരത്തിലുള്ള പ്രോജക്ട് നിലവിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, ആശ്രയ പ്രോജക്ടിന്റെ ഗുണഭോക്താക്കളായ അഗതികൾ, റെയിൽവേ, റോഡ് മുതലായ പുറമ്പോക്കുകളിൽ താമസിക്കുന്ന പൊതു വിഭാഗം ഗുണഭോക്താക്കൾ എന്നിവരുടെ കാര്യത്തിൽ മാത്രമേ നടപ്പാക്കാൻ അനുമതി നൽകിയിട്ടുള്ളൂ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ വിഭാഗങ്ങൾക്കും ഈ രീതിയിൽ പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകാവുന്നതാണ്. മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങൾ ഒഴികെയുള്ളവർക്ക് ഗ്രാമപഞ്ചായത്തുകളിൽ 40,000 രൂപ, മുനിസിപ്പാലിറ്റികളിൽ 45,000 രൂപ, കോർപ്പറേഷനുകളിൽ 55,000 രൂപ എന്നിങ്ങനെ സബ്സിഡി അനുവദിക്കാവുന്നതാണ്.

(2) ഗുണഭോക്താവ് നേരിട്ട് കണ്ടെത്തി സ്ഥലം വിലയ്ക്ക് വാങ്ങുക, ഗ്രാമപഞ്ചായത്ത്/നഗരസഭ ഭൂമി വിലയ്ക്ക് വാങ്ങി അനുവദിക്കുക എന്നിങ്ങനെ ഏത് രീതിയിൽ ഭൂമി അനുവദിക്കുകയാണെങ്കിലും അടുത്ത 20 വർഷത്തേയ്ക്ക് ഭൂമി അന്യാധീനപ്പെടാൻ പാടില്ല. ഗ്രാമപഞ്ചായത്ത്/നഗരസഭയുടെ പേരിൽ മാത്രമേ ഭൂമി രജിസ്ററർ ചെയ്യാൻ പാടുള്ളൂ. 20 വർഷത്തിനുശേഷം മാത്രം ഗുണഭോക്താവിന് പൂർണ്ണ അവകാശം ലഭിക്കുന്ന വ്യവസ്ഥകൾ അധാരം രജിസ്റ്റർ ചെയ്യുമ്പോൾ ഉൾപ്പെടുത്തണം. ഭൂമിയുടെ ഉടമസ്ഥത ഗ്രഹനാഥന്റെയും ഗ്രഹനാഥയുടെയും പ്രായപൂർത്തിയായ മക്കളുടെയും പേരിലായിരിക്കണം രജിസ്റ്റർ ചെയ്യേണ്ടത്. ക്ളസ്റ്റർ/ഫ്ളാറ്റ് നിർമ്മിക്കുന്ന സംഗതികളിൽ വിഭജിച്ച് നൽകാൻ പാടില്ലാത്ത തരത്തിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണം.

(3) വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിലൂടെ ഭവനനിർമ്മാണത്തിന് ലഭ്യമാകുന്ന തുക ഗുണഭോക്താക്കളുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണം. പദ്ധതിയുടെ നിർവഹണ പുരോഗതി സർട്ടിഫിക്കറ്റ് നിർവഹണ ഉദ്യോഗസ്ഥൻ പ്രസിഡന്റിന്റെ/ചെയർപേഴ്സന്റെ/മേയറുടെ മേലൊപ്പോടെ നൽകുന്നതനുസരിച്ച് ഗഡുക്കളായി സബ്സിഡി തുക നൽകാവുന്നതാണ്.

(4) ഈ ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾ കൈമാറ്റം ചെയ്യുന്നില്ലായെന്ന് ഉറപ്പാക്കുന്നതിന് വസ്തുവിന്റെ ആധാരം 12 വർഷത്തേയ്ക്ക് ബന്ധപ്പെട്ട ബാങ്കിൽ സൂക്ഷിക്കേണ്ടതാണ്. യാതൊരു കാരണ വശാലും 12 വർഷത്തിനുള്ളിൽ ആധാരം ഗുണഭോക്താവിന് കൈമാറുന്നതല്ലെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം.

(5) വായ്പാ തിരിച്ചടവ് ഇനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും ബാങ്കുകൾക്ക് നൽകേണ്ട തുക, കൺട്രോളിംഗ് ഓഫീസർമാർ തന്നെ അതത് വർഷം യഥാസമയം കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകുന്ന തരത്തിൽ നടപടിക്രമങ്ങൾ നിശ്ചയിക്കാവുന്നതാണ്. തനത് ഫണ്ട് വിനിയോഗിച്ച് തിരിച്ചടയ്ക്കുന്ന തരത്തിൽ വായ്പയെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തുകയാണെങ്കിൽ ആ തുകയും വികസന/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്.

(6) നടപ്പുവർഷം ഇ.എം.എസ് ഭവന പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള വിഹിതം ഭൂരഹിതർക്ക് വീട് വയ്ക്കുവാൻ സ്ഥലം അനുവദിക്കുന്നതിനായി വിനിയോഗിക്കുന്നതിന് മുൻഗണന നൽകണം. ഭൂമി വിലയ്ക്ക് വാങ്ങി അനുവദിക്കുന്ന രീതിയിലോ ഗുണഭോക്താവ് ഭൂമി നേരിട്ട് കണ്ടെത്തിയാൽ ഭൂമിയുടെ വില സബ്സിഡിയായി അനുവദിക്കുന്ന രീതിയിലോ പ്രോജക്ട് നടപ്പാക്കാവുന്നതാണ്. അതിന് കഴിയുകയില്ലെങ്കിൽ, ഭവന നിർമ്മാണ പ്രോജക്ടിന് മുൻവർഷം തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്നവർക്ക് ആനുകൂല്യം നൽകുന്ന രീതിയിൽ നടപ്പാക്കാവുന്നതാണ്. ആവശ്യമെങ്കിൽ നടപ്പുവർഷം ഇ.എം.എസ് ഭവന പദ്ധതിക്ക് കൂടുതൽ തുക വകയിരുത്താവുന്നതുമാണ്. മുകളിൽ സൂചിപ്പിച്ച പ്രകാരം 2008-09 വാർഷിക പദ്ധതി ഭേദഗതി ചെയ്യുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.

(7) ഇ.എം.എസ്. ഭവന പദ്ധതിക്ക് നടപ്പുവർഷം വകയിരുത്തിയതിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക പൂർണ്ണമായും, ഷോർട്ട്ഫാൾ കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കി, അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യാൻ അനുവദിക്കാവുന്നതാണ്.

1.4 കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (Rural Electrification Plan) നിർദ്ദേശങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ഊർജ്ജവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്.

1.5 അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയും ടൂർണമെന്റുകൾ സംഘടിപ്പിച്ചും യുവജനങ്ങൾക്കിടയിൽ (പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ) സ്പോർട്സ്, ഗെയിംസ് എന്നിവയോട് ആഭിമുഖ്യം വളർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള "പഞ്ചായത്ത് യുവ ക്യദ ഓർ ഖേൽ അഭിയാൻ" (പി.വൈ.കെ.കെ.എ.) എന്ന പരിപാടിയുടെ പരിപ്രേക്ഷ്യ പദ്ധതിയും കർമ്മ പദ്ധതിയും ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്പോർട്സ് വകുപ്പിന് നൽകിയിരുന്നു. ഈ വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

1.6 തദ്ദേശഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾ, വാങ്ങലുകൾ എന്നിവ നടത്തുമ്പോൾ പത്രപരസ്യം നൽകുന്നതിന് ചില നിബന്ധനകൾ പാലിക്കേണ്ടത് ആവശ്യമാണെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു.

1994–ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടും 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടും പ്രകാരം പുറപ്പെടുവിച്ച ചട്ടങ്ങളിലെ 9 (3), (എ), (ബി), (സി) ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പണിക്കുള്ള പരസ്യം സംബന്ധിച്ച വ്യവസ്ഥ ചുവടെ ചേർക്കുന്നു.

| **അടങ്കൽ തുക** | | **സമയപരിധി** | **ദിനപ്പത്രം** |
|---|---|---|---|
| 9 (3) (എ) | 1,00,000–10,00,000/– | 10 ദിവസം | തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് പ്രചാരമുള്ള ഒരു പത്രത്തിൽ |
| 9 (3) (ബി) | 10,00,000–50,00,000/– | 20 ദിവസം | സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാളം ദിനപ്പത്രത്തിൽ |
| 9 (3) (സി) | 50,00,000/– ന് മേൽ | 20 ദിവസം | സംസ്ഥാനത്ത് പ്രചാരമുള്ള രണ്ട് മലയാളം ദിനപ്പത്രങ്ങളിലും ദേശീയ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും നിർബന്ധമായും, ആവശ്യമെങ്കിൽ മറ്റു പത്രങ്ങളിലും |

സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം സാധന സാമഗ്രികൾ വാങ്ങുമ്പോൾ 20,000 രൂപയിൽ താഴെയാണെങ്കിൽ പത്രപരസ്യം ഒഴിവാക്കാം.

**നഗരകാര്യ ഡയറക്ടർ നിർദ്ദേശിച്ച ഭേദഗതികൾ**

(a) സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെ കുറഞ്ഞ പരിധി 20,000/– രൂപ എന്നത് 50,000/– രൂപയായി ഭേദഗതി ചെയ്യാവുന്നതാണ്.

(b) ചട്ടങ്ങൾക്കുള്ള ഭേദഗതി

| അടങ്കൽ തുക | | സമയപരിധി | ദിനപ്പത്രം |
|---|---|---|---|
| 9 (3) (എ) | 20,000– 10,00,000/– | 15 ദിവസം | റവന്യൂ ജില്ലയിൽ പ്രചാരമുള്ള ഒരു ദിനപ്പത്രം |
| 9 (3) (ബി) | 10,00,000– 50,00,000/– | 20 ദിവസം | സംസ്ഥാനത്തുടനീളം പ്രചാരമുള്ള രണ്ട് മലയാളം ദിനപ്പത്രത്തിൽ |
| 9 (3) (സി) | 50,00,000/– ന് മേൽ | 1 മാസം | രണ്ട് മലയാളം ദിനപ്പത്രങ്ങളിലും ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും |

(c) നടപടിക്രമങ്ങൾക്ക് കൃത്യത വരുത്തുന്നതിനായി "സമയപരിധി കണക്കാക്കേണ്ടത് പത്രത്തിൽ പരസ്യം വന്ന തീയതി മുതൽ ടെണ്ടർ സമർപ്പിക്കേണ്ട തീയതി വരെയാണ്. 'രണ്ട് ദിവസങ്ങളും ഒഴിവാക്കി" എന്ന ക്ലിപ്ത നിബന്ധന ചട്ടങ്ങളിൽ വരുത്തണം.

**പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ച ഭേദഗതികൾ.**

(a) 9–ാം ചട്ടം 3 (എ), (ബി), (സി) എന്നീ ഉപചട്ടങ്ങളിൽ അവസാനമായി "ആവശ്യമെങ്കിൽ മറ്റുപത്രങ്ങളിലും" എന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ എണ്ണം നിശ്ചയിക്കണം.

(b) 20,000/– രൂപയ്ക്ക് മേലുള്ള വാങ്ങലുകൾക്ക് പത്രപ്പരസ്യം ആവശ്യമാണെന്ന നിബന്ധന 9–ാം ചട്ടം 3 (എ), (ബി), (സി) ഉപചട്ടങ്ങൾക്ക് ശേഷം ചേർക്കണം.

**ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച ഭേദഗതികൾ**

(a) **ചട്ടങ്ങൾക്കുള്ള ഭേദഗതി**

| മതിപ്പ് ചെലവ് | ചുരുങ്ങിയ സമയം | പരസ്യ തീയതി |
|---|---|---|
| 25,000–ന് മേൽ 1,00,000 വരെ | 7 ദിവസം | ജില്ലയിൽ പ്രചാരമുള്ള ഒരു പ്രഭാത ദിനപ്പത്രം |
| 1,00,000–ന് മേൽ 10,00,000 വരെ | 10 ദിവസം | ജില്ലയിൽ 10,000 കോപ്പിയിൽ കുറയാതെ പ്രചാരമുള്ള മലയാള ദിനപ്പത്രം |
| 10,00,000–ന് മേൽ 50,00,000 വരെ | 20 ദിവസം | ജില്ലയിൽ 10,000–ന് മുകളിലും സംസ്ഥാനത്തുടനീളം ഒരു ലക്ഷത്തിൽ കൂടുതലും പ്രചാരമുള്ള മലയാള ദിനപ്പത്രം |
| 50,00,000–ന് മേൽ | 20 ദിവസം | ജില്ലയിൽ 10,000–ന് മുകളിൽ പ്രചാരമുള്ള രണ്ട് മലയാള ദിനപ്പത്രത്തിലും ദേശീയ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപ്പത്രത്തിലും |

(b) ജലസേചനം/പൊതുമരാമത്ത് വകുപ്പുകളിൽ ടെണ്ടർ പരസ്യം നൽകി വരുന്നത് 19.08.97–ലെ സർക്കാർ ഉത്തരവ് നമ്പർ 84/97/പി.ഡബ്ല്യു. & റ്റി. പ്രകാരം പബ്ലിക് റിലേഷൻസ് വകുപ്പ് നേരിട്ടാണ്. അതിന് താഴെ പറയുന്നതുപോലെ സമയക്രമം പാലിച്ചുവരുന്നു.

| | |
|---|---|
| 2,00,000/– രൂപ വരെ | 5 ദിവസം |
| 2,00,000/– രൂപ മുതൽ 15,00,000 രൂപവരെ | 10 ദിവസം |
| 15,00,000–ന് മേൽ | 20 ദിവസം |

(c) സാധന സാമഗ്രികൾ വാങ്ങുന്നതിനും പത്രപ്പരസ്യം നടത്തി വാങ്ങുന്നതായിരിക്കും സുതാര്യമായ വ്യവഹാരം. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് ഓരോ വർഷവും ഒരു നിശ്ചിത സമയത്ത് പബ്ലിക് റിലേഷൻസ് വകുപ്പിൽനിന്നും ഓരോ പത്രത്തിന്റെയും ക്ലാസ്സിഫിക്കേഷൻ ലഭ്യമാക്കേണ്ടതാണ്.

ഈ വിഷയം സി.സി.യുടെ പരിഗണനയ്ക്ക് വന്നപ്പോൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അഭിപ്രായംകൂടി കണക്കിലെടുത്തശേഷം നടപടിക്രമങ്ങൾ നിശ്ചയിക്കാൻ തീരുമാനമെടുത്തു.

**പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അഭിപ്രായം**

സർക്കാർ പരസ്യങ്ങൾ പ്രസിദ്ധികരിക്കുന്നത് സംബന്ധിച്ച നയവും എല്ലാ നടപടിക്രമങ്ങളും പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഉത്തരവുകളിൽ വ്യക്തമാണ്. നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ചീഫ് എഞ്ചിനീയർ എന്നിവരുടെ അഭിപ്രായവും ഈ ഉത്തരവുകളെ അടിസ്ഥാനമാക്കിയുള്ളതാണ്.

**സ്റ്റോർ പർച്ചേസ് വകുപ്പിന്റെ അഭിപ്രായം**

സ്റ്റോർ പർച്ചേസ് മാന്വലിന്റെ പരിഷ്ക്കരണം വകുപ്പിന്റെ സജീവ പരിഗണനയിലാണ്. സാധന സാമഗ്രികൾ വാങ്ങുമ്പോൾ പത്രപരസ്യം ഒഴിവാക്കാവുന്ന കുറഞ്ഞ പരിധി 20,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഷ്ക്കരണ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**2. പ്രത്യേക വിഷയങ്ങൾ**

**2.1 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

നബാർഡ്–ആർ.ഐ.ഡി.എഫ് പ്രകാരം പൊതുമേഖലാ സ്ഥാപനമായ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന ചുവടെ ചേർത്തിട്ടുള്ള കോൾനില വികസന പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം ഒഴിവാക്കി നൽകണമെന്നതാണ് ആവശ്യം.

(1) വേളം ആയഞ്ചേരി – 535.00 ലക്ഷം രൂപ
(2) ചെരണ്ടത്തൂർ ചിറ – 535.00 ലക്ഷം രൂപ
(3) ആവളപ്പാണ്ടി ചിറ – 1496.00 ലക്ഷം രൂപ

**2.2 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്**

പ്രസിഡന്റിന്റെ ഓഫീസും സെക്രട്ടറിയുടെ ഓഫീസും തമ്മിൽ 30 മീറ്റർ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. നിലവിലുള്ള ഫോൺ സെക്രട്ടറിയുടെ ഓഫീസനടുത്താണ് സ്ഥാപിച്ചിട്ടുള്ളത്. ആറ് എക്സ്റ്റൻഷനുകളിൽ ഒന്നാണ് ഇപ്പോൾ പ്രസിഡന്റ് ഉപയോഗിക്കുന്നത്. പ്രസിഡന്റിനോ അംഗങ്ങൾക്കോ ഫോൺ

ഉപയോഗിക്കണമെങ്കിൽ ദീർഘസമയം കാത്തിരിക്കേണ്ടി വരുന്നു. ആയതിനാൽ പ്രസിഡന്റിന്റെ ഉപയോഗത്തിനായി ഒരു ടെലിഫോൺ കണക്ഷൻ എടുക്കുന്നതിന് അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാരംഭ ചെലവുകളും തുടർ ചെലവുകളും തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2.3 കേരള വികലാംഗ സംയുക്ത സമിതി

കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ കേരള വികലാംഗ സംയുക്ത സമിതി സമർപ്പിച്ച നിവേദനത്തിലെ വിവിധ ആവശ്യങ്ങളും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആവശ്യങ്ങൾ | പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് |
|---|---|---|
| 1 | വികലാംഗർക്ക് ജനകീയാസൂത്രണം വഴി വീട് അനുവദിക്കുമ്പോൾ കുടുംബം ആകണമെന്ന നിബന്ധന ഒഴിവാക്കണം. പല വികലാംഗർക്കും കല്യാണം കഴിച്ച് കുടുംബം ആകാനുള്ള സാധ്യത കുറവാണ്. വികലാംഗന് ജീവിക്കാൻ വീട് അത്യാവശ്യമാണ്. ഇപ്പോൾ ഇത്തരം ആനുകൂല്യങ്ങളുള്ള കുടുംബത്തിന് മുൻഗണന കൊടുക്കുന്നുണ്ടെങ്കിലും പലപ്പോഴും വികലാംഗന് വീട് ലഭിക്കാറില്ല. | വികലാംഗർക്ക് കുടുംബം ആകാനുള്ള സാധ്യതാ കുറവ് പരിഗണിച്ചും ഇവർക്ക് വീട് ആത്യാവശ്യമാണ് എന്ന പരിഗണന കണക്കിലെടുത്തും വീട് അനുവദി ക്കുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| 2 | വികലാംഗർക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും വീടിനുള്ള ധനസഹായവും (മണ്ണും വീടും പദ്ധതി) അനുവദിക്കണം. | ഭൂരഹിതരായ വികലാംഗർക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള ധനസഹായം പഞ്ചായത്തുകൾ മുഖേന നടപ്പാക്കാവു ന്നതാണ്. അതുപോലെ ഭവന രഹിതരും എന്നാൽ വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ വികലാംഗർക്ക് ഭവന നിർമ്മാണ ത്തിനുള്ള സഹായം മുൻഗണനാടി സ്ഥാനത്തിൽ നൽകാവുന്നതാണ്. |
| 3 | വികലാംഗരുടെ വീടുകളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കണം. | എല്ലാ വികലാംഗരുടെയും വീടുകൾ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കു ന്നത് ആശാസ്യമല്ല. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും 90 ശതമാനത്തിനു മുകളിൽ വൈകല്യമുള്ള വരുമായ വികലാംഗരുടെ ഭവനങ്ങൾ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണി ക്കാവുന്നതാണ്. |

## 2.4 നെല്ലനാട് ഗ്രാമപഞ്ചായത്ത്

കഴിഞ്ഞ 10 വർഷമായി ദിവസ വേതനാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വക ട്രാക്ടർ ഓടിച്ചുവരുന്ന സതീഷ്കുമാറിന്റെ നിയമനം, ഒരു ട്രാക്ടർ ഡ്രൈവർ തസ്തിക സൃഷ്ടിച്ച് ക്രമവല്ക്കരിക്കണമെന്നതാണ് ആവശ്യം.

വളരെ വേഗത്തിൽ നഗരവല്ക്കരിക്കപ്പെട്ടിരിക്കുന്ന വെഞ്ഞാറമ്മൂട് ൌൺ പ്രദേശത്ത് മാലിന്യസംസ്ക്കരണം വളരെയേറെ ശ്രമകരമായ ജോലിയാണെന്നും നിലവിൽ നാല് പാർട്ട്ടൈം ജീവനക്കാരെയും ഒരു ഫുൾടൈം ജീവനക്കാരെയും കൂടാതെ 7 പേർ ദിവസവേതനാടിസ്ഥാനത്തിൽ "ക്ലീൻ നെല്ലനാട് ഗ്രാമ പഞ്ചായ ത്തിന്റെ" ഭാഗമായി പ്രവർത്തിച്ചുവരുന്നതായും ഈ പ്രദേശത്തെ മൊത്തം ഖരമാലിന്യങ്ങളും പ്രസ്തുത ജോലിക്കാരെക്കൊണ്ട് ശേഖരിക്കുന്നത് നിലവിലുള്ള ട്രാക്ടർ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതിനാൽ പഞ്ചായത്തിന് സ്ഥിരമായി ഒരു ട്രാക്ടർ ഡ്രൈവർ തസ്തിക അനുവദിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## 2.5 വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 1998 മുതൽ പ്രവർത്തിച്ചുവരുന്ന മന്ദബുദ്ധി പരിശീലന കേന്ദ്രത്തിൽ 01.04.2005 മുതൽ ഒരുവർഷത്തേക്ക് പ്രതിമാസം 1500 രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു ടീച്ചറെ നിയമിച്ചിരുന്നു. നിയമന കാലാവധി 01.04.2006 മുതൽ ഒരുവർഷത്തേക്കും തുടർന്ന് 01.04.2007 മുതൽ ഒരുവർഷത്തേക്കും ദീർഘിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തനത് ഫണ്ടിൽ നിന്നാണ് തുക വിനിയോഗിക്കുന്നത്.

നിയമന കാലാവധി 01.04.2008 മുതൽ ഒരുവർഷത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാവുന്ന താണെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

## 2.6 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

എസ്.ജി.ആർ.വൈ/ഡി.ആർ.ഡി.എ. പ്രവൃത്തികൾക്ക്, പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഉപയോഗിക്കേണ്ട ടാർ അനധികൃതമായി ഉപയോഗിക്കുന്നുണ്ടെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയം അന്വേഷിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് നൽകണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

(1) എസ്.ജി.ആർ.വൈ. പദ്ധതി പ്രകാരം റോഡുകൾ ടാർ ചെയ്യാൻ പാടില്ലെന്ന് നിർദ്ദേശം നൽകാവുന്നതാണ്.

(2) പൊതുമരാമത്ത് വകുപ്പുകൾ നടപ്പാക്കുന്ന പ്രവൃത്തികൾക്കുള്ള ടാറിന്റെ ദുരുപയോഗം ഒഴിവാക്കുന്നതിന് എസ്.ജി.ആർ.വൈ സ്കീം മറ്റ് പരിപാടി കളുമായി സംയോജിപ്പിക്കാൻ പാടില്ലെന്നും അപ്രകാരം സംയോജിപ്പിച്ച് റോഡുകൾ ടാർ ചെയ്യാൻ പാടില്ലെന്നും നിർദ്ദേശിക്കാവുന്നതാണ്.

*ഈ വിഷയം സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.*

(a) ഗ്രാമീണ റോഡുകൾ ടാർ ചെയ്യരുത് എന്ന നിർദ്ദേശം സ്വീകാര്യമല്ല. നിർവഹണ നടപടികൾ സുതാര്യമാക്കിക്കൊണ്ട് ക്രമക്കേടുകൾ ഒഴിവാക്കാവുന്നതാണ്.

(b) പൊതുമേഖലാ എണ്ണക്കമ്പനികളിൽനിന്നും ടാർ വാങ്ങുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കാവുന്നതാണ്. ഒരുവർഷത്തേക്ക് ആവശ്യമായ ടാറിന്റെ അളവ് മുൻകൂട്ടി നിശ്ചയിച്ച് ഘട്ടംഘട്ടമായി പ്രവൃത്തി നടക്കുന്ന സ്ഥലത്ത് കമ്പനി തന്നെ ടാർ എത്തിക്കുന്ന സംവിധാനം ആവിഷ്ക്കരിക്കാവുന്നതാണ്. ഇതിലൂടെ പ്രവൃത്തിക്ക് ആവശ്യമായ ടാർ വാങ്ങുന്നുണ്ടെന്നും നിശ്ചിത പ്രവൃത്തിക്ക് തന്നെ വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പാക്കാവുന്നതാണ്. സൈറ്റ് എഞ്ചിനീയറും സൂപ്പർവൈസറി സ്റ്റാഫും ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

(c) തദ്ദേശഭരണ സ്ഥാപനത്തിന് നേരിട്ട് ടാർ വാങ്ങാൻ കഴിയുകയില്ലെങ്കിൽ കരാറുകാരൻ/കൺവീനർ/ഏജൻസി നേരിട്ടോ രണ്ടോ മൂന്നോ പേർ ചേർന്ന് സംയുക്തമായോ കമ്പനിയിൽനിന്നും ടാർ വാങ്ങാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ ആധികാരികത തദ്ദേശഭരണസ്ഥാപനം കമ്പനിയുമായി നേരിട്ട് ബന്ധപ്പെട്ട് ഉറപ്പാക്കണം.

*ഗ്രാമവികസന കമ്മീഷണറുടെ അഭിപ്രായം:* ജില്ലാതലത്തിൽ ആവശ്യമായ ടാറിന്റെ അളവ് ഓരോവർഷവും കണക്കാക്കി ചീഫ് എഞ്ചിനീയർ അവ കമ്പനിയിൽനിന്നും നേരിട്ട് വാങ്ങി സൂക്ഷിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിക്കാവുന്നതാണ്.

**2.7 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

പട്ടികവർഗ ഉപപദ്ധതിപ്രകാരം റോഡ് നിർമ്മാണം അനുവദനീയമല്ല. പട്ടികവർഗ സങ്കേതങ്ങളിലേക്ക് മാത്രം ഉപയോഗമുള്ള പടവുകളും (foot steps) നടപ്പാലങ്ങളും നിർമ്മിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സൗകര്യങ്ങൾ 9,10 പഞ്ചവത്സരപദ്ധതി കാലയളവിൽ തന്നെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇനി കോളനികളിലേക്ക് റോഡുകളാണ് വേണ്ടതെന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. ആകയാൽ നടപ്പാലങ്ങൾക്കും പടവുകൾക്കും പുറമെ റോഡുകൾ കൂടി നിർമ്മിക്കുന്നതിന് അനുമതി നൽകാമോയെന്ന് ചർച്ചചെയ്ത് തീരുമാനിക്കാവു ന്നതാണ്.

ഇതേ ആവശ്യം **മേലുകാവ് ഗ്രാമപഞ്ചായത്തും** ഉന്നയിച്ചിട്ടുണ്ട്.

***പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ അഭിപ്രായം:***

ജനകീയാസൂത്രണ മാർഗ്ഗനിർദ്ദേശങ്ങളിൽ പട്ടികവർഗ്ഗ മേഖലകളിൽ നടപ്പടവുകൾ നിർമ്മിക്കുന്നതിന് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ പ്രസ്തുത മേഖലകളിൽ നടപ്പാതകളും റോഡുകളും നിർമ്മിക്കുന്നതിന് സാധിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. അവികസിത പ്രദേശത്തിന്റെ വികസനത്തിന് റോഡു നിർമ്മാണം അത്യാവശ്യമാകയാൽ പട്ടികവർഗ്ഗ മേഖലകളിൽ റോഡു നിർമ്മാണത്തിന് അനുമതി നൽകേണ്ടതുണ്ട്. റോഡുകളുടെ

നിർമ്മാണത്തിന് സാദ്ധ്യതയില്ലാത്ത പ്രദേശങ്ങളിൽ നടപ്പാത നിർമ്മാണത്തിന് അനുമതി നൽകിയാൽ മാത്രമെ പ്രസ്തുത പ്രദേശത്തുള്ള രോഗികളെ യഥാസമയം ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സ നടത്തുന്നതിനും വരെ സാധിക്കു കയുള്ളൂ. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ മേഖലകളുടെ സർവതോന്മുഖമായ വികസനത്തിന് കുറഞ്ഞത് 3 മീറ്റർ വീതിയുള്ള നടപ്പാത നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് സർക്കാർ തലത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാ വുന്നതാണ്.

**2.8 കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്**

41 അംഗൻവാടികൾ ഉള്ളതിൽ 15 എണ്ണത്തിനുമാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. പട്ടികജാതിക്കാർ കൂടുതലായി താമസിക്കുന്ന സ്ഥലത്ത് 3 അംഗൻവാടികൾ നിർമ്മി ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും ഡി.പി.സി.യുടെ അനുമതി ലഭിച്ചില്ല. പൊതുവിഭാഗം ഫണ്ട് വിനിയോഗിക്കണ മെന്നാണ് ഡി.പി.സി. നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് പ്രസ്തുത പ്രോജക്ട് നടപ്പാക്കുവാൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയം 29.10.2008-ന് കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ചചെയ്ത് പ്രോജക്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. 2006,2007,2008 വർഷങ്ങളിൽ 51 ശതനമാനത്തിൽ കൂടുതലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് പ്രസ്തുത മൂന്ന് അംഗൻവാടികളിൽ പഠിക്കുന്നതെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതി പ്രദേശത്ത് അധിവസിക്കുന്ന 55 കുടുംബങ്ങളിൽ 37-ഉം പട്ടികജാതി വിഭാഗങ്ങളിൽ പ്പെട്ടവരാണെന്ന് പട്ടികജാതി വികസന ഓഫീസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വർഷാവർഷങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളിൽ 51 ശതമാനത്തിൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്ന് ഉറപ്പുവരുത്തണമെന്നും ജാതി സർട്ടിഫിക്കറ്റ് ഫയൽ ചെയ്യണമെന്നും പട്ടികജാതി വികസന ആഫീസർ നിർദ്ദേശിച്ചിട്ടുണ്ട്.

**2.9 ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ**

ഇ-സാക്ഷരതാ ഫണ്ട് ഇനത്തിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറിയ വിഹിതം മുഴുവനായും വിനിയോഗിക്കേണ്ടി വന്നിട്ടില്ലാത്തതിനാൽ ആ ഇനത്തിൽ കണ്ണൂർ ജില്ലാ ട്രഷറിയിലെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കിയുള്ള തുകയിൽ നിന്ന് കണ്ണൂർ ജില്ലാ വെബ്പോർട്ടൽ, ഇ-വിദ്യ, ഇന്റർനെറ്റ് പഠനം തുടങ്ങിയ പദ്ധതികൾ നിർവ്വഹിക്കുന്നതിനുള്ള അനുമതിക്കായി കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

ഇ–സാക്ഷരതാ ഫണ്ടിൽ ബാക്കിയുള്ള തുക വെബ് പോർട്ടൽ, ഇ–വിദ്യ, മലയാളം കമ്പ്യൂട്ടിംഗ്, അന്ധർക്കുവേണ്ടിയുള്ള ഇൻസൈറ്റ് ഐ.റ്റി.ട്രെയിനിംഗ് തുടങ്ങിയവയ്ക്ക് ഉപയോഗിക്കാമെന്നും മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ എല്ലാ ജില്ലകൾക്കുംകൂടി ബാധകമാക്കണമെന്നും വിവര സാങ്കേതിക വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

**2.10 ചൂണ്ടൽ ഗ്രാമപഞ്ചായത്ത്**

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായ ശ്രീ.കെ.എസ്. ധർമ്മൻ എന്ന വ്യക്തി, തനിക്ക് വീടുവയ്ക്കുവാൻ ഭൂമി വിലയ്ക്കു വാങ്ങുന്നതിന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ സ്ഥലം നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങിയാൽ വസ്തുവിന്റെ വില സബ്സിഡിയായി അനുവദിക്കുവാൻ നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല. അപേക്ഷകൻ അർഹനായ ഗുണഭോക്താവാണെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ അനുവദിക്കുകയാണെങ്കിൽ സ്ഥലം വിലയ്ക്കു വാങ്ങുവാൻ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2.11 പെരുമ്പാവൂർ മുനിസിപ്പാലിറ്റി**

നിലവിലുള്ള ജീപ്പ് അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിൽ കയറ്റുമ്പോൾ അത്യാവശ്യ സന്ദർഭങ്ങളിൽ പകരം ഉപയോഗിക്കാൻ വാഹനമില്ലാത്തതുകൊണ്ട് ഒരു പുതിയ ജീപ്പ് (Bolero SLX-MDI-TC2WD A/c -7 seat) വാങ്ങുവാൻ (12.00 ലക്ഷം രൂപ) അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

**2.12 ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത്**

രാഷ്ട്രീയ കൃഷി വികാസ് യോജന, സംസ്ഥാന ഹോൾട്ടി കൾച്ചർ മിഷൻ എന്നീ വിഹിതങ്ങൾകൂടി വിനിയോഗിച്ച് നടപ്പാക്കുന്ന "ഹൈടെക്ക് ഇന്നോവേറ്റീവ് അഗ്രിക്കൾച്ചർ" എന്ന പ്രോജക്ടിന്റെ ഭാഗമായി പ്രിസിഷൻ ഫാമിംഗിന് ഫാം ഡിഗർ വാങ്ങുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി നൽകണമെന്ന ആവശ്യം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടകം | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ഗുണ ഭോക്തൃ വിഹിതം | സഹകരണ സ്ഥാപനത്തിന്റെ വിഹിതം | RKVY | ആകെ |
|---|---|---|---|---|---|---|
| പ്രിസിഷൻ ഫാമിംഗ്, ഫാം ഡിഗ്ഗർ വാങ്ങൽ | 2,00,000 | 3,50,000 | | 9,50,000 | 10,00,000 | 25,00,000 |
| പ്രോട്രേ വാങ്ങൽ | 75000 | | 75000 | | | 150000 |
| വാട്ടർ സൊല്യൂബൾ ഫെർട്ടിലേസർ വാങ്ങൽ | 2,05,000 | | 3,05,000 | | | 5,10,000 |
| ഹൈബ്രിഡ് വിത്തുകളുടെ വിതരണം | 1,20,000 | | | | | 1,20,000 |
| **ആകെ** | **6,00,000** | **3,50,000** | **3,80,000** | **9,50,000** | **10,00,000** | **32,80,000** |

ഫാം ഡിഗർ വാങ്ങി പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്കിന് നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**2.13 കോട്ടപ്പാടം ഗ്രാമപഞ്ചായത്ത്**

(i) 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "സ്കൂളുകൾക്ക് കമ്പ്യൂട്ടർ" എന്ന പ്രോജക്ടിന് (തനത്ഫണ്ട്-2,14,500 രൂപ,-ഗുണഭോക്തൃ വിഹിതം-71,500 രൂപ, ആകെ-2,86,000 രൂപ) ജില്ലാ ആസൂത്രണ സമിതി അനുമതി നൽകിയിട്ടില്ല. എയ്ഡഡ് സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകാനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രദേശത്താകെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനാൽ സർക്കാർ അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ii) സമ്പൂർണ ഭവനനിർമ്മാണം എന്ന പ്രോജക്ടിന് ഡി.പി.സി. അനുമതി നൽകിയിട്ടില്ല. 120 കുടുംബങ്ങൾക്ക് 30,000 രൂപ വീതം സബ്സിഡി നൽകുന്നതിന് 36 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പരമാവധി സബ്സിഡി തുകയായ 50,000 രൂപ വകയിരുത്തിയിട്ടില്ല എന്ന കാരണത്താലാണ് ഡി.പി.സി. അനുമതി നൽകാത്തത്. മുൻവർഷങ്ങളിൽ ഇപ്രകാരം കുറവ് സബ്സിഡി തുക വകയിരുത്തി വീടുകളുടെ നിർമ്മാണം തൃപ്തികരമായി പൂർത്തിയാക്കിയിട്ടുണ്ടെന്നും ആയതിനാൽ നടപ്പുവർഷത്തെ പ്രോജക്ടിന് അനുമതി നൽകണമെന്നും ഗ്രാമപഞ്ചായത്ത് ആവശ്യ പ്പെട്ടിട്ടുണ്ട്.

**2.14 വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്**

2008-09 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഫണ്ട് വകയിരുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് അനുമതി.

(1) S.45/08- കമ്മ്യൂണിറ്റി ഹാൾ ഭൗതിക സാഹചര്യം (2.00 ലക്ഷം രൂപ)
(2) S.46/08-പഞ്ചായത്താഫീസ് കെട്ടിടത്തിൽ കൃഷിഭവൻ ഓഫീസ് സജ്ജീകരിക്കൽ (1.00 ലക്ഷം രൂപ)
(3) കംഫർട്ട് സ്റ്റേഷൻ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (1.00 ലക്ഷം രൂപ)

**2.15 കൊയിലാണ്ടി നഗരസഭ**

നഗരസഭയുടെ തനത് ആസ്തികളുടെ മെയിന്റനൻസിനായി 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള 7 പ്രവൃത്തികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതുകാരണം പ്രവർത്തികൾ നടപ്പാക്കി വരികയാണ്.

| നംപർ | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|
| 1 | കളത്തിൽ വേണു സ്മാരക ശിശുമന്ദിരം റിപ്പയർ | 23,000.00 |
| 2 | കൊടക്കാട്ടുമുറി കമ്മ്യൂണിറ്റി ഹാൾ ചുറ്റുമതിൽ | 1,07,000.00 |
| 3 | പുതിയ ബസ് സ്റ്റാന്റ് ഗോവണി, ഗ്രിൽ | 2,93,000.00 |
| 4 | മുനി ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി (സ്പിൽ ഓവർ) | 1,40,019.00 |
| 5 | മാർക്കറ്റ് റിപ്പയർ (സ്പിൽ ഓവർ) | 53,803.00 |
| 6 | മാർക്കറ്റ് ഡ്രെയിൻ കവറിംഗ് സ്ലാബ് (സ്പിൽ ഓവർ) | 25,000.00 |
| 7 | പഴയ ബസ് സ്റ്റാന്റ് രണ്ടാം നിലയിൽ സംരക്ഷണ ഭിത്തി (സ്പിൽ ഓവർ) | 3,51,813.00 |
| | **ആകെ** | **9,93,635.00** |

തനത് ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ലെന്ന നിർദ്ദേശം നിലവിലുള്ളതായി ഇപ്പോഴാണ് അറിയാൻ കഴിഞ്ഞത്.

പ്രസ്തുത പ്രവൃത്തികൾ മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ചുതന്നെ പൂർത്തിയാക്കുന്നതിന് അനുമതി.

**2.16 തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് ഡി.പി.സി. അനുമതി നൽകിയിട്ടില്ല.

(1) S.85/08–ബ്ലോക്ക് ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി, അഴുക്ക്ചാൽ, ഐ.സി.ഡി.എസ്. സ്റ്റോർ മുറി നിർമ്മാണം. (6,75,000 രൂപ)

(2) S.92/08–ബ്ലോക്ക് ഓഫീസ് കെട്ടിടങ്ങളുടേയും ധർമ്മശാലാ പരിശീലന കേന്ദ്രത്തിന്റെയും വയറിംഗ്. (3,59,134 രൂപ)

മരുന്നുകൾ വാങ്ങുന്നതിനും മറ്റ് അത്യാവശ്യ മെയിന്റനൻസിനും പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ മുകളിൽ സൂചിപ്പിച്ച പ്രോജക്ടുകൾക്ക് സർക്കാർ അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.17 മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'S.125/09– ഖാദി കേന്ദ്രങ്ങൾക്ക് തറികൾ നൽകൽ' എന്ന പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അനുമതി നൽകിയിട്ടില്ല. ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന കാരണത്താലാണ് അനുമതി നൽകാത്തത്.

കണ്ണൂർ സർവോദയ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ ഖാദി കേന്ദ്രത്തിൽ നിലവിൽ 45–ഓളം വനിതകൾ ജോലി നോക്കുന്നുണ്ട്. പുതുതായി 23 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

**പ്രോജക്ട് ചെലവ്**

| | | |
|---|---|---|
| 1 | 58" തറികൾ (15 എണ്ണം) (15 X 30,000 രൂപ) | 4,50,000.00 രൂപ |
| 2 | മറ്റ് അനുബന്ധ ഉപകരണങ്ങൾ (15 X 5,000 രൂപ) | 75,000.00 രൂപ |
| | **ആകെ** | **5,25,000 രൂപ** |
| 3 | <u>**പരിശീലന ചെലവ്**</u><br>പ്രതിദിനം 40 രൂപ പ്രകാരം 23 പേർക്ക് 3 മാസത്തെ ഭക്ഷണം (40 X 23 X 75) | 69,000.00 രൂപ |
| 4 | പരിശീലകന്റെ അലവൻസ് (4000 X 3) | 12,000.00 രൂപ |
| | **ആകെ** | **81,000.00 രൂപ** |
| | **ആകെ ചെലവ് (1+2+3+4)** | **6,06,000.00 രൂപ** |

**പ്രോജക്ടിന്റെ വിഭവ സ്രോതസുകൾ**

| | | |
|---|---|---|
| (a) | ഗ്രാമപഞ്ചായത്ത്<br>ഉപകരണം (50%)<br>പരിശീലനം (100%) | <br>2,62,500.00<br>81,000 |
| (b) | ഗുണഭോക്തൃ സ്ഥാപനം | 2,62,500.00 |
| | **ആകെ** | **6,06,000.00** |

**2.18 പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്**

(1) ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥിനികൾക്ക് മേശയും കസേരയും നൽകുന്നതിന് 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എസ്.സി.പി. പ്രോജക്ടിന് (63,000/- രൂപ) ഡി.പി.സി. അനുമതി നൽകി യിട്ടില്ല.

(2) "പട്ടികജാതി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം" എന്ന പ്രോജക്ടിന് (1,72,500 രൂപ) ഡി.പി.സി. അനുമതി നല്കിയിട്ടില്ല. 75 കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

രണ്ടുപ്രോജക്ടുകൾക്കും അംഗീകാരം നൽകണമെന്നതാണ് ആവശ്യം.

**2.19 കരിവെള്ളൂർ ഗ്രാമപഞ്ചായത്ത്**

2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ S.11/08-വിദ്യാഭ്യാസ ഗുണമേന്മ വർദ്ധക പരിപാടി എന്ന പ്രോജക്ടിന് (1.23 ലക്ഷം രൂപ) സർക്കാർ അനുമതി ആവശ്യമാണെന്ന് ഡി.പി.സി. അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രോജക്ട് പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **പ്രദർശനം:** ഈ ഗ്രാമപഞ്ചായത്തിലെ 10 പ്രൈമറി വിദ്യാലയങ്ങളിൽ പഠന പ്രവർത്തനത്തിന്റെ ഫലമായുണ്ടായ ഉല്പന്നങ്ങൾ അദ്ധ്യാപകർ വിലയിരുത്തി, മെച്ചപ്പെ 5 വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പരിശീലനം നല്കി ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ, ശാസ്ത്ര പരീക്ഷണങ്ങൾ എന്നിവ "ലീഡ്" സ്കൂൾ കേന്ദ്രീകരിച്ച് പ്രദർശിപ്പിക്കൽ-അതുവഴി പൊതുജനങ്ങൾ, രക്ഷാകർത്താവ് എന്നിവർക്ക് ഇടപെടാനും സാധിക്കുന്നു.
2. **പഠനയാത്ര:** 10 പ്രൈമറി വിദ്യാലയങ്ങളിലെ 500 വിദ്യാർത്ഥികൾക്ക് യാത്ര ഒരു പഠനപ്രവർത്തനമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, അധിക വിവരങ്ങൾ എന്നിവ നല്കി, കേവലമായ ഒരു വിനോദയാത്ര എന്നതിൽ കവിഞ്ഞ് പ്രകൃതി, ആചാരങ്ങൾ, സമൂഹങ്ങൾ എന്നിവയെ അടുത്തറിയുക എന്ന രീതിയിൽ ഒരു പഠനയാത്രയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.
3. **ലൈബ്രറി പുസ്തകം:** വിദ്യാർത്ഥികളിൽ വായനാശീലം, പ്രമുഖ സാഹിത്യകാരന്മാരെ പരിചയപ്പെടൽ, സർഗാത്മകശേഷി-ഇവ വളർത്തൽ ലക്ഷ്യമിടുന്നു.
4. **ദിനാചരണം:** വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർ കൂട്ടായി; ഈ മേഖലയിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ, കുട്ടികളുടെ ശാരീരിക-മാനസികപ്രശ്നങ്ങൾ പഠിച്ച് പരിഹാരത്തിന് ശ്രമിക്കൽ എന്നിവ ഇത്തരം ദിനങ്ങളിലൂടെ സാധിക്കുന്നു.
5. **പ്രതിഭ പരിശീലനം:** ലീഡ് സ്കൂൾ നിശ്ചയിച്ച്, കുട്ടികളുടേയും വിദ്യാലയങ്ങളുടേയും കൂട്ടായ്മ സംഘടിപ്പിച്ച് വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വികസം, നേതൃത്വഗുണം, പ്രകൃതി നിരീക്ഷണം, വാനനിരീക്ഷണം എന്നിവ വിദഗ്ദ്ധരുടെ സഹായത്തോടെ വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമിടുന്നു.

6. **അദ്ധ്യാപക പരിശീലനം**: 10 പ്രൈമറി വിദ്യാലയങ്ങളിലെ എൽ.പി. വിഭാഗം അദ്ധ്യാപകരുടെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ സംഘടിപ്പിക്കൽ
7. **പ്രിന്റഡ് മാഗസിൻ**: തെരഞ്ഞെടുത്ത കുട്ടികളുടെ സർഗ്ഗാത്മകശേഷി കണ്ടെത്തി വികസിപ്പിക്കുന്നതിന് സൃഷ്ടികൾ സ്വീകരിച്ച് മാഗസിൻ തയ്യാറാക്കൽ.

## 2.20 ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'സുരക്ഷ-ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവർക്ക് പ്രത്യേക പദ്ധതി' ക്ക് അനുമതി നല്കണമെന്നതാണ് ആവശ്യം.

2008-09 മുതൽ 2012-13 വരെ അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കുന്ന ഒരു ബഹുവർഷപ്രോജക്ടാണ്. 926.86 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ തുക. ബാങ്ക് വായ്പ, വികലാംഗ ക്ഷേമ കോർപ്പറേഷൻ, എൻ.ആർ.എച്ച്.എം., വിദ്യാഭ്യാസ വകുപ്പ്, ത്രിതല പഞ്ചായത്തുകള് എന്നിങ്ങനെ വിവിധ സ്രോതസു കളിലെ വിഹിതം സമന്വയിപ്പിച്ചാണ് പ്രോജക്ട് നടപ്പാക്കുന്നത്.

**പ്രോജക്ട് പ്രവർത്തനങ്ങൾ**

(i) സുരക്ഷാ പദ്ധതി പ്രവർത്തനം 5 വർഷം പിന്നിടുമ്പോൾ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ 7 ഗ്രാമ പഞ്ചായത്തുകളിലെയും ശിശുക്കൾ, വൃദ്ധർ, വികലാംഗർ, പാലിയേറ്റീവ് കെയർ ആവശ്യമുള്ള മുഴുവൻ കുടുംബങ്ങൾ എന്നിവരെ കണ്ടെത്തുന്നതിനും അപ്രാപ്തി എന്തൊക്കെ യെന്നും അപ്രാപ്തി ഉള്ളവരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ച് സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിനും മുഖ്യധാര ജീവിതത്തി ലേക്ക് അവരെക്കൂടി സഹകരിപ്പിച്ച് തുല്യ അവസരങ്ങൾ ലഭിക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുന്നു.

(ii) ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക് ആസ്ഥാനത്തോ, ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്തോ 20 സെന്റ് സ്ഥലം ലഭ്യമാകുന്നിടത്ത് സ്ഥിരമായി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യ ങ്ങളോടുംകൂടി ഒരു "ശൈശവ വൈകല്യ ലഘൂകരണ കേന്ദ്രം" സ്ഥാപിക്കു ന്നതുവഴി പ്രസ്തുത കേന്ദ്രത്തിലൂടെ ഗർഭാവസ്ഥയിലുള്ള ശിശുക്കൾ മുതൽ ജനിച്ചുവീഴുന്ന ഓരോ കുഞ്ഞിനും വൈകല്യ സാധ്യതകൾ ഉണ്ടോയെന്ന് നേരത്തെ തന്നെ കണ്ടു പിടിച്ച് സർജിക്കൽ കറക്ഷൻസ് ഉൾപ്പെടെ ആവശ്യമായ ക്രമീകരണങ്ങളിലൂടെ വൈകല്യം ലഘൂകരിക്കുന്നതിനുള്ള സമഗ്രമായ പരിപാടികളിലൂടെ ബ്ലോക്ക് പ്രദേശത്ത് ഭാവിയിൽ ഉണ്ടായേക്കാവുന്ന വൈകല്യം പരമാവധി ലഘൂകരിക്കാൻ സാധിക്കും.

(iii) മാനസിക വൈകല്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ കാരണം ഇതനുഭവിക്കുന്ന രക്ഷിതാക്കൾക്കും പലപ്പോഴും സാമൂഹ്യമായ ഇടപെടലുകൾക്ക് കഴിയാതെയും തൊഴിൽ ചെയ്യാൻ പറ്റാതെയും ദാരിദ്ര്യത്തിന്റെയും മറ്റ് ബുദ്ധിമുട്ടുകളുടേയും

പ്രയാസങ്ങൾകൊണ്ട് നട്ടംതിരിയുമ്പോൾ പഞ്ചായത്ത് തലങ്ങളിൽ ബഡ്സ് മാതൃകയിൽ രൂപീകരിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലൂടെ ഇത്തരം കുട്ടികൾക്ക് വിദ്യാഭ്യാസവും ചികിത്സയും പരിചരണവും നൽകാൻ സാധിക്കുന്നു. അതുവഴി രക്ഷിതാക്കൾക്ക് പകൽമുഴുവനും കുട്ടികൾക്ക് കൂട്ടിരിക്കേണ്ട അവസ്ഥ ഒഴിവാക്കാനും തൊഴിലിനും സാമൂഹ്യ ഇടപെടലുകൾക്കും അവസരം ലഭ്യമാകുന്നു. സ്കൂളിന്റെ പ്രവർത്തനം പൂർണ്ണമാകുന്നതോടെ വിദ്യാഭ്യാസ വകുപ്പിൽ സ്പെഷ്യൽ സ്കൂൾ വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത് മറ്റ് ആവർത്തന ചെലവുകൾ കണ്ടെത്താൻ സാധിക്കുന്നതുവഴി പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഇല്ലാതെ ഈ വിധം കുട്ടികളെ പുനരധിവസിപ്പിക്കുവാൻ സാധിക്കുന്നു. കൂടാതെ രക്ഷിതാക്കൾക്ക് നൽകുന്ന പ്രത്യേക പരിശീലനത്തിലൂടെ കുട്ടികളുടെ ദിനചര്യകൾ സ്വയം നിവർത്തിക്കുന്ന രീതിയിൽ എത്തിക്കുവാനും സമൂഹത്തിലേക്ക് ഇവരെ മാറ്റുന്നതിനും സാധിക്കുന്നു.

(iv) ചലനശേഷി തീരെ ഇല്ലാത്ത, വീടിന് പുറത്തിറങ്ങാൻ കഴിയാത്ത കുട്ടികൾക്കായി പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരേയും ചികിത്സയും പരിചരണവും ഹോം സ്കൂൾ പദ്ധതിയിലൂടെ എത്തിക്കുക വഴി വൈകല്യത്തിന്റെ തീവ്രത അനുഭവിക്കുന്ന മുക്കിലും മൂലയിലുമുള്ള ഓരോ വീട്ടിലും കടന്നുചെന്ന് സാമൂഹ്യാധിഷ്ടിത പുനരധിവാസ പ്രവർത്തനങ്ങൾ നടത്താനും സാധിക്കുന്നു.

(v) രക്ഷിതാക്കളുടെ സംഘടനകൾക്ക് രൂപം നൽകി അവർക്കും കുട്ടികൾക്കും ആവശ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകി ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതി (SGSY) കളിലെ സബ്സിഡി തുക ഉപയോഗിച്ച് തൊഴിൽ സംരംഭങ്ങൾക്ക് രൂപം നൽകി ഇവരുടെ ഉല്പന്നങ്ങൾക്ക് വികലാംഗക്ഷേമ കോർപ്പറേഷന്റെയും കുടുംബശ്രീ യുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിപണി കണ്ടെത്തി വരുമാനവർദ്ധനവിലൂടെ ഈ കുടുംബങ്ങളെ സ്വയം പര്യാപ്തതയിലെത്തിക്കാവുന്നതാണ്.

(vi) വർഷങ്ങളായി വീടുകളിൽ സ്ഥിരം രോഗികളായി കിടപ്പിലായ കുടുംബങ്ങളും കാൻസർപോലുള്ള മാരകരോഗങ്ങൾ വന്ന് കിടപ്പിലായവരും വൈകല്യങ്ങളുടെ തീവ്രതയാൽ ആരാരും നോക്കാൻ ഇല്ലാതെയും, ഉണ്ടെങ്കിൽ തന്നെയും എല്ലാതരത്തിലും കഷ്ടപ്പെടുന്ന കുടുംബങ്ങളെ ഓരോ പഞ്ചായത്തിലും കണ്ടെത്തി, അവർക്കാവശ്യമായ ഭക്ഷണം, മരുന്ന്, ചികിത്സ, പരിചരണം നൽകുന്നതുവഴി ഇത്തരം കുടുംബങ്ങൾക്ക് **ഹോം കെയർ** പ്രവർത്തനങ്ങളിലൂടെ ആശ്വാസം പകരാൻ സാധിക്കുന്നു. ഇത്തരം ആൾക്കാരുടെ സ്ഥായിയായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുതന്നെ കുടുംബശ്രീ സംവിധാനത്തിലൂടെയും, ആശ്രയ പദ്ധതികളിലൂടെയും, പൊതുജനങ്ങളുടെയും,

സ്ഥാപനങ്ങളുടെയും സംഭാവനകളും മറ്റും സ്വരൂപിച്ച് ഈ പ്രവർത്തനം തുടരേണ്ടതാണ്.

(vii) 5 വർഷത്തെ പ്രവർത്തനത്തിലൂടെ പദ്ധതിയ്ക്കാവശ്യമായ സാമ്പത്തികവും, പങ്കാളിത്തവും നൽകി സഹകരിക്കുന്ന സ്ഥാപനങ്ങളുടെ സഹായങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ആവശ്യാനുസരണം പദ്ധതി തുടർന്ന് നടത്താവുന്ന താണ്.

**2.21 ഔഷധി**

കേരളത്തിലെ സർക്കാർ ആയുർവ്വേദ ആശുപത്രികൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ആവശ്യമുള്ള ആയുർവ്വേദ ഔഷധങ്ങൾ മിതമായ നിരക്കിൽ ഗുണനിലവാരം കാത്തുസൂക്ഷിച്ച് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഔഷധി. കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഔഷധിക്ക് GMP, ISO 9001–2000 സർട്ടിഫി ക്കറ്റുകൾ ലഭിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മരുന്നുവിതരണത്തിന് ഔഷധിക്കുപുറമെ തൃശ്ശൂരിലെ അഞ്ചേരിയിലുള്ള ആയൂർധാര, കണ്ണൂരിലെ ആരോഗ്യഫാർമ, കൊല്ലത്തെ ഭേഷജം എന്നീ സഹകരണ സ്ഥാപനങ്ങൾക്കും അനുവാദം കൊടുത്തിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ ഔഷധി പ്രദർശിപ്പിക്കുന്ന പ്രതിബദ്ധത ഔഷധ നിർമ്മാണ രംഗത്ത് കാണിക്കുന്നുണ്ടോയെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. സംസ്ഥാനത്തെ ആയൂർവ്വേദ ഔഷധ നിർമ്മാണരംഗത്ത് അഴിമതി ഉൾപ്പെടെ തെറ്റായ പ്രവണതകൾ ചില സഹകരണസ്ഥാപനങ്ങൾമൂലം ഉടലെടുക്കാൻ സാധ്യതയുണ്ട്.

കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന "ആരോഗ്യഫാർമക്ക്" തദ്ദേശസ്വയം ഭരണവകുപ്പ് കൊടുത്തിരിക്കുന്ന ഉത്തരവിൽ "ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഗുണനിലവാരം ഉറപ്പുവരുത്തിയ മരുന്നുകൾ" വിതരണം ചെയ്യാനാണ് അനുമതി കൊടുത്തിട്ടുള്ളത്. ഇതേ സ്ഥാപനത്തിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് നൽകിയ ഉത്തരവിൽ ഔഷധിക്ക് ഉല്പാദിപ്പിക്കാനാവാത്ത ഔഷധങ്ങൾ നിബന്ധനകൾക്ക് അടിസ്ഥാനത്തിൽ വിതരണം ചെയ്യാനാണ് അനുമതി. ഇതേ ഉത്തരവിൽ ആരോഗ്യഫാർമയുടെ ഔഷധങ്ങളുടെ വില കാലാകാലങ്ങളിൽ ഔഷധി തന്നെ നിശ്ചയിക്കേണ്ട താണെന്നും, ഔഷധി ഇതേ ഔഷധങ്ങൾ സ്വന്തമായി ഉല്പാദിച്ചിരുന്ന മുറയ്ക്ക് വിതരണം ഔഷധി തന്നെ നടത്തണമെന്നും പറഞ്ഞിട്ടുണ്ട്. ആരോഗ്യഫാർമയുടെ പ്രസിഡന്റ് നടത്തിയ സത്യപ്രസ്താവനയിൽ ഔഷധി നിശ്ചയിക്കുന്ന വിലയ്ക്കും ഡ്രഗ്സ് കൺട്രോളർ നിഷ്ക്കർഷിക്കുന്ന ഗുണനിലവാരത്തിലും മരുന്ന് വിതരണം നടത്താമെന്നും സമ്മതിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ നിബന്ധനകൾ ആരോഗ്യഫാർമ പാലിച്ചിട്ടുള്ളതായി രേഖാമൂലം ഒരറിയിപ്പും ഔഷധിക്ക് കിട്ടിയിട്ടില്ല.

ഔഷധിക്ക് ലഭിക്കേണ്ട ഓർഡറുകൾ, ശരിയായ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തിയിട്ടില്ലാത്ത ആരോഗ്യഫാർമ പോലുള്ള സഹകരണ സംഘങ്ങൾക്ക് നൽകാൻ അനുവദിച്ചാൽ ഔഷധിയിൽ വൻതുക ചെലവഴിച്ച് പ്രവർത്തിക്കുന്ന നിർമ്മാണ സാമഗ്രികൾക്ക് വേണ്ടത്ര ഉപയോഗം ഉണ്ടാവാതെ വരും. ഇവിടെ ജോലി ചെയ്യുന്ന 500–ലധികം ജീവനക്കാരെയും ഇത് പ്രതികൂലമായി ബാധിക്കും. എല്ലാ വർഷവും സർക്കാരിന് ഡിവിഡന്റ് കൊടുക്കുന്ന സ്ഥാപനമാണ് ഔഷധി.

ഈ സാഹചര്യങ്ങൾ പരിശോധിച്ച് കണ്ണൂരിലെ ആരോഗ്യഫാർമ പോലുള്ള സഹകരണ സംഘങ്ങൾക്ക് ആയുർവ്വേദ ഔഷധങ്ങൾ വിതരണം ചെയ്യാനുള്ള അനുമതി പിൻവലിക്കണമെന്ന് ഔഷധി അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആയൂർവ്വേദ ഔഷധ നിർമ്മാണ വിതരണം പൂർണ്ണമായി ഔഷധിക്ക് നടത്താനാവുമെന്നതിനാൽ ഭാവിയിൽ സഹകരണ മേഖലയിൽനിന്നോ സ്വകാര്യ മേഖലയിൽനിന്നോ സർക്കാർ ആയുർവ്വേദ ഔഷധ വിതരണത്തിനായി വരുന്ന അപേക്ഷകൾ പരിഗണിക്കരുത് എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## 2.22 ഏലൂർ ഗ്രാമപഞ്ചായത്ത്

(i) 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ "സാന്ത്വന പെയിൻ ആന്റ് പാലിയേറ്റീവ് പരിചരണ" പദ്ധതിക്ക് (വികസന ഫണ്ട് 1.00 ലക്ഷം രൂപ) അനുമതി. പക്ഷാഘാതം, നട്ടെല്ലിന് ക്ഷതം, വൃക്കരോഗങ്ങൾ, മാനസിക രോഗങ്ങൾ, ക്യാൻസർ, എയ്ഡ്സ്, ഹൃദയ–ശ്വാസകോശ രോഗങ്ങൾ, വാർദ്ധക്യസഹജമായ രോഗങ്ങൾ തുടങ്ങിയവ കാരണം ദുരിതമനുഭവിക്കുന്നവർക്ക് പാലിയേറ്റീവ് ക്ലീനിക്കിൽവച്ചും വീട്ടിൽവച്ചും പരിചരണം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്.

**പ്രോജക്ട് ചെലവ്**

| | |
|---|---|
| സന്നദ്ധ പ്രവർത്തകരുടെ പരിശീലനം 100 വോളന്റിയർമാർക്ക് 16 മണിക്കൂർ (4 മണിക്കൂർ വീതം 4 ദിവസം) ഒരു ആൾക്ക് 25 രൂപ ഒരു ദിവസം എന്ന ക്രമത്തിൽ 100x4xRs.25 (പരിശീലകനുള്ള യാത്ര ബത്ത ഉൾപ്പെടെ) | 10,000.00 രൂപ |
| ആഴ്ചയിലൊരിക്കൽ നഴ്സസ് ഹോം കെയറിനുള്ള ചെലവ് (ജൂൺ 2008 മുതൽ മാർച്ച് 2009 വരെ 49 ആഴ്ച Rs.300 ക്രമത്തിൽ 49x Rs.30) | 14,700.00 രൂപ |
| പാലിയേറ്റീവ് പരിചരണത്തിൽ പരിശീലനം ലഭിച്ച ഡോക്ടറുടെ മാസ വേതനം | 7,000.00 രൂപ |
| വാഹനചെലവ്, ഡ്രൈവറുടെ വേതനം | 5,000.00 രൂപ |
| ഭക്ഷണചെലവ് (ഹോം കെയർ ടീമിന്) | 6,000.00 രൂപ |
| വാട്ടർ ബെഡ്, വീൽ ചെയർ മുതലായവ | 20,000.00 രൂപ |
| ഹോം കെയർ കിറ്റ് | 7,000.00 രൂപ |
| മരുന്നുകൾ | 50,000.00 രൂപ |
| ഡോക്യുമെന്റേഷൻ, അഡ്മിനിസ്ട്രേഷൻ (ചാർട്ട്, റിപ്പോർട്ട് എന്നിവ തയ്യാറാക്കൽ, പ്രിന്റിംഗ്, കത്തിടപാടുകൾ, ഫോൺ ചെലവ് മുതലായവ) | 5,000.00 രൂപ |
| **ആകെ** | **1,24,700.00 രൂപ** |

(ii) ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള രണ്ട് സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കമ്പ്യൂട്ടർ അദ്ധ്യാപകരുടെ അഭാവം കാരണം വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകാൻ കഴിയുന്നില്ല. ആയതിനാൽ രണ്ട് സ്കൂളുകളിലും താല്ക്കാലികമായി കമ്പ്യൂട്ടർ അദ്ധ്യാപകരെ നിയമിക്കുന്നതിനും അവർക്ക് പ്രതിമാസം 1500 രൂപ വീതം വേതനം അനുവദിക്കുന്നതിനും അനുമതി നൽകണമെന്ന ആവശ്യം.

**2.23 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

പുല്ലൂർ–പെരിയ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച ഗവൺമെന്റ് ഐ.ടി.ഐ. പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ വിട്ടുകൊടുത്തിട്ടുണ്ട്. കെട്ടിടത്തിൽ ത്രീഫേസ് വൈദ്യുതി കണക്ഷനും ഫർണിച്ചറും ആവശ്യമുണ്ട്. പ്രസ്തുത ആവശ്യത്തിലേക്ക് ജില്ലാ പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വിനിയോഗിക്കുവാൻ അനുമതി.

**2.24 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

(i) പരിഹാര വകയിരുത്തൽ നടത്തിയതിനുശേഷം പൊതു വിഭാഗം പശ്ചാത്തല മേഖലയിൽ 20 ലക്ഷം രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. അതുകാരണം സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുവാൻ മതിയായ തുക നടപ്പുവർഷം വകയിരുത്താൻ കഴിയുന്നില്ല. ആയതിനാൽ സ്പിൽഓവർ പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടുകളായി പൂർത്തീകരിക്കുന്നതിന് അനുമതി.

(ii) മെയിന്റനൻസ് ഫണ്ട് വിഭാഗത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് മുൻവർഷങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അംഗീകാരം ആവശ്യമില്ലാതിരുന്നതിനാൽ പ്രൊഫോർമ പൂരിപ്പിച്ച് ഡാറ്റാ എൻട്രി ചെയ്ത് വിവരവ്യൂഹത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത പ്രോജക്ടുകളുടെ പെയ്മെന്റ് നൽകുന്നതിനായി ഒരു പുതിയ പ്രോജക്ട് നടപ്പുവർഷം നിർദ്ദേശിച്ചുവെങ്കിലും സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് തർക്ക പ്രോജക്ടുകളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പുതിയ പ്രോജക്ട് എന്ന നിലയിൽ തന്നെ തുക വിനിയോഗിക്കുന്നതിന് അനുമതി.

**2.25 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ മെയിന്റനൻസിന് ആവശ്യമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 14 ലക്ഷം രൂപ 4 അംഗൻവാടി കെട്ടിടങ്ങളുടെ മെയിന്റനൻസിനാണ് നീക്കിവെച്ചിട്ടുള്ളത്. അംഗൻവാടികൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണ ത്തിലുള്ള സ്ഥാപനമല്ലാത്തതിനാൽ പ്രോജക്ടുകൾക്ക് പ്രത്യേക അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.26 തൃക്കടവൂർ ഗ്രാമപഞ്ചായത്ത്**

ശിവോദയം ഐ.എച്ച്.എസി.ഡി.പി. കോളനിയിലെ 10 വീടുകൾ പുനരുദ്ധരിക്കുന്നതിന് 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് (3,06,119 രൂപ) അനുമതി.

നിലവിലുള്ള മാനദണ്ഡപ്രകാരം 15,000 രൂപ മാത്രമേ പുനരുദ്ധാരണത്തിന് അനുവദിക്കാൻ കഴിയുകയുള്ളൂ. 15,000 രൂപ കൊണ്ട് പ്രസ്തുത കോളനിയിലെ വീടുകളുടെ പുനരുദ്ധാരണം നടത്താൻ കഴിയുകയില്ല. വീടുകളുടെ ശോച്യാവസ്ഥ കണക്കിലെടുത്താണ് ഒരു പ്രവൃത്തി എന്ന രീതിയിൽ പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുത്തത്. അതിനാൽ പ്രത്യേക അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.27 അയ്മനം ഗ്രാമപഞ്ചായത്ത്**

കുടിവെള്ള സ്കീമുകളുടെ അറ്റകുറ്റപ്പണി, ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം, മത്സ്യ മാർക്കറ്റ് പൂർത്തീകരണം എന്നീ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് ഡി.പി.സി. അനുമതി നൽകാത്തതിനാൽ സർക്കാർ അനുമതി നൽകണമെന്ന ആവശ്യം

**2.28 വളാഞ്ചേരി ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ ചുവടെ ചുവടെ ചേർത്തിട്ടുള്ള രണ്ട് പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി.

(1) സംയുക്ത ഭവന പദ്ധതി

(2) ദുർബല വിഭാഗം വീടിന്റെ ഗുണമേന്മ വർദ്ധനവ്.

രണ്ട് പ്രോജകടുകളും 2007–08 വാർഷിക പദ്ധതിയിൽ നിർവഹണം ആരംഭിച്ചതാണ്. പൂർത്തിയാക്കാൻ തനത് ഫണ്ട് വകയിരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**2.29 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്.**

(1) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വേണ്ടി കഴിഞ്ഞ 12 വർഷമായി സ്പെഷ്യൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു. വാഹനത്തിലാണ് കുട്ടികളെ സ്കൂളിൽ ദിവസവും എത്തിക്കുന്നത്. രാവിലെ ചായ, ഉച്ചയ്ക്ക് ഭക്ഷണം, ആഴ്ചയിൽ ഒരു ദിവസം പാൽ, മുട്ട എന്നിവ നൽകി വരുന്നു. പരിശീലനം സിദ്ധിച്ച അധ്യാപകരെയും ഒരു ഹെൽപ്പറെയും നിയമിച്ചിട്ടുണ്ട്. ചെലവുകൾ പൂർണ്ണമായും തനത് ഫണ്ടിൽ നിന്നാണ് വഹിച്ചു വരുന്നത്. ഇപ്രകാരം തുക വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് ഓഡിറ്റ് വിഭാഗം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ സ്കൂൾ തുടർന്നും നടത്തുന്നതിന് സർക്കാർ അംഗീകാരം നൽകണമെന്ന ആവശ്യം.

(2) ആകെ മൂന്ന് പകൽ വീടുകൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടെണ്ണം പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ഒന്ന് പൊതു വിഭാഗത്തിനും മറ്റൊന്ന് പട്ടികജാതി– പട്ടികവർഗ വിഭാഗത്തിനും. കോളനികൾ കേന്ദ്രീകരിച്ചാണ് അവ നടത്തുന്നത്. രാവിലെ ചായ, ഉച്ചയ്ക്ക് ഭക്ഷണം എന്നിവ നൽകുന്നു. വീടുകളിൽ വിശ്രമിക്കുന്നതിന് സൗകര്യമല്ലാത്ത

തിനാലാണ് തനത്ഫണ്ട് വിനിയോഗിച്ച് പകൽവീട് പ്രവർത്തിപ്പിച്ചു വരുന്നത്. പ്രോജക്ട് തുടർന്നും നടപ്പാക്കുന്നതിന് അനുമതി.

**2.30 കാളികാവ് ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ കാർഷിക വിജ്ഞാന കേന്ദ്രം എന്ന പ്രോജ്ടിന് (80,000 രൂപ) ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടില്ല.

കർഷകർക്ക് നൃൂതന കൃഷി രീതികളെക്കുറിച്ച് അറിവ് നേടാനും പുതിയ സാങ്കേതിക വിദ്യകൾ നേരിൽ കണ്ട് മനസിലാക്കാനുമായി കൃഷി ഭവനോട് ചേർന്ന് കൃഷി വിജ്ഞാന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. എൽ.സി.ഡി. പ്രോജക്ടർ, പ്രിന്റർ, യു.പി.എസ്, സ്കാനർ, ലൈബ്രറിക്ക് അലമാരകൾ, പുസ്തകങ്ങൾ, ഡിസ്പ്ലെ ബോർഡ്, സി.ഡി.കൾ എന്നിവയാണ് വിവിധ ചെലവിനങ്ങൾ.

**2.31 മൈലപ്ര ഗ്രാമപഞ്ചായത്ത്**

റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് തെരുവു വിളക്കുകളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുവാൻ നിർദ്ദേശിച്ച പ്രോജക്ടിന് (1,75,000 രൂപ) ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടില്ല. പത്തനംതിട്ടയിൽ നിന്നും ശബരിമലയ്ക്ക് തീർത്ഥാടകർ പോകുന്ന റോഡ് ഈ ഗ്രാമപഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്. തനതു വരുമാനം കുറവായതിനാലാണ് ഇപ്രകാരം പ്രോജക്ട് ഉൾപ്പെടുത്തിയത്. പ്രോജക്ടിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടുണ്ട്.

**2.32 കൊടുമൺ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതയിൽ പൊതുവിഭാഗത്തിലും പ്രത്യേക ഘടക പദ്ധതിയിലും ഉൾപ്പെടുത്തിയ സമഗ്ര വിദ്യാഭ്യാസ പ്രോജക്ടുകൾക്ക് (യഥാക്രമം 2.20 ലക്ഷം രൂപ, 3.75 ലക്ഷം രൂപ) ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടില്ല. മുൻവർഷങ്ങളിൽ നടപ്പാക്കി വരുന്നതിന്റെ തുടർ പദ്ധതികളാണ് ഇവ.

ബോധവർക്കരണം, പരിശീലനം, തുടർപ്രവർത്തനങ്ങൾ എന്നിവയാണ് പ്രോജക്ട് പ്രവർത്തനങ്ങൾ. എയ്ഡഡ് സ്കൂളുകളിൽ ഉൾപ്പെടെയാണ് പ്രോജകട് നടപ്പാക്കുന്നത്.

**2.33 അയർക്കുന്നം ഗ്രാമപഞ്ചായത്ത്**

ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിട്ടില്ല.

(1) S–121/08– ബസ് സ്റ്റാൻഡ് ടാറിംഗ് – മെയിന്റനൻസ് ഫണ്ട് 2,30,500
(2) S–77/09 പഞ്ചായത്ത് ഓഡിറ്റോറിയം അറ്റകുറ്റപ്പണി – മെയിന്റനൻസ് ഫണ്ട്– 4,05,134 രൂപ
(3) S–31/09 – മെഡിക്കൽ ക്യാമ്പ് – വികസന ഫണ്ട് – 25,000 രൂപ
(4) S–40/09 – പുറമ്പോക്ക് നിവാസികളുടെ പുനരുദ്ധാരണം

പുറമ്പോക്കുകളിൽ താമസിച്ചിരുന്ന 35 കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇനിയും 5 കുടംബങ്ങളെ മാറ്റി പാർപ്പിക്കാൻ അവശേഷിക്കുന്നുണ്ട്. വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് കഴിഞ്ഞ വർഷം കെട്ടിടത്തിന്റെ തറയും മേൽക്കൂരയും 2.50 ലക്ഷം രൂപ ഉപയോഗിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ തികച്ചും നിർദ്ധനരാണ്. വാസയോഗ്യമായ വീട് നിർമ്മിച്ചെങ്കിൽ മാത്രമേ അവരെ മാറ്റി പാർപ്പിക്കാൻ കഴിയുകയുള്ളൂ. 50,000 രൂപ സബ്സിഡി എന്ന മാനദണ്ഡം ഒഴിവാക്കി വീട് പണിയുന്നതിന് ആവശ്യമായ തുക (1.50 ലക്ഷം രൂപ) ചെലവഴിക്കുന്നതിനാണ് അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്.

**2.34 കോട്ടയം ജില്ലാ പഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുളള രണ്ട് പ്രോജക്ടുകൾക്ക് അനുമതി.

(1) കോട്ടയത്തിന് ഒരു എയർ സ്ട്രിപ്പ്– (10.00 ലക്ഷം രൂപ) കിറ്റ്കോ മുഖേന സാധ്യതാപഠനം നടത്തുന്നതിനാണ് തുക വകയിരുത്തിയിട്ടുളളത്.

(2) തലയോലപ്പറമ്പ് എ.ജെ.ജോൺ മെമ്മോറിയൽ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് ബസ് വാങ്ങൽ – 10.00 ലക്ഷം രൂപ.

**2.35 മാർഗദീപ്തി ചാരിറ്റബിൾ ട്രസ്റ്റ്, ചിറ്റൂർ, പാലക്കാട്**

പാലക്കാട് ജില്ലയെ മനോരോഗ വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2007 ജനുവരിയിൽ ആരംഭിച്ച് ജില്ലയിലെ 91 ഗ്രാമപഞ്ചായത്തുകളിലും 4 നഗരസഭ കളിലും മാർഗ്ഗദീപ്തി ചാരിറ്റബിൾ ട്രസ്റ്റ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യമനോരോഗ ചികിത്സാപദ്ധതി. സൗജന്യ മനോരോഗ ചികിത്സയുടെ ഭാഗ മായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും നടക്കുന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്ന രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ ഫണ്ട് ഉപയോഗിച്ചുവാങ്ങി രോഗികൾക്ക് നേരിട്ടോ മാർഗ്ഗദീപ്തി ട്രസ്റ്റ് മുഖേനയോ വിതരണം ചെയ്യുന്നതിന് അനുകൂലമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് മാർഗ്ഗദീപ്തി ചാരിറ്റബിൾ ട്രസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

**സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട്:–**

പാലക്കാട് ജില്ലയെ രണ്ടുഭാഗമായി തിരിച്ച് മനോരോഗവിദഗ്ദ്ധനായ ഡോ. ശിവതാണുപിളളയുടെ നേതൃത്വത്തിൽ ഒരു ടീമും മനോരോഗ വിദഗ്ദ്ധയായ ഡോ. ബിന്ദുമേനോന്റെ നേതൃത്വത്തിൽ ഒരു ടീമും ട്രസ്റ്റിന്റെ സ്വന്തം വാഹനത്തിൽ മരുന്നുകളുമായി ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും മാസത്തിൽ ഒരുതവണ സന്ദർശിച്ച് പാവപ്പെട്ട മനോരോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന പദ്ധതിയാണിത്. ട്രസ്റ്റിന്റെ ഇപ്പോഴത്തെ കണക്കനുസരിച്ച് 2549 രോഗികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഏതാണ്ട് 1824 മനോരോഗികൾ ചികിത്സയ്ക്കായി ആഗസ്റ്റ്മാസം ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ട്. ഓരോ രോഗിയു ടേയും കേസ്സ് ഷീറ്റ് പഞ്ചായത്ത് തിരിച്ച് ട്രസ്റ്റിന്റെ ആഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ക്യാമ്പ് നടത്തുന്ന തീയതി ഏതാണെന്ന് തൊട്ടു മുമ്പിലുള്ള മാസത്തിലെ ക്യാമ്പിൽത്തന്നെ അറിയിക്കുകയും അതനുസരിച്ച് ക്യാമ്പ് നടത്തുകയുമാണ് ചെയ്യുന്നത്. കൂടാതെ ക്യാമ്പിന്റെ അറിയിപ്പ് ദിനപ്പത്രങ്ങൾ മുഖേനയും നൽകാറുണ്ട്. ഒരു ആഴ്ചയിൽ 5 ദിവസമാണ് ക്യാമ്പ് നടത്താറ്. ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പ് നടത്താൻ സാധിക്കാതെ വന്നാൽ ക്യാമ്പ് ആ ആഴ്ചയിലെ ശനിയാഴ്ച നടത്താറുണ്ട്. ഇതിനുപുറമെ രോഗശമനം വന്ന മനോരോഗികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പട്ടാമ്പിക്കടുത്ത് ഓങ്ങല്ലൂരിൽ ഒരു മുഴുവൻ സമയ പുനരധിവാസ കേന്ദ്രവും ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. വിശ്രമത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങ ളേർപ്പെടുത്തിയും അനുയോജ്യമായ ചെറിയ തൊഴിലുകൾ ചെയ്യിച്ചും അവരുടെ മനോനില സാധാരണനിലയിലാക്കുകയാണ് ലക്ഷ്യം. ഇവിടെ ഡോക്ടറുടെ സേവനം, താമസം, എല്ലാനേരത്തും ഭക്ഷണം തുടങ്ങിയവയടക്കം ഒരു രോഗിയിൽ നിന്നും പ്രതിമാസം 4000/- രൂപ മുതൽ 10000/- രൂപവരെ ഈടാക്കുന്നുണ്ട്.

അടുത്ത 10 വർഷംകൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന നിരവധി പദ്ധതികൾക്ക് ട്രസ്റ്റ് രൂപം നൽകിയിട്ടുണ്ട്. മുൻഗണനാക്രമമനുസരിച്ച് ചില പദ്ധതികൾ താഴെ ചേർക്കുന്നു.

2008 മനോരോഗികൾക്ക് മാത്രമായി അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ചികിത്സാകേന്ദ്രം

2009 അതിവിശാലമായ ഒരു പുനരധിവാസകേന്ദ്രം-പൂർണമായും സൗജന്യം, മിതമായ നിരക്കിലുള്ളത്, ഉയർന്നനിരക്കിലുള്ളത് എന്നിങ്ങനെ മൂന്ന് തലങ്ങൾ ഇതിനുണ്ടായിരിക്കും.

2010 പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പ്രാദേശിക പുനരധിവാസ കേന്ദ്രങ്ങളും പകൽ ശുശ്രൂഷാകേന്ദ്രങ്ങളും.

സമൂഹത്തിന്റെ വിവിധ നിലകളിൽ ഉള്ള നിരവധി റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരും മറ്റുസന്നദ്ധ പ്രവർത്തകരുമാണ് ഈ ട്രസ്റ്റിന്റെ ഇപ്പോഴത്തെ ട്രസ്റ്റികൾ. ശ്രീ. ജയപാലമേനോനാണ് ഇപ്പോഴത്തെ മാനേജിംഗ് ട്രസ്റ്റി. ശ്രീ. ജയപാലമേനോന്റെ മക്കൾ ബാംഗ്ലൂരിൽ ബിസിനസ്സുകാരാണ്. ഇവരും ചില സന്നദ്ധ പ്രവർത്തകരും നൽകുന്ന സഹായംകൊണ്ടാണ് ഈ ചാരിറ്റബിൾ ട്രസ്റ്റ് ഇപ്പോൾ പാവപ്പെട്ട മനോരോഗികൾക്ക് മാസംതോറും ചികിത്സ നൽകുന്നത് എന്ന കാര്യം ശ്രീ. ജയപാലമേനോൻ അറിയിച്ചു. ഒരു രോഗിയുടെ ഒരു മാസത്തെ ചികിത്സയ്ക്കായി മരുന്നിനുമാത്രം 500/- രൂപയോളം ചെലവുണ്ടെന്നും ഈ മരുന്നുകൾ ഇപ്പോൾ സൗജന്യമായാണ് രോഗികൾക്ക് നൽകുന്നതെന്നും ഈ ട്രസ്റ്റിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതാത് സ്ഥാപനത്തിലെ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് നൽകുകയോ മരുന്ന് വാങ്ങി രോഗികൾക്ക് നൽകുകയോ ചെയ്യണമെന്നതാണ്

ട്രസ്റ്റിന്റെ ആവശ്യം. ഇതിനുസാധിക്കില്ലെങ്കിൽ മരുന്ന് വാങ്ങി ട്രസ്റ്റിനെ ഏല്പിച്ചാൽ മതിയാകുമെന്നും വെളിപ്പെടുത്തി.

ഇപ്പോൾ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റിന്റെ 10% തുക മരുന്നുവാങ്ങി പി.എച്ച്.സി. വഴി നൽകാമെന്ന ഉത്തരവ് നിലവിലുണ്ട്. ഇപ്രകാരം പി.എച്ച്.സി. വഴി വിനിയോഗിക്കുന്ന തുകയിൽ ഉൾപ്പെടുത്തിയോ, തനത് ഫണ്ട് ഉപയോഗിച്ചോ മാർഗ്ഗ ദീപ്തി ചാരിറ്റബിൾ ട്രസ്റ്റ് മുൻകൈ എടുത്ത് നടത്തുന്ന സൗജന്യ മനോരോഗ ചികിത്സാ പദ്ധതിയിൽ ചികിത്സയ്ക്കായി എത്തുന്ന മനോരോഗികൾക്ക് മരുന്നുവാങ്ങി പി.എച്ച്.സി. വഴി നൽകാൻ പാലക്കാട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാവുന്നതാണ്.

**2.36 വൈക്കം മുനിസിപ്പാലിറ്റി**

ഡി.പി.സി. അനുമതി നിരസിച്ച ചുവടെ ചേർത്തിട്ടുള്ള മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് അനുമതി..

(1) മുനിസിപ്പൽ ഓഫീസ് മെയിന്റനൻസ് – 2.65 ലക്ഷം രൂപ
(2) ദളവാക്കുളം ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ മുറി തിരിക്കൽ – 28,000 രൂപ
(3) ദളവാക്കുളം ബസ് ടെർമിനൽ നവീകരണം – 4.60 ലക്ഷം രൂപ
(4) കോവിലകത്തും കടവ് മത്സ്യമാർക്കറ്റിൽ വള്ളക്കടവ് നിർമ്മാണം – 1.60ലക്ഷം രൂപ
(5) വൈദ്യുതി ഉപകരണങ്ങൾ വാങ്ങൽ – 2.50 ലക്ഷം രൂപ

**2.37 ചാവക്കാട് മുനിസിപ്പാറ്റി**

(i) 'മത്സ്യ തൊഴിലാളികൾക്ക് വീട് ഓല മേയൽ' എന്ന പ്രോജക്ട് 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി. ഒന്നാം ഘട്ടത്തിൽ ടി.എ.ജി. ശുപാർശ ചെയ്യാത്തതു കാരണം രണ്ടാം ഘട്ടത്തിൽ പ്രസ്തുത പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നില്ല. പ്രോജക്ടിന് അനുമതി ലഭിക്കുക യാണെങ്കിൽ സേവന മേഖലയിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ വിഹിതം കണ്ടെത്തുന്നതാണ്. ഒന്നാം ഘട്ടത്തിൽ, ബീഡി തൊഴിലാളികൾ, പട്ടികജാതിക്കാർ എന്നിവരുടെ വീടുകൾ ഓലകെട്ടി മേയുന്നതിന് ഗ്രാന്റ് അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ii) 25 വർഷത്തോളം തരിശ് കിടന്നിരുന്ന മുട്ടിൽമത്തി കായൽ പാടശേഖരത്തിൽ (100 ഏക്കർ) കഴിഞ്ഞ രണ്ടു വർഷമായി കൃഷി ചെയ്തു വരുന്നു. പ്രധാന പ്രശ്നം വർഷംതോറും പാടത്ത് നിറയുന്ന വൻ പായൽക്കൂട്ടമാണ്. കഴിഞ്ഞ വർഷം സർക്കാർ അനുമതി ലഭിച്ചതു കാരണം പാടത്തെ ചണ്ടി നീക്കം ചെയ്യുന്നതിന് ഏക്കറിന് 1000 രൂപ വീതം ധനസഹായം നൽകിയിരുന്നു. പ്രസ്തുത തുക അപര്യാപ്തമാണെന്നും ചണ്ടി നീക്കം ചെയ്യുന്നതിന് മാത്രം ഏക്കറിന് 10,000 രൂപ ചെലവ് വരുമെന്നും പാടശേഖരസമിതി അറിയിച്ചിട്ടുണ്ട്. ആയതിനാൽ പായൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ ധനസഹായം വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ അനുവദിക്കുവാൻ അനുമതി.

## 2.38 വടകര മുനിസപ്പാലിറ്റി

155 ഭവനരഹിതർക്ക് ധനസഹായം നൽകുന്നതിന് 2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട്പ്രകാരം 138 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് 2008–09–ൽ ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. എല്ലാ ഭവന പദ്ധതികളും ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നഗരസഭയുടെ പുതിയ ബി.പി.എൽ ലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. ഈ സാഹചര്യത്തിൽ കഴിഞ്ഞ വർഷം നഗരസഭ തെരഞ്ഞെടുത്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് നിലവിലുള്ള ബി.പി.എൽ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുവാൻ അനുമതി നൽകണമെന്ന് നഗരസഭ ആവശ്യപ്പെടുന്നു.

## 2.39 ഇടുക്കി ജില്ലാ പഞ്ചായത്ത്

10 ലക്ഷം രൂപയിൽ താഴെ അടങ്കൽ തുക വരുന്ന 177 പ്രോജക്ടുകൾക്ക് അനുമതി നൽകേണ്ടതില്ലെന്നാണ് സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടു ള്ളത്. ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് പ്രസ്തുത പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്ന് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. 50,000 രൂപ അടങ്കൽ തുക വരുന്ന പ്രോജക്ടുകളും ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

## 2.40 മലപ്പുറം ജില്ലാ പഞ്ചായത്ത്.

(i) ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവരുടെ പ്രത്യേക പദ്ധതിയിൽ (5%) അനാഥ, അഗതി മന്ദിരങ്ങളിലെ അന്തേവാസികളെ കൂടി ഉൾപ്പെടുത്തണം. സാമൂഹ്യ ക്ഷേമ വകുപ്പും ഓർഫനേജ് കൺട്രോൾ ബോർഡും അംഗീകരിച്ചിട്ടു ള്ളതും ഗ്രാന്റ് ലഭിക്കുന്നതുമായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി – വിദ്യാർത്ഥി നികളുടെ വികസനത്തിന് വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം മുതലായ മേഖലകളിൽ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ സർക്കാർ അനുമതി ആവശ്യമാണ്.

(ii) സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാൻ യുവതീ–യുവാക്കളെ പ്രാപ്തരാക്കുന്ന സാങ്കേതിക മാനേജ്മെന്റ് പരിശീലന പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ അനുമതി നൽകണം. മൊബൈൽ ഫോൺ റിപ്പയർ, ടി.വി, വാഷിംഗ് മെഷീൻ, കമ്പ്യൂട്ടർ ഹാർഡ്വെയർ തുടങ്ങിയ ഉപകരണങ്ങളുടെ റിപ്പയർ, കമ്പ്യൂട്ടർ അസംബ്ലിംഗ്, പ്ലംബിംഗ്, വയറിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുന്നതിനുള്ള പ്രോജക്ടുകൾ മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്നു. എന്നാൽ 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇത്തരം പ്രോജക്ടുകൾക്ക്, " തൊഴിൽ

ലഭ്യത ഉറപ്പാക്കിയിട്ടില്ല" എന്ന കാരണത്താൽ സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് അംഗീകാരത്തിനായി ശുപാർശ ചെയ്തിട്ടില്ല.

(iii) കമ്പ്യൂട്ടർ കോഴ്സുകൾ അനുവദിച്ചിട്ടുള്ള ഹയർ സെക്കന്ററി സ്കൂളുകൾക്കെങ്കിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതിന് മെയിന്റനൻസ് ഫണ്ട് വിനിയോ ഗിക്കുവാൻ അനുമതി നൽകണം. നിർബന്ധിത വകയിരുത്തൽ കാരണം വികസന ഫണ്ടിൽ നിന്നും ഇതിന് തുക കണ്ടെത്താൻ കഴിയുന്നില്ല.

**2.41 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

കാച്ചാണി–കളത്തുകാൽ റോഡിന്റെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിട്ടി 20.50 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായാണ് തുക അടച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനും ടെൻഡർ ചെയ്യുന്നതിനും അനുമതി.

**2.42 പാലക്കാട് മുനിസിപ്പാലിറ്റി**

ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രൂപീകരിച്ച "നഗരസഭാ ശുചീകരണ സമിതി" മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ ദൈനംദിന ചെലവുകളായ കൂലി, ഇന്ധന ചെലവ്, സാധനസാമഗ്രികളുടെ വില എന്നിവ വഹിക്കുവാൻ വികസനഫണ്ടിൽ നിന്ന് 10.00 ലക്ഷം രൂപ ധനസഹായമായി സൊസൈറ്റിക്ക് നൽകുന്നതിന് 2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് അനുമതി നൽകണമെന്ന് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിരുന്നു.

മാലിന്യസംസ്കരണം നഗരസഭയുടെ അനിവാര്യ ചുമതലയായിരിക്കെ ഒരു സൊസൈറ്റി രൂപീകരിച്ച് 2006–07 സാമ്പത്തിക വർഷത്തിൽ 10,96,383 രൂപ കൈമാറിയ നടപടിക്ക് ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം തടസ്സവാദം ഉന്നയിച്ചതിനാലാണ് 2007–08–ലെ പ്രോജക്ടിന് സർക്കാർ അനുമതി ആവശ്യപ്പെട്ടത്.

ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 28.05.2008–ലെ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം ശുചിത്വമിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

***ശുചിത്വമിഷൻ ഡയറക്ടറുടെ റിപ്പോർട്ട്***

- മുനിസിപ്പാലിറ്റിയുടെ ശുചീകരണ തൊഴിലാളികളെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാൻ തികയുന്നില്ല എന്നുണ്ടെങ്കിൽ അത്തരം പ്ലാന്റുകളുടെ പ്രവർത്തനം, പ്രവർത്തി പരിചയമോ പരിശീലനമോ ലഭിച്ചിട്ടുള്ള ഏജൻസിളെ സുതാര്യവ്യവസ്ഥകളുടെയും ധാരണാപത്രത്തിന്റെയും അടിസ്ഥാനത്തിൽ ഔട്ട്സോഴ്സ് ചെയ്യാവുന്നതാണ്. എന്നാൽ ഔട്ട്സോഴ്സ് ചെയ്യാൻ ഉദ്ദേശിക്കുന്ന സൊസൈറ്റി മുനിസിപ്പാലിറ്റിയോ മുനിസിപ്പൽ അധികൃതരോ ഉദ്യോഗസ്ഥരോ ഔദ്യോഗികമായി നേതൃത്വം കൊടുക്കുന്നതാകുന്നത് ഉചിതമായ പ്രവർത്തനമായി കാണാനാവില്ല.

- 2006–07–ൽ 11.82 ലക്ഷം രൂപ ചെലവ് ചെയ്തതിന് സാധൂകരണവും 2007–08–ൽ 10 ലക്ഷം രൂപ നൽകുന്നതിന് അനുമതിയുമാണ് ആവശ്യപ്പെട്ടിട്ടുള്ളത് (തുക ഇതിനകം ചെലവഴിക്കപ്പെട്ടതായി അറിയുന്നു). 18 സ്ത്രീ തൊഴിലാളികളേയും ഒരു സൂപ്പർവൈസറേയും ഒരു ഡ്രൈവറേയും യഥാക്രമം 3750/– രൂപ, 5000/– രൂപ, 170/– രൂപ (ദിവസക്കൂലി) എന്ന ക്രമത്തിൽ നിയോഗിച്ചതിനും ഇന്ധന ചെലവിനുമായാണ് മുഖ്യമായ ചെലവെന്നത് പൊതുവെ ന്യായീകരിക്കാവുന്നതാണ്. ആയതിനാൽ നഗരസഭയിൽ നിലവിലുള്ള ശുചീകരണ തൊഴിലാളികൾക്കുപരിയായി മറ്റുതൊഴിലാളികളെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിൽ നിയോഗിച്ചിട്ടുള്ളതിനും ആഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ ഇന്നുവരെയുള്ള ചെലവിനും സാധൂകരണം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
- തുടർന്ന് ഇത്തരത്തിൽ തുക ചെലവഴിക്കാൻ പാടില്ലായെന്നും ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി പരിചയമോ, പരിശീലനമോ ലഭിച്ചിട്ടുള്ള ഏജൻസികളെ ആവശ്യമെങ്കിൽ ഔട്ട്സോഴ്സ് ചെയ്ത് ഖരമാലിന്യപ്ലാന്റിന്റെ പ്രവർത്തനം നിർവ്വഹിക്കണമെന്നും നിർദ്ദേശം നൽകാവുന്നതാണ്.

**2.43 കല്പറ്റ മുനിസിപ്പാലിറ്റി**

നിലവിൽ ഓഫീസ് ആവശ്യത്തിന് ഒരു ജീപ്പും ചെയർപേഴ്സന്റെ ഉപയോഗത്തിന് ഒരു ജീപ്പുമാണ് ഉള്ളത്. ആരോഗ്യ വിഭാഗത്തിന്റെ ശുചീകരണ പ്രവർത്തനങ്ങൾ, സ്ക്വാഡ് പ്രവർത്തനം, മരാമത്ത് പ്രവർത്തികളുടെ പരിശോധന, അനധികൃത കെട്ടിട നിർമ്മാണ പരിശോധന, ൌൺ പ്ലാനിംഗ് വിഭാഗത്തിൽനിന്നുള്ള അന്വേഷണങ്ങൾ, ജനകീയാസൂത്രണ പദ്ധതി പ്രവർത്തന പരിശോധന എന്നിവ നിലവിലുള്ള ഒരു ഓഫീസ് ജീപ്പുപയോഗിച്ച് നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ചെയർപേഴ്സൺ ഉപയോഗിക്കുന്ന ജീപ്പ് കൂടി ഓഫീസ് ഉപയോഗത്തിന് വിട്ടുകൊടുക്കുന്നതിനും പകരം ചെയർപേഴ്സന്റെ ഉപയോഗത്തിന് ഒരു അംബാസഡർ കാർ വാങ്ങുന്നതിനും അനുമതി നൽകണമെന്ന് നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്. തനത് ഫണ്ടാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

**2.44 തൃശൂർ ജില്ലാ പഞ്ചായത്ത്**

തൃശൂർ ജില്ലാ ആശുപത്രിയിലെ ജനറേറ്റർ പ്രവർത്തനരഹിതമാവുകയും അത്യാഹിതവിഭാഗം, ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾക്കു പോലും തടസ്സം നേരിടുകയും ചെയ്ത സന്ദർഭത്തിൽ ശ്രീ.സി.കെ.ചന്ദ്രപ്പൻ എം.പി.യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് ഒരു ജനറേറ്റർ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് നടപടികൾ ആരംഭിച്ചു. ഇതിനായുള്ള ആദ്യ ടെണ്ടറിന് ആരും മറുപടി നൽകാതിരുന്നതിനാൽ ക്ഷണിച്ച റീ ടെണ്ടറിന് വി–ടെക് ഇലക്ട്രിക്കൽസ്, തൃശൂർ എന്ന ഏക സ്ഥാപനം 6.1% അധിക നിരക്കിൽ ടെണ്ടർ സമർപ്പിച്ചു. അടിയന്തിര ഘട്ടത്തിൽ, അത്യന്താപേക്ഷിതമായിരുന്നതിനാൽ

പ്രസ്തുത ടെണ്ടർ സ്വീകരിക്കേണ്ടിവന്നു. പ്രവർത്തി പൂർത്തീകരിച്ച് 12,15,618 രൂപയുടെ ഫൈനൽ ബിൽ സ്ഥാപനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ കരാർ അനുസരിച്ച് നൽകേണ്ട ടെണ്ടർ എക്സസ് തുകയായ 74,152 രൂപ (12,15,618 X 6.1%), വി–ടെക് ഇലക്ട്രിക്കൽസ്, തൃശൂർ എന്ന സ്ഥാപനത്തിന് എം.പി.യുടെ പ്രാദേശിക വികസന (MPLADS) ഫണ്ടിൽനിന്നും നൽകാൻ കഴിയില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചതിനാൽ പ്രസ്തുത തുക തനത് ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് ജില്ലാ പഞ്ചായത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്.

***സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസറുടെ റിപ്പോർട്ട്***

പരാമർശവിഷയം ഒരു ജനറേറ്റർ സെറ്റിന്റെയും അനുബന്ധസാമഗ്രികളുടെയും വിലയാണ്. ടെണ്ടറിൽ ക്വാട്ടുചെയ്തിരിക്കുന്നത് ടി വസ്തുക്കളുടെ വിലയിലുള്ള വർദ്ധനവാണ്. നിർമ്മാണ പ്രവർത്തികളുടെ ടെണ്ടർ എക്സസുമായി ഇതിനെ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. വിലയിൽ വന്ന വർദ്ധനവിന് എസ്റ്റിമേറ്റ് പുതുക്കി എം.പി. ഫണ്ടിൽനിന്നു തന്നെ തുക ചെലവഴിക്കുന്നതായിരുന്നു യുക്തി. ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിക്കുന്നതിന് അനുവാദം നൽകാവുന്നതാണ്.

## 2.45 സയൻസ് & ടെക്നോളജി എന്റ്രപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പ്രോജക്ട് (STED), കോഴിക്കോട്

തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന തൊഴിൽ പരിശീലനങ്ങളും സംരംഭകത്വ വികസന പരിപാടികളും നടപ്പാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി നിശ്ചയിക്കണമെന്ന ആവശ്യം.

കഴിഞ്ഞ പത്ത് വർഷമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വൈദഗ്ധ്യ വികസന പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്. കഴിഞ്ഞ വർഷം മാത്രം 571 പരിശീലന പരിപാടികളും ജില്ലാപഞ്ചായത്തുകൾക്കുവേണ്ടി ടേൺ – കീ അടിസ്ഥാനത്തിൽ വിവിധ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

26.11.2007–ൽ കൂടിയ CC യോഗം സ്റ്റെഡ് പ്രോജക്ടിന്റെ ആവശ്യം അംഗീകരിച്ചിരുന്നില്ല.

## 2.46 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

70 ലക്ഷം രൂപയോ അതിൽ കൂടുതലോ മതിപ്പ് ചെലവുവരുന്ന എല്ലാ മരാമത്ത് പ്രവർത്തികൾക്കും നിർബന്ധമായും മുൻ യോഗ്യതാനിർണ്ണയ ദർഘാസ് (pre qualification tender) ക്ഷണിക്കണമെന്നും സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ കരാറുകാരുടെ ഒരു പാനൽ പഞ്ചായത്ത്/നഗരസഭ തയ്യാറാക്കി ആ പാനലിൽ ഉൾപ്പെട്ട കരാറുകാരിൽനിന്നുമാത്രം ടെണ്ടർ ക്ഷണിക്കണമെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പുറപ്പെടുവിച്ച പൊതുമരാമത്ത് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 200 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി സംസ്ഥാന തലത്തിൽ

ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് [09.01.2008-ലെ സ.ഉ.(എം.എസ്.)/10/ 2008/തസ്വഭവ)]. കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന പ്രോജക്ടുകളുടെ നടത്തിപ്പിന് മുൻ യോഗ്യതാ നിർണ്ണയ ദർഘാസ്സുകൾ ക്ഷണിക്കേണ്ടത് അനിവാര്യമായതിനാൽ അവയുടെ മൂല്യനിർണ്ണയം നടത്തുന്നതിന് ഒരു സമിതിയുടെ സേവനം അത്യന്താപേക്ഷിതമാണ്.

സ്വരാജ് ഭവൻ നിർമ്മാണത്തിനായി മുൻയോഗ്യതാ നിർണ്ണയ ദർഘാസ്സും പ്രവർത്തിയുടെ ദർഘാസ്സും ക്ഷണിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ മുൻ യോഗ്യതാ നിർണ്ണയ ലിസ്റ്റിനും അനുമതി നൽകേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ 200 ലക്ഷം രൂപയ്ക്ക് മുകളിൽ മതിപ്പ് ചെലവ് വരുന്ന പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതിക്ക്, 200 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവർത്തികളുടെ മുൻ യോഗ്യതാ നിർണ്ണയ ടെണ്ടറിന്റെ പരിശോധനയും അംഗീകാരവും നൽകുന്ന തിനുള്ള അനുമതികൂടി നൽകാവുന്നതാണ്.

## 2.47 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

(i) 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ "സുഭിക്ഷ-കുടുംബശ്രീ എക്സിബിഷൻ കം സെയിൽസ് യൂണിറ്റ്" എന്ന പ്രോജക്ടിന് സർക്കാർ അനുമതി ആവശ്യമാണെന്ന് സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് അഭിപ്രായ പ്പെട്ടിട്ടുണ്ട്. വാഹനം വാങ്ങുന്നതിനുള്ള പദ്ധതി നിർദ്ദേശമായതിനാലാണ് (8.00 ലക്ഷം രൂപ) സർക്കാർ അനുമതി ആവശ്യമാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്. വാഹനം ഈ പ്രോജക്ടിൽ അത്യന്താപേക്ഷിതമായതിനാൽ പ്രോജക്ടിന് അംഗീകാരം നൽകണമെന്ന് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ വിഹിതം 6.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം 2.00 ലക്ഷം രൂപയുമാണ്.

(ii) 2008-09 വാർഷിക പദ്ധതിയിലെ "ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിന് ഉപകരണങ്ങൾ വാങ്ങൽ" എന്ന പ്രോജക്ടിന് അനുമതി നൽകേണ്ടതില്ലെന്നാണ് സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുള്ളത്.

കുടുംബശ്രീ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ബി.പി.എൽ. കുടുംബത്തിൽപ്പെട്ട അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ 10 പേരെ ഉൾപ്പെടുത്തി ഒരു ഗ്രൂപ്പ് (സ്മാർട്ട് ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പ്) രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**ഗ്രൂപ്പിന്റെ ചുമതലകൾ**

1. സംരംഭകരിൽനിന്നും ഉല്പന്നങ്ങൾ ശേഖരിക്കൽ
2. ഉല്പന്നങ്ങൾ സംഭരിക്കൽ, ഗുണമേന്മ ഉറപ്പാക്കൽ
3. ഉല്പന്നങ്ങൾ തരംതിരിക്കൽ ഗ്രേഡിംഗ്
4. മാസച്ചന്ത നടത്തേണ്ട സ്ഥലം, ദിവസം എന്നിവ ജില്ലാ മിഷന്റെ സമ്മതത്തോടെ തീരുമാനിക്കൽ

5. മാസച്ചന്ത സ്റ്റാളുകൾ സജ്ജീകരിക്കൽ
6. മാസച്ചന്ത അറിയിപ്പുകൾ, പത്രപ്രസ്താവന, പത്രക്കുറിപ്പുകൾ എന്നിവ ഇറക്കൽ
7. മാസച്ചന്തയുടെ പ്രതികരണങ്ങൾ സമയാസമയം ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കൽ
8. സംരംഭകർക്ക് വിപണനത്തിനനുസൃതമായി പണം നൽകൽ
9. ബന്ധപ്പെട്ടവർക്ക് മാസച്ചന്ത റിപ്പോർട്ടുകൾ സമർപ്പിക്കൽ
10. തുടർ പ്രവർത്തനങ്ങൾ
11. ഉപകരണങ്ങളുടെ സൂക്ഷിപ്പ്, അറ്റകുറ്റപ്പണി ചെയ്യുക.

വില്പനയ്ക്ക് അനുസരിച്ച് ലഭിക്കുന്ന കമ്മീഷനായിരിക്കും സ്മാർട്ട് ഗ്രൂപ്പിന്റെ വരുമാനം. കൂടാതെ മറ്റ് പരിപാടികൾ സംഘടിപ്പിക്കുകവഴി ലഭിക്കുന്ന വാടക, സംഘാടന ചെലവ് എന്നിവയും ഇവന്റ് ഗ്രൂപ്പിന്റെ വരുമാനമായി കണക്കാക്കാം. ജില്ലാ പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും പങ്കാളിത്ത ത്തോടെ നടത്താനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ മുഴുവൻ സ്ഥിരം ആസ്തികളും ജില്ലാ പഞ്ചായത്തിന്റെ ആസ്തിയായി കണക്കാക്കുന്നതും സംരംഭകരും ജില്ലാ പഞ്ചായത്തും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും ആയിരിക്കും. ആസ്തികൾ ഉപയോഗിക്കുന്നതിന് ഭരണസമിതി നിശ്ചയിക്കുന്ന പ്രതിമാസ വാടക ജില്ലാ പഞ്ചായത്തിലേയ്ക്ക് ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പ് അടയ്ക്കുന്നതാണ്.

**മറ്റ് സാധ്യതകൾ (ഗ്രൂപ്പിന് സംഘടിപ്പിക്കാൻ കഴിയുന്നവ)**

- ബിസിനസ്സ് ഇവന്റ്
- സാംസ്കാരിക പരിപാടികൾ
- മീറ്റിംഗുകൾ
- സെമിനാറുകൾ
- വിപണന മേളകൾ
- മറ്റുള്ളവ

സ്വയം സഹായ ഗ്രൂപ്പിന് മാനദണ്ഡപ്രകാരം നൽകാവുന്നതിൽ കൂടുതൽ തുക സബ്സിഡിയായി അനുവദിക്കുന്നു എന്ന കാരണത്താലാണ് എസ്.എൽ.റ്റി.ജി. അംഗീകാരത്തിനായി ശുപാർശ ചെയ്യാത്തത്. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ആസ്തി എന്ന നിലയ്ക്കാണ് പ്രോജക്ട് വിഭാവന ചെയ്യുന്നതെന്നും ആയതിനാൽ അനുമതി നല്കണമെന്നും ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

ഓഫീസ് സൗകര്യമേർപ്പെടുത്തൽ, ഡെക്കറേഷൻ ഇനങ്ങൾ, മൈക്ക് സിസ്റ്റം, സ്റ്റേജ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ മുതലായവ ഇവന്റ് മാനേജുമെന്റിനുവേണ്ടി വാങ്ങുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

| വിഭവസ്രോതസ്സ് | രൂപ |
|---|---|
| കുടുംബശ്രീ മിഷൻ വിഹിതം | 1,00,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 9,72,846 |
| ബാങ്ക് വായ്പ | 90,000 |
| ഗുണഭോക്തൃവിഹിതം | 10,000 |
| **ആകെ** | **11,72,846** |

**2.48 ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ**

സംയോജിത ശിശുവികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പ്രോജക്ടുകളും അഗതികൾക്ക് ഭക്ഷ്യധാന്യം നൽകുന്നതിനുള്ള പ്രോജക്ടുകളും ഒഴികെയുള്ള ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയതിനെത്തുടർന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകാനുമതിക്കായി പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

**(a) കണ്ണൂർ ജില്ലാആസൂത്രണ സമിതി**

2008–09–ൽ താഴെ പറയുന്ന 5 തരത്തിൽപ്പെട്ട പോഷകാഹാര വിതരണ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകയുണ്ടായി.

I പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ശിശുമന്ദിരങ്ങളിലെ കുട്ടികൾക്കായുള്ള പോഷകാഹാര പരിപാടികൾ

II മാനസിക, ശാരീരിക വൈകല്യം സംഭവിച്ച കുട്ടികൾക്കായി നടത്തുന്ന സ്പെഷ്യൽ സ്കൂളുകളിലെ പോഷകാഹാര വിതരണ പരിപാടികൾ

III വൃദ്ധർക്കായി താഴെപ്പറയുന്ന 21 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പോഷകാഹാര വിതരണ പരിപാടികൾ

| ക്രമ നം | തദ്ദേശസ്ഥാപനങ്ങൾ | പ്രോജക്ട് നം | വികസന ഫണ്ട് | തനത് ഫണ്ട് |
|---|---|---|---|---|
| 1 | കണ്ണൂർ മുനിസിപ്പാലിറ്റി | 130/09 | 362000 | |
| 2 | പട്ടുവം ഗ്രാമപഞ്ചായത്ത് | 15/09 | 50000 | |
| 3 | നടുവിൽ ” | 64/09 | 85050 | |
| 4 | ചിറയ്ക്കൽ ” | 91/09 | 75600 | |
| 5 | പുഴാതി ” | 128/09 | | 3600 |
| 6 | വളപട്ടണം ” | 29/09 | 216000 | |
| 7 | അഴീക്കോട് ” | 62/09 | 359100 | |
| 8 | എളയാവൂർ ” | 53/09 | 7200 | |
| 9 | എരഞ്ഞോളി ” | 79/09 | 48000 | |
| 10 | കതിരൂർ ” | 82/09 | 50000 | |
| 11 | പിണറായി ” | 44/09 | 50000 | |
| 12 | മാങ്ങാട്ടിടം ” | 124/09 | | 84480 |
| 13 | കീഴല്ലൂർ ” | 29/09 | 150000 | |
| 14 | കൂടാളി ” | 44/09 | 296400 | |
| 15 | മുഴക്കുന്ന് ” | 45/09 | 15000 | |
| 16 | മാലൂർ ” | 32/09 | 44496 | 67364 |
| 17 | പേരാവൂർ ” | 61/09 | 75000 | |
| 18 | പടിയൂർ കല്യാട് ” | 51/09 | 372799 | |
| 19 | ശ്രീകണ്ഠാപുരം ” | 11/09 | 297470 | |
| 20 | മലപ്പട്ടം ” | 67/09 | 50000 | |
| 21 | കീഴൂർചാവശ്ശേരി (വൃദ്ധർക്ക് പാൽ വിതരണം) | 83/09 | 319900 | |
| 22 | | | | |

IV ക്ഷയരോഗികൾക്കായി താഴെപ്പറയുന്ന 2 സ്ഥാപനങ്ങൾ തയ്യാറാക്കിയ പോഷകാഹാര പരിപാടികൾ

| ക്രമ നം | തദ്ദേശഭരണസ്ഥാപനങ്ങൾ | പ്രോജക്ട് നം. | വികസനഫണ്ട് | തനത് ഫണ്ട് |
|---|---|---|---|---|
| 1 | എളയാവൂർ ഗ്രാമപഞ്ചായത്ത് | 85/09 | | 14,400 |
| 2 | കരിയാട് ഗ്രാമപഞ്ചായത്ത് | 72/09 | | 15,000 |

V പ്രൈമറി ഹെൽത്ത് സെന്ററിൽ അഡ്മിറ്റ് ചെയ്യപ്പെട്ട രോഗികൾക്കുള്ള പോഷകാഹാര വിതരണ പരിപാടികൾ

| ക്രമ നം | തദ്ദേശസ്ഥാപനങ്ങൾ | പ്രോജക്ട് നം | വികസന ഫണ്ട് | തനത് ഫണ്ട് |
|---|---|---|---|---|
| 1 | ചെറുതാഴം ഗ്രാമപഞ്ചായത്ത് | 63/09 | 362000 | 20,000 |

മേൽപ്പറഞ്ഞ I, II വിഭാഗത്തിൽപ്പെടുന്ന പ്രോജക്ടുകൾ അംഗൻവാടി പോഷകാഹാര വിതരണ പരിപാടികളുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഹസ്ഥർ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ തന്നെയാണ്.

III–ാം വിഭാഗത്തിൽപ്പെടുന്ന പ്രോജക്ടുകൾ വൃദ്ധസദനങ്ങൾ/വയോജന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് നിർവഹണം നടത്തുന്നത്.

IV,V വിഭാഗത്തിൽപ്പെട്ട പരിപാടികൾ പൊതു ആരോഗ്യ കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഏറ്റവും നിർദ്ധനരായ രോഗികളെ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.

2008–09 വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചതിനെതുടർന്ന് മേൽ സൂചിപ്പിക്കപ്പെട്ട പ്രോജക്ടുകളുടെ നിർവഹണം ജില്ലയിലെ ഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനകം ആരംഭിച്ചു കഴിഞ്ഞു. സാമ്പത്തിക വർഷം പകുതി പിന്നിടുകയും ജില്ലാ ആസൂത്രണ സമിതിയുടെ നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണം ആരംഭിക്കുകയും ചെയ്തതിന് ശേഷം ഇത്തരം ഒരു സർക്കുലർ പുറപ്പെടുവിച്ചത് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പൊതുവിലും ഡി.പി.സി. അംഗീകാരം ലഭിച്ച പ്രോജക്ട് എന്ന നിലയിൽ നിർവഹണ ചുമതല ഏറ്റെടുത്ത നിർവഹണ ഉദ്യോഗസ്ഥരിൽ പ്രത്യേകിച്ചും വ്യാപകമായ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കപ്പെട്ട പ്രോജക്ടുകൾ ഈ സാമ്പത്തിക വർഷത്തേക്ക് കൂടി തുടരൻ അനുവാദം നൽകണം.

**(b) കാസറഗോഡ് ജില്ലാ പഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "പട്ടികജാതി വൃദ്ധ ജനാരോഗ്യ പദ്ധതി", "വൃദ്ധ–വികലാംഗ പട്ടികവർഗ്ഗക്കാർക്ക് പോഷകാഹാര പദ്ധതി" എന്നിവയ്ക്ക് അനുമതി നല്കണമെന്നതാണ് ആവശ്യം.

കഴിഞ്ഞ രണ്ടുവർഷമായി നടപ്പാക്കിവരുന്ന പ്രോജക്ടുകളാണ് ഇവ. പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അനുമതി ലഭിച്ചതുകാരണം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയായി കഴിഞ്ഞു. സഹകരണസ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന ഭക്ഷ്യധാന്യം ഗ്രാമപഞ്ചായത്തുകൾ വഴിയാണ് ഗുണഭോക്താക്കൾക്ക് എത്തിക്കുന്നത്. സുതാര്യമായും കാര്യക്ഷമമായും നടപ്പാക്കപ്പെടുന്ന പ്രോജക്ടുകളാണ് ഇവ. അതിനാൽ നടപ്പുവർഷത്തേക്ക് കൂടി മാത്രം പ്രോജക്ടുകൾ നടപ്പാക്കുവാൻ അനുമതി നല്കണമെന്ന് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**(c) കള്ളാർ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'വൃദ്ധർക്ക് പൂരക പോഷകാഹാര പരിപാടി' (2.00 ലക്ഷം രൂപ), 'പട്ടിക വർഗ വൃദ്ധർക്ക് പൂരകപോഷകാഹാര പരിപാടി' (1,51,514 രൂപ) എന്നീ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പുതിയ സർക്കാർ നിർദ്ദേശ പ്രകാരം പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ തടസ്സം നേരിട്ടിരിക്കുന്നു.

**(d) കുണ്ടറ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ "വൃദ്ധർക്ക് ഭക്ഷണം" എന്ന പ്രോജക്ട് പ്രകാരം ഇതിനകം 88,659 രൂപയുടെ ഭക്ഷ്യധാന്യങ്ങളും വിറകും വാങ്ങുകയുണ്ടായി (ആകെ വകയിരുത്തിയത് 1,91,625 രൂപ). പ്രസ്തുത തുക (88,659 രൂപ) തനത് ഫണ്ടിൽനിന്നും നൽകുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

**(e) കുടുംബശ്രീ**

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പത്തോളം ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുവെ ദരിദ്ര കുടുംബങ്ങളിലെ കുട്ടികളാണ് ബഡ്സ് സ്കൂളിൽ വരുന്നത്. പോഷകാഹാരം നൽകാനാകാതെ വന്നാൽ കുട്ടികൾക്ക് തീർത്തും ബുദ്ധിമുട്ട് നേരിടേണ്ടിവരും. ആയതിനാൽ പോഷകാഹാരവിതരണ പ്രോജക്ടുകൾ നടപ്പാക്കാവുന്ന സ്കീമുകളുടെ പട്ടികയിൽ ബഡ്സ് സ്കൂളുകളെക്കൂടി ഉൾപ്പെടുത്താവുന്നതാണ്.

(f) പോഷകാഹാര വിതരണ പ്രോജക്ടുകൾ നടപ്പാക്കാവുന്ന സ്കീമുകളുടെ പട്ടികയിൽ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി കണ്ടെത്തിയ

എയ്ഡ്സ് രോഗികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്താവുന്നതാണെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ട്

**2.49 കൊച്ചി കോർപ്പറേഷൻ**

മുഖ്യമന്ത്രിയുടെ ഓഫീസ്, ഗവൺമെന്റ് സെക്രട്ടറിയുടെ ഓഫീസ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, ഡയറക്ടറേറ്റ്, കളക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെടുത്തി കോർപ്പറേഷൻ ഓഫീസിൽ വീഡിയോ കോൺഫറൻസ് സൗകര്യം ഏർപ്പെടുത്തുവാൻ 2007–08 വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന പ്രോജക്ടിന് സർക്കാർ അനുമതി ആവശ്യപ്പെട്ടിരുന്നു. കോർപ്പറേഷനുകളിൽ വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത, ചെലവ്, സാങ്കേതിക കാര്യങ്ങൾ എന്നിവ സ്റ്റേറ്റ് ഐ.ടി. മിഷനുമായി കൂടിയാലോചിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ 28.05.2008–ലെ യോഗം ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയതു പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

***ഇൻഫർമേഷൻ കേരള മിഷന്റെ റിപ്പോർട്ട്***

ഐ.ടി. മിഷന് നിലവിൽ വീഡിയോ കൺട്രോൾ യൂണിറ്റ് ഉള്ളതിനാൽ അതുപയോഗിച്ച് കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്വർക്ക് (KSWAN) സംവിധാനവുമായി ബന്ധിപ്പിച്ച് കൊച്ചി കോർപ്പറേഷന് വീഡിയോ കോൺഫറൻസ് നടത്താവുന്നതാണെന്ന് സ്റ്റേറ്റ് ഐ.ടി.മിഷൻ അറിയിച്ചിട്ടുണ്ട്. അതല്ല; സ്വന്തമായി വീഡിയോ കോൺഫറൻസ് സംവിധാനം ഏർപ്പെടുത്തണമെങ്കിൽ അപ്രകാരം ആകാവുന്നതാണ്. 5.00 ലക്ഷം രൂപ ചെലവ് വരും (സ്പെസിഫിക്കേഷനും എസ്റ്റിമേറ്റും ലഭ്യമാക്കിയിട്ടുണ്ട്).

**2.50 കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സഹകരണസംഘം**

കണ്ണൂർ ഡിസ്ട്രിക്ട് എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കണ്ണൂർ ജില്ലാ പഞ്ചായത്ത് നൽകിയ പ്രവർത്തന മൂലധന വായ്പ (25.00 ലക്ഷം രൂപ) ഗ്രാന്റായി മാറ്റുന്നതിന് സർക്കാർ അനുമതി നൽകണമെന്ന സംഘത്തിന്റെ ആവശ്യം 09.02.2007–ലെ കോ–ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

__റിപ്പോർട്ട്:–__

1997–98–ലെ പദ്ധതി വിഹിതത്തിൽനിന്നും കണ്ണൂർ ജില്ലാ പഞ്ചായത്ത് 25.00 ലക്ഷം രൂപ സംഘത്തിന് പ്രവർത്തന മൂലധന വായ്പയായി നൽകി. 30.06.2008–ൽ സഹകരണസംഘം ചെയർമാനും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുകയും 25.00 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എഗ്രിമെന്റ് പ്രകാരം 10 തുല്യ ഇൻസ്റ്റാൾമെന്റായി; അതായത് 2.5 ലക്ഷം രൂപ വീതം സഹകരണസംഘം അടയ്ക്കേണ്ടതാണ്. ഇതനുസരിച്ച് 30.06.2001–ൽ ആദ്യഗഡുവും തുടർന്നുള്ള ഗഡുക്കൾ തുടർന്നുള്ള വർഷങ്ങളിലും അടയ്ക്കേണ്ടതാണ്. മുടക്കം വരുത്തിയാൽ 2.5% പലിശ നല്കേണ്ടതാണ്. എന്നാൽ വായ്പ

നല്കിയതിനുശേഷം ഒരു തവണപോലും തുക അടച്ചിട്ടില്ല. പ്രസ്തുത തുക ഉപയോഗിച്ച് സൊസൈറ്റി മൂന്ന് റോഡ് റോളറുകളും ഒരു ടിപ്പർ ലോറിയും ഒരു ജെ.സി.ബി.യും വാങ്ങിയിട്ടുണ്ട്. മേൽ റോളറുകളും ലോറിയും ഇപ്പോൾ വാടകയ്ക്ക് നല്കി വരികയാണ്. സംഘം കടുത്ത സാമ്പത്തിക നഷ്ടത്തിലുമാണ്.

25.00 ലക്ഷം രൂപ ഗ്രാന്റായി മാറ്റണം എന്ന സംഘത്തിന്റെ ആവശ്യം മുമ്പ് സർക്കാർ രണ്ടുതവണ നിരസിച്ചിട്ടുള്ളതാണ്. .

വായ്പ തുക ഗ്രാന്റായി മാറ്റുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലായതിനാൽ റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു.

**ആഡിറ്റ് നിഗമനം**

ജില്ലാ പഞ്ചായത്തുകൾ സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനമോ ഗ്രാന്റോ നൽകാൻ വ്യവസ്ഥയില്ല. 23.11.98–ലെ 49905/പി 3/98/LAD സർക്കുലറിൽ ഇത് വ്യക്തമായി പറയുന്നുണ്ട്. സർക്കാർ അനുമതിയില്ലാതെ വായ്പ നല്കിയതു തന്നെ ചട്ടവിരുദ്ധമാണ്.

**ശുപാർശ**

1. 25.00 ലക്ഷം രൂപ ഗ്രാന്റായി മാറ്റണമെന്ന ആവശ്യം ചട്ടവിരുദ്ധമായതിനാൽ പരിഗണിക്കേണ്ടതില്ല.
2. ഇതുവരെയുള്ള പലിശയും ലോണായി നല്കിയ തുകയും കൂട്ടി 25 തുല്യ തവണകളായി തിരിച്ചടയ്ക്കുന്നതിനോ അല്ലെങ്കിൽ ഇപ്പോൾ നിർത്തിവച്ചി രിക്കുന്ന റവന്യൂ റിക്കറി നടപടികൾ തുടരാനോ നിർദ്ദേശിക്കാം
3. കോ–ഓർഡിനേഷൻ കമ്മിറ്റി സ്വികരിക്കുന്ന തീരുമാനത്തിന്റെയടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി സെക്രട്ടറിയുമായി ചർച്ച നടത്താൻ നിർദ്ദേശം നല്കാം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട് 27.09.2007–ലെ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം ചർച്ച ചെയ്യുകയും അവസാന ശുപാർശ അംഗീകരിക്കുകയും ചെയ്തു. അതുപ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സംഘവുമായി ചർച്ചചെയ്ത് വായ്പ ഗ്രാന്റായി മാറ്റുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

**2.51 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (ഗകഘഋ)**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് മാനേജ്മെന്റ് (IITM) എന്ന സ്ഥാപനവുമായി ചേർന്ന് സർക്കാർ അനുമതിയോടെ പി.ജി. ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് മുതലായ കോഴ്സുകൾ വിവിധ ജില്ലകളിലെ 9 സെന്ററുകളിൽ നടത്തിവരുന്നു. തൊഴിലാളി കളുടെ കുട്ടികൾക്ക് 15% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളും തൊഴിലാളികളുടെ മക്കളുമാണ്

ഈ കോഴ്സുകളിൽ പഠിക്കുന്നത്. കഴിഞ്ഞ 3 വർഷങ്ങളിലായി 704 കുട്ടികൾ ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. 100% ജോലി ഉറപ്പാക്കുന്ന ഈ കോഴ്സ് പഠിക്കുന്ന, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഫീസ് ഗ്രാമപഞ്ചായത്തുകൾ തനത് ഫണ്ടിൽനിന്നും വഹിക്കണമെന്ന് നിർദ്ദേശം നൽകണമെന്നതാണ് ആവശ്യം.

ഫീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

**Diploma in Hotel Management**

| | |
|---|---|
| Qualification | Pre-degree/10+2 |
| Duration | 2 years |
| Application Fee | Rs.100.00 |
| Registration Fee | Rs.500.00 |
| Tuition Fee (Lump sum) | **Rs.24,500.00** |
| Instalment I | **Rs.25,000.00** (initial Rs.10,000.00 and 10 EMIs @ Rs.1,500.00) |
| Instalment Scheme II | **Rs.25,100.00** (Initial Rs.7,500.00 and 10 EMIs @ Rs.1,760.00) |
| Instalment Scheme III | **Rs.25,250.00** (Initial Rs.5,250.00 and 10 EMIs @ Rs.2,000.00 |
| Caution Deposit | Rs.1,000.00 |
| Uniform Fee | Rs.1,500.00 |
| Record | Rs.480.00 |
| Library Fee | Rs.200.00 |
| Practical Kit | Rs.670.00 |
| Examination Fee | Rs.800.00 |
| Study Tour | Rs.1,000.00 |

**Professional Cookery**

| | |
|---|---|
| Qualification | SSLC |
| Duration | 8 months, Weekly 3 days (1 day theory + 2 day practical) |
| Application Fee | Rs.100.00 |
| Registration Fee | Rs.250.00 |
| Tuition Fee (Lump sum) | **Rs.14,000.00** |
| Instalment | **Rs.14,500.00** (initial Rs.5,500.00 and 6 EMIs @ Rs.1,500.00) |
| Caution Deposit | Rs.500.00 |
| Uniform Fee | Rs.900.00 |
| Record | Rs.200.00 |
| Practical Kit | Rs.500.00 |
| Examination Fee | Rs.400.00 |

**Post Graduate Diploma in Hotel Management (PGDHM)**

| | |
|---|---|
| Qualification | Any Degree |
| Duration | 2 years |
| Application/Prospectus Fee | Rs.100.00 |
| Registration Fee | Rs.500.00 |
| **Tuition Fee**<br>1.Lump sum | Rs.40,000.00 **OR** |
| 2.Instalment | Rs.40,500.00 (Initial Payment Rs.16,500.00 +8 EMIs @ Rs.3,000.00) **OR** |

| | |
|---|---|
| 3.Instalment | Rs.41,000.00 (Initial Payment Rs.9,000.00 + 8 EMIs @ Rs.4,000.00) |
| Caution Deposit | Rs.1,000.00 |
| Record Book | Rs.480.00 |
| Library Fee | Rs.200.00 |
| Practical Kit | Rs.670.00 |
| Uniform | Rs.1,500.00 |
| Study Tour | Rs.1,000.00 |
| Examination Fee | Rs.800.00 |

**Diploma in Fashion Design**

| | |
|---|---|
| Qualification | Pre-degree/10+2 |
| Duration | 1 year |
| Application Fee | Rs.50.00 |
| Registration Fee | Rs.250.00 |
| Tuition Fee (Lump sum) | **Rs.21,500.00** |
| Instalment I | **Rs.22,000.00** (initial Rs.10,000.00 and 4 EMIs @ Rs.3,000.00) |
| Instalment Scheme II | **Rs.22,500.00** (Initial Rs.5,000.00 and 5 EMIs @ Rs.3,500.00) |
| Caution Deposit | Rs.500.00 |
| Record | Rs.200.00 |
| Library Fee | Rs.150.00 |
| Practical Kit | Rs.1,600.00 |
| Examination Fee | Rs.500.00 |

**Restaurant and Counter service**

| | |
|---|---|
| Qualification | SSLC |
| Duration | 8 months, Weekly 3 days (1 day theory + 2 days practical) |
| Application Fee | Rs.100.00 |
| Registration Fee | Rs.250.00 |
| Tuition Fee (Lump sum) | Rs.14,000.00 |
| Instalment | Rs.14,500.00 (initial Rs.5,500.00 and 6 EMIs @ Rs.1,500.00) |
| Caution Deposit | Rs.500.00 |
| Uniform Fee | Rs.900.00 |
| Record | Rs.200.00 |
| Practical Kit | Rs.500.00 |
| Examination Fee | Rs.400.00 |

**2.52 ഔഷധ സസ്യ ഉൽപ്പാദക വിപണന സംഘം, മലപ്പുറം**

മലപ്പുറം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉത്പാദക മേഖലയ്ക്ക് നീക്കിവയ്ക്കുന്ന 40% തുകയുടെ ഒരു നിശ്ചിത വിഹിതം ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കണമെന്ന് നിർദ്ദേശം നൽകണമെന്നതാണ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 2008 ഫെബ്രുവരി മുതൽ പ്രവർത്തിച്ചു വരുന്ന സംഘത്തിന്റെ ആവശ്യം.

**2.53 പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്ത്**

1997-98 മുതൽ നടപ്പാക്കി വരുന്ന 'മത്സ്യ കൃഷി വികസനം' എന്ന പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ 2006-07 വരെ പഞ്ചായത്ത് സെക്രട്ടറിയും 2007-08-ൽ കൃഷി ഓഫീസറുമായിരുന്നു. 2008-09- ൽ ഫിഷറീസ് സബ് ഇൻസ്പെക്ടറെയാണ്

നിശ്ചയിച്ചിട്ടുള്ളത്. അംഗീകരിക്കപ്പെട്ട പ്രോജക്ടിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ സേവനം തുടർച്ചയായി ലഭ്യമാകുമോ എന്ന് ആശങ്കയുള്ളതിനാൽ കൃഷി ഓഫീസറെയോ സെക്രട്ടറിയെയോ നിർവഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

**2.54 ശ്രീ.എസ്.കെ. പ്രസന്നകുമാർ, പ്രസാദം, വെള്ളനാട്, തിരുവനന്തപുരം.**

ഗാർഹിക തലത്തിലെ ഖര-ദ്രവ മാലിന്യങ്ങൾ മലിനീകരണമില്ലാതെ സംസ്കരിക്കുന്നതിന് താൻ രൂപകൽപന ചെയ്ത ഇക്കോ-ബയോ സാങ്കേതിക വിദ്യ ഉപയോഗിക്കാവുന്നതാണെന്ന് സൂചിപ്പിച്ച് ശ്രീ. എസ്.കെ. പ്രസന്നകുമാർ എന്ന വ്യക്തി സർക്കാരിന് നിവേദനം നൽകിയിരുന്നു. പ്രസ്തുത സാങ്കേതിക വിദ്യ ഉപയോഗിച്ച് മലിനീകരണ മുക്തമായ ഇക്കോ-ബയോ ലാട്രിൻ ടാങ്ക്, ഇക്കോ-ബയോ മലിനജല ടാങ്ക്, ഇക്കോ-ബയോ തുപ്പൽ കോളാമ്പി, ഇക്കോ-ബയോ മാലിന്യ സംസ്കരണ ടാങ്ക് എന്നിവ രൂപകൽപ്പന ചെയ്തിട്ടുണ്ടെന്നാണ് അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്.

ഇക്കോ-ബയോ ലാട്രിൻ ടാങ്ക്, ഇക്കോ-ബയോ മാലിന ജല ടാങ്ക് എന്നിവ ശുചിത്വ മിഷനിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

***റിപ്പോർട്ട്:-*** പരിശോധനയ്ക്ക് വിധേയമാക്കിയ മൂന്ന് സാനിട്ടേഷൻ യൂണിറ്റുകളും ശ്രീ. പ്രസന്ന കുമാർ രൂപകൽപന ചെയ്തതു പ്രകാരമുള്ള നിശ്ചിത പ്ലാനിംഗ് അനുസൃതമായല്ല നിർമ്മിച്ചിട്ടുള്ളതല്ലെങ്കിലും ദുർഗന്ധം തീരെ ഇല്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **Particulars** | **Domestic** | **Commercial Establishments** |
|---|---|---|
| Prasannan's Eco-bio "Waste water treatment " Tank | Rs.2500/- | Rs.15/per litre (10 to 20) |
| Prasannan's Eco-bio "Solid Wast Treatment" Tank | Rs. 4000/- (5 members) | Rs. 20,000/- (Unit for 10 members) |
| Prasannan's Eco-bio "Latrine" Tank | Rs.4000/- | Rs.25,000/- (Unit for 10 members) |
| Prasannan's Eco-bio "Spitoons" | | Rs.2500/- |
| Biogas, Wastwater treatment tank, Solid wast treatment tank, Latrine tank- all these combined as a Composite System | | Rs.60/-per litre (Rs.40/- per litre without Biogas plant) |

അർബൻ സാനിട്ടേഷൻ പ്രോഗ്രാമിന്റെ ഭാഗമായി നിർമ്മിക്കുന്ന സാനിട്ടേഷൻ യൂണിറ്റുകൾക്ക് (3 ചേമ്പർ ടാങ്ക് – 4000 രൂപ ചെലവ്) പകരം ശ്രീ. പ്രസന്നൻ രൂപ കൽപനചെയ്ത ഇക്കോ-ബയോ ലാട്രിൻ ടാങ്ക് ഉപയോഗിക്കാവുന്നതാണ്.

## 2.55 കണ്ണാടി ഗ്രാമപഞ്ചായത്ത്

(i) 2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസ പദ്ധതിക്ക്' (72,000 രൂപ) ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിട്ടില്ല. പ്രോജക്ട് പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

(a) വിധവകൾ, ഉപേക്ഷിക്കപ്പെട്ട വനിതകൾ, പ്രായമായിട്ടും അവിവാഹിതരായി കഴിയുന്നവർ തുടങ്ങിയ സ്ത്രീകളുടെ വികസനം ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

(b) സ്വയംതൊഴിൽ,. സംരംഭങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ ആവശ്യമായ മാനേജ്മെന്റ്, അക്കൗണ്ട്സ് മുതലായ പരിശീലനങ്ങൾ ഇവർക്ക് നൽകുന്നു.

(c) ഇവരുടെ പ്രശ്നങ്ങൾ പഠിക്കാനും യഥാസമയം നിർദ്ദേശങ്ങളും ആശ്വാസ വാക്കുകളും സഹായങ്ങളും നൽകുന്നതിനും ആവശ്യമായ ഒരു കൗൺസിലിംഗ് കേന്ദ്രം സ്ഥാപിക്കുന്നതാണ്. ഇവിടെ MSW/MA sociology ബിരുദമുള്ള ഒരു വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതാണ്.

(d) ഇവർക്ക് ഒരുമിച്ച് കൂടാനും പ്രശ്നങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനും പരിഹാരം തേടാനുമുള്ള അവസരം ഒരുക്കുന്നു.

| Sl No. | Particulars | Period in Months | Rate | Amount |
|---|---|---|---|---|
| 1 | Monthly Meeting | 7 | 1600 | 11200 |
| 2 | Skill Trainings | | | 5000 |
| 3 | Management and accounts Training | | | 4000 |
| 4 | Exposure visits to Successful Units and Individuals | | | 3000 |
| 5 | Salary to the Councilling person | 7 | 5000 | 35000 |
| 6 | Travelling Exp of the Experts and Volunteers | 7 | 1000 | 7000 |
| 7 | Stationary | 7 | 200 | 1400 |
| 8 | Office Rent | 7 | 600 | 4200 |
| 9 | Miscellaneous Expenses | | | 1200 |
| **Total** | | | | **72000** |

(ii) 2008–09 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ച 'വൃദ്ധർക്ക് പകൽ വീട്' എന്ന പ്രോജക്ടിന്റെ (10.75 ലക്ഷം രൂപ) നിർവഹണം മൈത്രി, പാലക്കാട് എന്ന സ്ഥാപനം മുഖേന നടത്തുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം. (ജലവിതരണം, സാനിട്ടേഷൻ എന്നീ മേഖലകളിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് മൈത്രി, പാലക്കാട് എന്ന ഏജൻസിക്ക് അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്.)

### 2.56 കടമ്പൂർ ഗ്രാമപഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര് | വിഭാഗം | വിഹിതം (രൂപ) |
|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസിന് പുറകിൽ മണ്ണ് നീക്കം ചെയ്യൽ, ഓഫീസ് ചോർച്ച മാറ്റൽ, യാർഡ് നിരമ്മാണം | മെയിന്റനൻസ് ഫണ്ട്– റോഡിതരം | 1,90,000 |
| 2. | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ | ” | 98,759 |
| 3. | പഞ്ചായത്ത് ഓഫീസ് സ്റ്റോർ മുറി വയറിംഗ് | ” | 70,000 |
| 4 | ഭാസ്കരൻ മാസ്റ്റർ കുന്നത്തൂർ ഭാഗം തോട് സൈഡ് കെട്ടൽ | ” | 25,000 |
| 5 | പുതിയ അംഗൻവാടിക്ക് കളിക്കോപ്പ് | ” | 10,000 |
| 6 | പഞ്ചായത്ത് ഓഫീസ് കൗണ്ടർ നിർമ്മാണം | ” | 40,000 |
| 7 | യോഗ പരിശീലനം (വനിത) | ” | 12,000 |

സർക്കാർ അനുമതി നൽകണമെന്നതാണ് ആവശ്യം.

### 2.57 മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഹോസ്പിറ്റൽ, കളനാട്, കാസറഗോഡ്

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 'ഗവൺമെന്റ് ഹോമിയോ ഹോസ്പിറ്റൽ കളനാട്' എന്ന സ്ഥാപനത്തിൽ പുതുതായി ആരംഭിച്ച കിടത്തി ചികിത്സാ വിഭാഗത്തിന് ആവശ്യമായ ഫർണിച്ചറും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ടിന് (5.00 ലക്ഷം രൂപ) ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മെയിന്റനൻസ് ഫണ്ടാണ് വകയിരുത്തിയിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് 25,000 രൂപയിൽ താഴെ വിലപിടിപ്പുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങാമെങ്കിലും ഫർണിച്ചറുകൾ സ്കൂളുകൾക്ക് മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നാണ് മനസിലാക്കുന്നത്. ഈ പ്രോജക്ടിൽ ആശുപത്രി കട്ടിൽ, ഡ്രിപ്സ്റ്റാന്റ്, ബെഡ് സൈഡ് ലോക്കർ, മെഡിസിൻ റാക്ക് തുടങ്ങിയവയും വാങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. അവ ഫർണിച്ചറുകളായി കണക്കാക്കാതെ ആശുപത്രി ഉപകരണങ്ങളായാണ് കാണേണ്ടത്. എന്നിരുന്നാലും ഭാവിയിൽ ആഡിറ്റ് പരാമർശമുണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ മുകളിൽ സൂചിപ്പിച്ച തരം ഫർണിച്ചറുകൾ കൂടി വാങ്ങുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന പ്രോജക്ടിന് അനുമതി.

### 2.58 തിരുവനന്തപുരം കോർപ്പറേഷൻ

(i) ഉപയോഗ ശൂന്യമായ 17 വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതിനാൽ അവയ്ക്ക് പകരം പുതിയ 17 വാഹനങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ട് (87.00ലക്ഷം രൂപ) പുതുതായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി. തനത് ഫണ്ട് ഇനത്തിൽ

ലഭ്യമാകുന്ന തുകയാണ് പ്രോജക്ടിന് വകയിരുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എണ്ണം)

| *വാഹനം* | *ലേലം ചെയ്യുന്നത്* | *പുതുതായി വാങ്ങുന്നത്* |
|---|---|---|
| 1. വാട്ടർ ലോറി | 3 | 4 |
| 2. ജീപ്പ് | 6 | – |
| 3. ജെ.സി.ബി | 1 | – |
| 4. മിനി ജെ.സി.ബി | 1 | – |
| 5. ട്രാക്ടർ | 4 | – |
| 6. ആംബുലൻസ് | 2 | 2 |
| 7. കാർ | – | 1 |
| 8. ടാറ്റാ സുമോ | – | 2 |
| 9. ഓപ്പൺ ജീപ്പ് | – | 4 |
| 10. ബൈക്ക് | – | 2 |
| 11. ബൊലേറ ജീപ്പ് | – | 2 |
| **ആകെ** | **17** | **17** |

(ii) പദ്ധതി രൂപീകരണ ചെലവുകൾക്ക് 1.20 ലക്ഷം രൂപയും പദ്ധതി മോണിട്ടറിംഗിന് 50,000 രൂപയുമാണ് മാർഗരേഖ പ്രകാരം വകയിരുത്താവുന്നത്. 86 വാർഡുകളുള്ള നഗരസഭയിൽ രണ്ട് ഘട്ടമായി വാർഡ് സഭകൾ കൂടി പദ്ധതി തയ്യാറാക്കുന്നതിന് 5.00 ലക്ഷം രൂപയിൽ കൂടുതൽ ചെലവ് ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി രൂപീകരണത്തിന് 3.20 ലക്ഷം രൂപയും (വികസന ഫണ്ട് 2.00 ലക്ഷം രൂപ, തനത് ഫണ്ട് 1.20 ലക്ഷം രൂപ) പദ്ധതി മോണിട്ടറിംഗിന് 2.00 ലക്ഷം രൂയും (വികസന ഫണ്ട് 50,000 രൂപ, തനത് ഫണ്ട് 1.50 ലക്ഷം രൂപ) വകയിരുത്തുകയുണ്ടായി. സംസ്ഥാന തല ടെക്നിക്കൽ ഗ്രൂപ്പ് പ്രോജക്ടുകൾക്ക് അനുമതി നൽകേണ്ടതില്ലെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്.

ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസഭയിൽ വാർഡ് കമ്മിറ്റികൾ ചേർന്നാൽ മതിയെന്ന് കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ പദ്ധതി രൂപീകരണത്തിന് വാർഡ് സഭകളാണ് വിളിച്ചു ചേർത്തു വരുന്നത്. പദ്ധതി രൂപീകരണത്തിനും വാർഡ് കമ്മിറ്റികൾ വിളിച്ചു ചേർത്താൽ മതിയോയെന്ന് സ്പഷ്ടീകരണം നൽകണമെന്നും നഗരസഭ ആവശ്യപ്പെട്ടിട്ടുണ്ട്.

(iii) 'വികലാംഗർക്ക് സ്കൂട്ടർ വാങ്ങി നൽകൽ' എന്ന പ്രോജകടിന് (5.00 ലക്ഷം രൂപ) ഡി.പി.സി.യുടെ അനുമതി ലഭിച്ചിട്ടില്ല. സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അനുവദനീയമല്ലാത്തതിനാലാണ് പ്രോജക്ട് നിരസിച്ചത്. ട്രൈസൈക്കിൾ ഉപയോഗിക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്താണ് പ്രത്യേകതരം സ്കൂട്ടർ നൽകുന്നതിന് തീരുമാനിച്ചത്.

(iv) "പാൽ വിപണന പദ്ധതിക്ക്" (11.00 ലക്ഷം രൂപ) ഡി.പി.സിയുടെ അനുമതി ലഭിച്ചിട്ടില്ല. നിലവിലുള്ള മാർഗരേഖ പ്രകാരം മിൽക്ക് വാൻ വാങ്ങി ക്ഷീര സംഘങ്ങൾക്ക് നൽകുവാൻ കഴിയുകയില്ല എന്നതിനാലാണ് അനുമതി നിരസിച്ചത്.

പ്രാഥമികമായി പദ്ധതി നഗരത്തിലെ തെരഞ്ഞെടുത്ത രണ്ട് ക്ഷീരസംഘങ്ങൾ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. പുലർച്ചെ 4 മണിമുതൽ സംഘത്തിൽ സംഭരിക്കുന്ന പാൽ ഉടൻ തന്നെ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ചെറു ടാങ്കിലോ ക്യാനുകൾ അടുക്കി വയ്ക്കാൻ പറ്റുന്ന രീതിയിൽ സെറ്റ് ചെയ്തോ പാൽ ശേഖരിക്കുകയും സീൽ ചെയ്ത് മിൽക്ക് വാൻ ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ഹൗസിംഗ് കോളനികളിൽ 7 മണിക്ക് മുൻപ് വിതരണം ചെയ്ത് കഴിയത്തക്കവിധം പദ്ധതി വിഭാവനം ചെയ്യുന്നു. സംഭരണ സ്ഥലത്തു നിന്നും ശുദ്ധമായ പാൽ ഒട്ടും തന്നെ അന്യ പദാർത്ഥങ്ങൾ കലരാതെ, പ്ലാസ്റ്റിക് പാക്കിംഗ് ഇല്ലാതെ ഉപഭോക്താക്കളുടെ അടുക്കളയിൽ എത്തിക്കുന്നതിന് ഉപയുക്തമാകും വിധമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. മിൽക്ക് വാൻ കൂടാതെ പദ്ധതി വിജയപ്രദമായി ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ കഴിയുകയില്ല.

(v) "വെള്ളായണി പാടശേഖരത്തിൽ കോര മാറ്റി നെൽകൃഷി" എന്ന പ്രോജക്ടിന് ഡി.പി.സി. അനുമതി ലഭിച്ചിട്ടില്ല. സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാലാണ് അനുമതി നിരസിച്ചത്.

വെള്ളയാണി പാടശേഖരത്തിൽപ്പെട്ട നിലമക്കരി, മാങ്കിളിക്കരി എന്നീ പാടശേഖരങ്ങളിൽ ഏകദേശം 25 ഹെക്ടർ സ്ഥലത്ത് കോരപ്പുല്ല് എന്ന കള മൂലം നെൽകൃഷി ചെയ്യാൻ കഴിയുന്നില്ല. കള നീക്കി കൃഷി യോഗ്യമാക്കുന്നതിനാണ് പ്രോജക്ട് നിർദ്ദേശിച്ചിട്ടുള്ളത്. (വികസനഫണ്ട് 1.50 ലക്ഷം രൂപ; തനത് ഫണ്ട് 2.25 ലക്ഷം രൂപ, ഗുണഭോക്തൃ വിഹിതം 2,34,375 രൂപ ആകെ 6,09,375 രൂപ). കോര മാറ്റി കൃഷി ചെയ്യുവാൻ ഒരു ഹെക്ടറിന് 12,500 രൂപ സബ്സിഡി നൽകുന്നതാണ്. കൂടാതെ വിത്തും വളവും നൽകുന്നതിന് ഒരു ഹെക്ടറിന് 2500 രൂപയും സബ്സിഡിയായി നൽകുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**2.59 വടകരപതി ഗ്രാമപഞ്ചായത്ത്**

2002–ൽ കേരള വാട്ടർ അതോറിറ്റിയിൽനിന്നും 14 കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുണ്ട്. അവയുടെ കറന്റ് ചാർജ്ജ്, വേതനം, അറ്റകുറ്റപ്പണികൾ മുതലായ ചെലവുകൾ പഞ്ചായത്ത് നിർവ്വഹിച്ചുവരികയാണ്. ഇവയുടെ അറ്റകുറ്റപ്പണിയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നം. ഭാവിയിൽ ഉണ്ടാകാവുന്ന അറ്റകുറ്റപ്പണികൾക്കായി 5.00 ലക്ഷം രൂപ മെയിന്റനൻസ് ഫണ്ടിൽനിന്നും വകയിരുത്തിയെങ്കിലും പ്രോജക്ടിന് ഡി.പി.സി.യുടെ അനുമതി ലഭിച്ചിട്ടില്ല.

പൈപ്പ് പൊട്ടുകയോ, പമ്പ് പ്രവർത്തനരഹിതമാവുകയോ ചെയ്തതിനുശേഷം എസ്റ്റിമേറ്റും നടപടിക്രമങ്ങളും പൂർത്തിയാക്കി ടെൻഡർ ചെയ്യുകയാണെങ്കിൽ പ്രവർത്തി ആരംഭിക്കുവാൻ കുറഞ്ഞത് മൂന്ന് മാസം വേണ്ടിവരും. ഈ സാഹചര്യത്തിലാണ് പ്രതീക്ഷിത എസ്റ്റിമേറ്റ് എന്ന രീതിയിൽ പ്രോജക്ട് നിർദ്ദേശിച്ചത്.

പ്രോജക്ടിന് അനുമതി ലഭിച്ചാലും അന്നന്ന് ഉണ്ടാകുന്ന പണികളുടെ എസ്റ്റിമേറ്റ് എടുത്ത് റണ്ണിംഗ് കോൺട്രാക്ട് പ്രകാരമേ പൂർത്തീകരിക്കാനാവൂ. എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുന്നത് യാഥാർത്ഥ്യമായുണ്ടായേക്കാവുന്ന ചെലവുകൾ മാത്രമല്ലെന്നും പണി നടത്തിക്കുന്ന ചുമതലക്കാരന് കാര്യകാരണസഹിതം സാങ്കേതികാനുമതി തുകയിലൊതുങ്ങി ഭരണാനുമതി നൽകാൻ പ്രാപ്തമായ ഘടകത്തിന്റെ അംഗീകാരം വാങ്ങിയാൽ മതിയാകുമെന്ന വ്യവസ്ഥയേ വയ്ക്കേണ്ടതുള്ളൂ എന്ന നിബന്ധനയോടെ 'കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ' എന്ന പ്രോജക്ടിന് സർക്കാർ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.60 കൊല്ലം കോർപ്പറേഷൻ**

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ചുവടെ പ്രതിപാദിക്കുന്ന ഭേഗതികൾ വരുത്തണമെന്നതാണ് ആവശ്യം.

(1) ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള എല്ലാ പ്രോജക്ടുകളും സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതില്ല. ഇത് ഏറെ കാലതാമസത്തിന് ഇടയാക്കുന്നു. 25 ലക്ഷം രൂപ വരെ അടങ്കൽ വരുന്ന പ്രോജക്ടുകൾ ജില്ലാതല ടി.എ.ജിയുടെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കാവുന്നതാണ്.

(2) മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്സ്) ഉപയോഗിച്ച് നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ആസ്തികളുടെ (കോർപ്പറേഷൻ ഓഫീസ് കെട്ടിടം, സോണൽ ഓഫീസുകൾ, ലൈബ്രറി കെട്ടിടങ്ങൾ മുതലായ) മെയിന്റനൻസ് നടത്തുന്നതിന് അനുവാദമില്ല. മെയിന്റനൻസ് ഗ്രാന്റിൽനിന്നും നിശ്ചിത ശതമാനം തുക പ്രസ്തുത പ്രവർത്തികൾ നടത്തുന്നതിന് അനുവാദം നൽകേണ്ടതാണ്.

(3) മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്സ്) ഉപയോഗിച്ച് സ്കൂളുകൾക്ക് ആവശ്യമായ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകാവുന്നതാണ്. ഇപ്പോൾ ഫർണിച്ചറുകൾ വാങ്ങുന്നതിന് മാത്രമാണ് അനുവാദം നൽകിയിട്ടുള്ളത്.

(4) മാർഗ്ഗരേഖപ്രകാരം മഴവെള്ള സംഭരണം ഉൾപ്പെടെയുള്ള നീർത്തടപരിപാലന പരിപാടികൾ ഉല്പാദനമേഖലയിൽ ഉൾപ്പെടുത്താം. എന്നാൽ ജലസംരക്ഷണ ത്തിന്റെ ഭാഗമായി നടത്തുന്ന കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തുവാൻ അനുവദിക്കുന്നില്ല. പ്രസ്തുത പ്രവൃത്തികൾ കൂടി ഉല്പാദനമേഖലയിൽ ഉൾപ്പെടുത്താൻ അനുവദിക്കേ ണ്ടതാണ്.

**2.61 തൃക്കോട്ടൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം**

കരാറുകാർ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കുറഞ്ഞ ടെണ്ടറിനേക്കാൾ 10% അധികം നൽകി ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങളെ പ്രവർത്തി ഏൽപ്പിക്കാവുന്നതാണെന്ന സഹകരണ വകുപ്പിന്റെ ഉത്തരവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമല്ലെന്ന് വ്യക്തമാക്കിയതിനെത്തുടർന്ന് സഹകരണ സംഘങ്ങളുടെ നിലനില്പുതന്നെ പ്രതിസന്ധിയിലാണ്. ടെണ്ടറിൽ പങ്കെടുക്കാനെത്തുന്ന കരാറുകാർ ഒറ്റക്കെട്ടായി ലേബർ സംഘങ്ങൾ ടെണ്ടർഫോം വാങ്ങുന്ന പ്രവർത്തികൾ വളരെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് സംഘങ്ങൾക്ക് പ്രവർത്തി ലഭിക്കാതാക്കുന്ന തന്ത്രം പ്രയോഗിക്കുന്നു. ഇക്കാര്യത്തിൽ സംഘടനാഭേദമെന്യേ കരാറുകാർ ഒറ്റകെട്ടാണ്. സംഘങ്ങൾക്ക് മത്സരിച്ച് നിൽക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കണം.

(1) സഹകരണ വകുപ്പിന്റെ ഉത്തരവ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കണം; അല്ലെങ്കിൽ

(2) ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ ഒരു നിശ്ചിത ശതമാനം മരാമത്ത് പ്രവർത്തികൾ, സംഘങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ ഇ.എം.ഡി. ഒഴിവാക്കി എസ്റ്റിമേറ്റ് നിരക്കിൽ സംഘങ്ങളെ ഏല്പിക്കുന്നതിന് അനുമതി നൽകണം.

**2.62 കള്ളാർ ഗ്രാമപഞ്ചായത്ത്**

മുൻകാലങ്ങളിൽ ഭവനനിർമ്മാണ ആനുകൂല്യം നൽകിയതിൽ വീട് പണി പൂർത്തിയാക്കാൻ കഴിയാത്ത പട്ടികവർഗ ഗുണഭോക്താക്കൾക്ക് അവ പൂർത്തിയാക്കുവാൻ ധനസഹായം നൽകുന്നതിന് 2008-09 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് അനുമതി.

**2.63 ആലപ്പുഴ ജില്ലാപഞ്ചായത്ത്**

(i) 2007-08-ൽ മൂന്ന് ആധുനിക കൊയ്ത്ത്-മെതി യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. നടപ്പുവർഷം 4 എണ്ണം വാങ്ങുന്നതിനും ഉദ്ദേശിക്കുന്നു. ഉപയോഗത്തില്ലാത്തപ്പോൾ ഇവ വെയിലും മഴയും കൊള്ളാതെ സൂക്ഷിക്കേണ്ടതുള്ളതിനാൽ ഒരു സ്റ്റീൽ ഫാബ്രിക്കേറ്റഡ് ഷെഡ് നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് (SILK) എന്ന പൊതുമേഖലാ സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റ് (14.30 ലക്ഷം രൂപ) പ്രകാരമുള്ള പ്രോജക്ടിന് മെയിന്റനൻസ് ഫണ്ടാണ് വകയിരുത്തിയത് (തറ കോൺക്രീറ്റ് ചെയ്യുന്നതിന് 5.76 ലക്ഷം രൂപ ഉൾപ്പെടെ ആകെ 20.06 ലക്ഷം രൂപ). ഈ പ്രവർത്തിക്ക് മെയിന്റനൻസ് ഫണ്ട് അനുവദനീയമല്ല എന്ന കാരണത്താൽ എസ്.എൽ.റ്റി.ജി. ശുപാർശ ചെയ്തിട്ടില്ല.

സിൽക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള സ്റ്റീൽ ഫാബ്രിക്കേഷൻ പ്രവർത്തികൾ ഒരു ഡെപ്പോസിറ്റ് വർക്കായി പ്രസ്തുത സ്ഥാപനം മുഖേന നിർവ്വഹണം നടത്തുന്നതിനും തറ കോൺക്രീറ്റ് ചെയ്യൽ ഉൾപ്പെടെ ഷെഡിന്റെ നിർമ്മാണ ചെലവ് പൂർണമായും മെയിന്റനൻസ് ഫണ്ടിൽ നിന്ന് വഹിക്കുന്നതിനും അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(ii) നിരവധി ഔദ്യോഗിക ആവശ്യങ്ങൾക്കും ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധനയ്ക്കും ജില്ലാ പഞ്ചായത്തിന്റെ കോൺഫറൻസ് ഹാളാണ് ഉപയോഗിക്കുന്നത്. ഒരേസമയം ഒന്നിൽക്കൂടുതൽ യോഗങ്ങൾ നടത്തേണ്ടിവരുമ്പോൾ വളരെയധികം പ്രയാസം നേരിടുന്നുണ്ട്.. കെട്ടിടത്തിന്റെ പ്രത്യേക ശൈലിയിലുള്ള നിർമ്മാണം കാരണം കൂടുതൽ നിലകൾ പണിയാൻ സാധ്യമല്ല. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകളിലുള്ള തുറന്ന ടെറസ്സ് പരമ്പരാഗത കേരളീയ ശൈലിയ്ക്കിണങ്ങുംവിധം സ്റ്റീൽ ഫാബ്രിക്കേഷൻ വർക്ക് ചെയ്ത് ടൈൽ പ്രൊഫൈൽ ഷീറ്റുപയോഗിച്ച് മേൽക്കൂര നിർമ്മിച്ച് ഒരു ഹാൾകൂടി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് (SILK) 4,94,275 രൂപയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിച്ച് ഡിപ്പോസിറ്റ് വർക്കായി SILK നെ ഏല്പിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

**2.64 രാമന്തളി ഗ്രാമപഞ്ചായത്ത്**

മെയിന്റനൻസ് ഫണ്ടുപയോഗിച്ച് നിലവിലുള്ള കുടിവെള്ള സ്കീമുകളുടെ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന് 2008–09 വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയെങ്കിലും ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചില്ല. കുടിവെള്ള ക്ഷാമം വളരെ രൂക്ഷമായി അനുഭവപ്പെടുന്ന ഒരു പ്രദേശം ആയതിനാലും തനത് ഫണ്ട് പരിമിതമായതിനാലും മെയിന്റനൻസ് ഫണ്ടുപയോഗിച്ച് കുടിവെള്ള സ്കീമുകളുടെ ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തികൾ നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.65 പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതി ഒന്നാംഘട്ടത്തിൽ അംഗീകാരം ലഭിച്ച 'സമഗ്ര കാർഷിക വികസന പദ്ധതി' എന്ന പ്രോജക്ടിൽ 'മണ്ണ് സംരക്ഷണം' എന്ന ഘടകത്തിന് 2,50,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ലായെന്നും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പാക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് ശേഷമാണ് ലഭിച്ചത്. മാത്രമല്ല; പ്രോജക്ടിൽ വിഭാവന ചെയ്യുന്ന മണ്ണ് സംരക്ഷണ പ്രവർത്തനം ഒറ്റപ്പെട്ട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവർത്തികൾ നടപ്പാക്കുന്നതിനാണ്. ഇവ തൊഴിലുറപ്പ് പദ്ധതിപ്രകാരം

നടപ്പാക്കാൻ കഴിയുകയില്ല. ആയതിനാൽ അംഗീകാരം ലഭിച്ച പ്രോജക്ട് പ്രകാരം സബ്സിഡി നൽകാൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യ പ്പെട്ടിട്ടുണ്ട്.

**2.66 ജില്ലാ ആസൂത്രണ സമിതി, തൃശൂർ**

കുടിവെള്ള സ്കീമുകളിൽനിന്നും പൈപ്പ് ലൈൻ കണക്ഷൻ എടുക്കുന്ന കുടുംബങ്ങൾക്ക് സബ്സിഡി നൽകുന്ന തരത്തിലുള്ള പ്രോജക്ടുകൾ അനുവദനീ യമാണോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതാണ് ആവശ്യം.

**2.67 വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്**

ഭരണമാറ്റത്തെ തുടർന്നുണ്ടായ സംഭവവികാസങ്ങൾ കാരണം രണ്ടാംഘട്ട പ്രോജക്ടുകൾ യഥാസമയം സമർപ്പിക്കാൻ കഴിഞ്ഞില്ല. 20.12.2008-ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി യോഗത്തിലാണ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പരിഗണിച്ചത്. ചെയർപേഴ്സൺ ചുവടെ പറയുന്ന രണ്ട് കാര്യങ്ങൾ നിർദ്ദേശിക്കുകയുണ്ടായി.

(1) 25% തുകയ്ക്കുള്ള പ്രോജക്ടുകൾ കുറവ് ചെയ്ത് മാത്രമെ പദ്ധതിക്ക് അംഗീകാരം നൽകുകയുള്ളൂ. ഒഴിവാക്കേണ്ട പ്രോജക്ടുകൾ ഏതൊക്കെ യെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്ത് അറിയിക്കണം.

(2) പഞ്ചായത്ത് ഫണ്ടിന്റെ ഇപ്പോഴത്തെ സ്ഥിതി വിലയിരുത്തി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ തനത്ഫണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകയുള്ളൂ (90 ലക്ഷം രൂപയുടെ തനത് ഫണ്ട് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്).

പഞ്ചായത്തിന്റെ പ്രതീക്ഷിത വരുമാനം കണക്കാക്കിയാണ് തനത്ഫണ്ട് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. വിഴിഞ്ഞം തുറമുഖ വികസനവുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുള്ളതിനാൽ 100% പ്രോജക്ടുകളും അംഗീകരിക്കണമെന്ന് ഡി.പി.സി.ക്ക് നിർദ്ദേശം നൽകണമെന്ന താണ് ആവശ്യം.

**2.68 മല്ലപ്പള്ളി ബ്ലോക്ക്പഞ്ചായത്ത്**

2006-07 വാർഷിക പദ്ധതിയിൽ വികസനഫണ്ടിന്റെ 84.62% തുക ചെലവഴിച്ചിട്ടുണ്ട്. 80 ശതമാനത്തിൽ കൂടുതൽ ചെലവഴിച്ചതുകാരണം ഷോർട്ട്ഫാൾ ഉണ്ടായിട്ടില്ല. എന്നാൽ 2006-07-ലെ ഷോർട്ട്ഫാൾ ഇനത്തിൽ 2008-09 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ അനുബന്ധം IV-ൽ 21.48 ലക്ഷം രൂപ കുറവ് ചെയ്താണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക കൂടി അനുവദിച്ചു നൽകണമെന്നതാണ് ആവശ്യം.

**ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട്**

പദ്ധതി വിഹിതത്തിൽനിന്നും മുൻവർഷങ്ങളിൽ നബാർഡ് പ്രവർത്തികൾക്കായി ചെലവഴിച്ചിട്ടുള്ള വകയിൽ 2006-07 സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ (2007 മാർച്ച് 27,29 തീയതികളിൽ) രണ്ട് അലോട്ട്മെന്റുകൾവഴി

42,76,500 രൂപ നബാർഡ് റീഇംബഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ചു നൽകിയിരുന്നു. ആ തുക 30.03.2007–നുതന്നെ മല്ലപ്പള്ളി ട്രഷറിയിൽ വരവ് വരുത്തുകയും ചെയ്തു. ഈ കാലയളവിൽ നടന്നുകൊണ്ടിരുന്ന നബാർഡ് പ്രവർത്തിയായ വടക്കേക്കടവ്–പാറാമതുരുത്ത് കടമാൻകുളം റോഡിന് 8,78,903 രൂപ 31.03.2007–ന് ചെലവഴിക്കുകയും ചെയ്തു. ബാക്കി തുകയായ 33,97,597 രൂപ 2006–07 സാമ്പത്തികവർഷം ചെലവഴിക്കാൻ കഴിയാതെ പോയത്, പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചതിനുശേഷം ആ സാമ്പത്തിക വർഷം ഒരുദിവസം മാത്രം ബാക്കിയിരിക്കെ പുതിയ പ്രോജക്ടുകൾ തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം നേടി നടപ്പിലാക്കുവാൻ സാധിക്കാത്തതിനാലാണ്. മറിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യക്ഷമതയിൽ ഉണ്ടായ പിഴവോ, ഉപേക്ഷയാലോ ആയിരുന്നില്ല. ബാക്കി തുക ക്യാരിഓവർ ചെയ്ത് 2007–08 സാമ്പത്തിക വർഷത്തിൽ പുതിയ പ്രോജക്ടുകൾ തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം നേടി പൂർത്തീകരിക്കുകയും 2007–08–ൽ 29,59,272/– രൂപ വിനിയോഗി ക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഷോർട്ട്ഫോൾ ഇനത്തിൽ 2008–09 സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ കുറവുവരുത്തിയിട്ടുള്ള 21.48 ലക്ഷം രൂപ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചുനൽകണമെന്ന് ശുപാർശ ചെയ്യുന്നു.

**2.69 ഇൻഫർമേഷൻ കേരള മിഷൻ**

1. ജനന–മരണ–വിവാഹ രജിസ്ട്രേഷനുകളുടെ തൻകാല വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും ഉള്ള നടപടി ഇതിനകം എല്ലാ നഗരസഭകളിലും 400 ലധികം ഗ്രാമപഞ്ചായത്തുകളും നടപ്പിലാക്കിക്കഴിഞ്ഞു. മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രസ്തുത നടപടി ഉടൻ തന്നെ പൂർത്തിയാക്കേണ്ടതുണ്ട്. ഇതുമൂലം തൻക്കാല രജിസ്ട്രേഷനുകൾ സുതാര്യവും കുറ്റമറ്റതും ആക്കുന്നതിനും യഥാസമയം സർട്ടിഫിക്കറ്റുകൾ നൽകുന്നതിലൂടെ മെച്ചപ്പെട്ട സേവനം നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. എന്നാൽ 1970 മുതലുള്ള മുൻകാല റിക്കാർഡുകൾ കൂടി കമ്പ്യൂട്ടറൈസ് ചെയ്താൽ മാത്രമേ ഇതു സംബന്ധമായ പ്രവർത്തനങ്ങൾ പൂർണ്ണമാകുകയുള്ളൂ. കൂടാതെ കമ്പ്യൂട്ടർവൽകൃതമായി സർട്ടിഫിക്കറ്റ് വിതരണവും മറ്റ് സേവനങ്ങളും കൂടുതൽ എളുപ്പത്തിൽ നൽകാനും സാധിക്കുകയുള്ളൂ.

2. ജി.ഒ.(എം.എസ്)9/2004/പ്ലാനിംഗ് തീയതി 16.2.2004 പ്രകാരം തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ്, ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനന–മരണ–വിവാഹ രജിസ്ട്രേഷൻ സംബന്ധമായ മുൻകാല വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുവാൻ ഇൻഫർമേഷൻ കേരള മിഷന് അനുവാദം നൽകുകയും അതു സംബന്ധമായ മാർഗരേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. റിക്കോർഡ് ഒന്നിന് 4 രൂപ നിരക്കിൽ പദ്ധതി വിഹിതത്തിൽ

ഉൾപ്പെടുത്തി തുക ഇൻഫർമേഷൻ കേരള മിഷന് മുൻകൂർ നൽകാനും അനുമതി നൽകിയിരുന്നു.

3. മുകൾ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുകയടച്ച തിരുവനന്തപുരം ജില്ലയിലെ 21 ഗ്രാമപഞ്ചായത്തുകളിലെയും മലപ്പുറം ജില്ലയിലെ 83 ഗ്രാമപഞ്ചായത്തുകളിലെയും ജനന രജിസ്ട്രേഷനുകളും കാസർഗോഡ് ജില്ലയിലെ 20 ഗ്രാമപഞ്ചായത്തുകളിലെ ജനന–മരണ രജിസ്ട്രേഷനുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ച് വിവിധ ഘട്ടങ്ങളിലായി പൂർത്തിയായി വരുന്നു. എന്നാൽ വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല വിവരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ ആരംഭിച്ചിട്ടില്ല.

4. സർക്കാർ നിർദ്ദേശപ്രകാരം വിവിധ നഗരസഭകളിലും (5 കോർപ്പറേഷനുകളിലും 49 മുനിസിപ്പാലിറ്റികളിലും) മുൻകാല ജനന റിപ്പോർട്ടുകളുടെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മറ്റു പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രസ്തുത പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് വിവിധ കാരണങ്ങളാൽ ഇനിയം വേണ്ടത്ര വേഗതയും പുരോഗതിയും കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല.

5. ഇതുവരെ നടത്തിയ പ്രവർത്തന പരിചയത്തിന്റെ അടിസ്ഥാനത്തിൽ രീതിശാസ്ത്രം പരിഷ്കരിക്കുകയും മാനനീകരിച്ച് സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയതിട്ടുണ്ട്. 2004–ൽ നിശ്ചയിച്ച നിരക്കുകളിൽ കോലോചിതമായ മാറ്റം വരുത്തേണ്ടതുണ്ട്. മാത്രമല്ല സിവിൾ രജിസ്ട്രേഷൻ മുൻകാല റിക്കോർഡുകളുടെ കമ്പ്യൂട്ടർവത്ക്കരണം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ യൂണിറ്റുകളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുമുണ്ട്.

6. അതിനാൽ കൂടുതൽ വേഗത്തിലും സുഗമമായും മുൻകാല സിവിൾ രജിസ്ട്രേഷൻ റിക്കോർഡുകളുടെ കമ്പ്യൂട്ടർവത്കരണം തനതു സ്ഥാപനങ്ങൾ തന്നെ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. (നിർദ്ദേശങ്ങൾ പ്രത്യേകം നൽകിയിട്ടുണ്ട്.)

7. റിക്കോർഡ് ഒന്നിന് 6 രൂപ നിരക്കിൽ നിലവിലുള്ള തുക പുതുക്കി നിശ്ചയിക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ നിരക്കിൽ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി.കളുടെ അംഗീകാരം നേടുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. ഈ വർഷത്തെ സേവിംഗ്സിൽ നിന്നോ, അടുത്ത സാമ്പത്തിക വാർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നോ തുക കണ്ടെത്തി വകയിരുത്താൻ അനുമതി നൽകാവുന്നതാണ്

8. ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയാത്ത ജോലികൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ അനുമതി നൽകാവുന്നതാണ്. സേവന ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**9.** ഇൻഫർമേഷൻ കേരള മിഷന് മുൻകൂർ 4 രൂപ അടച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇനിയും പൂർത്തിയാകാത്ത ജോലികൾക്ക് ഈ നിരക്ക് ബാധകമാക്കാവുന്നതാണ്.

**ജനന–മരണ–വിവാഹ രജിസ്ട്രേഷൻ – മുൻകാല വിവരങ്ങൾ (PDE) തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള മാർഗ്ഗരേഖ**

1. 1970 മുതൽ – സേവന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തൽസമയ സിവിൽ രജിസ്ട്രേഷൻ ഓൺലൈൻ ആയി നടപ്പാക്കിയ തീയതി വരെയുള്ള ജനന–മരണ–വിവാഹ റിക്കോർഡുകൾ കമ്പ്യൂട്ടറൈസ് ചെയ്യേണ്ടതാണ്. ആദ്യ ഘട്ടമായി 2000 മാണ്ടുവരെ ചെയ്യണം.

2. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത **സേവന PDE**–മൊഡ്യൂൾ ഉപയോഗിച്ച് അവരുടെ സാങ്കേതിക സഹായത്തോടു കൂടിയാണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. തദ്ദേശഭരണ സ്ഥാപനത്തിൽ കമ്പ്യൂട്ടർ സൗകര്യം ലഭ്യമാണെങ്കിൽ നിലവിലുള്ള സംവിധാനത്തിൽ ഈ ജോലി ചെയ്യാവുന്നതാണ്. കുടുംബശ്രീ/അക്ഷയ യൂണിറ്റുകളിൽ നിന്നും ഡാറ്റാഎൻട്രി ജോലി ഔട്ട്സോഴ്സ് ചെയ്യാവുന്നതുമാണ്.

4. തദ്ദേശഭരണ സ്ഥാപനത്തിൽ കമ്പ്യൂട്ടർ സൗകര്യം ലഭ്യമല്ലെങ്കിൽ കുടുംബശ്രീ/ അക്ഷയ യൂണിറ്റുകളുമായി ആലോചിച്ച് ഡേറ്റാ എൻട്രിക്കും മറ്റും ഉള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

5. സോഫ്റ്റ്‌വെയർ സംബന്ധമായ പരിശീലനം, സാങ്കേതിക സഹായം, ഗുണനിലവാര പരിശോധന എന്നിവ ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കേണ്ടതാണ്.

6. കുടുംബശ്രീ/അക്ഷയ യൂണിറ്റ്/ഇൻഫർമേഷൻ കേരള മിഷൻ എന്നിവരുമായി നടത്തിപ്പ് സംബന്ധമായ ധാരണാപത്രം ഒപ്പ് വയ്ക്കേണ്ടതാണ്.

7. തദ്ദേശ ഭരണ സ്ഥാപനതലത്തിലെ ഹെൽത്ത് വിഭാഗത്തിലെ ഒരുദ്യോഗസ്ഥനെ പദ്ധതിയുടെ നോഡൽ ഓഫീസർ ആയി ചുമതലപ്പെടുത്തണം. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, രജിസ്ട്രേഷൻ ഓഫീസർ, നോഡൽ ഓഫീസർ, ബന്ധപ്പെട്ട ഏജൻസിയുടെ പ്രതിനിധികൾ എന്നിവർ അടങ്ങുന്ന സമിതി പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതാണ്. സമിതി നിശ്ചിത സമയങ്ങളിൽ വിളിച്ചു ചേർക്കേണ്ട ചുമതല നോഡൽ ഓഫീസർക്കാണ്.

8. രജിസ്ട്രേഷൻ രേഖകൾ ഡാറ്റാഎൻട്രി സെന്ററിൽ എത്തിക്കുക, പേജുകളും മറ്റും ഡാറ്റാഎൻട്രിക്കു ഉപയുക്തമായ രീതിയിൽ ആണെന്നുറപ്പുവരുത്തുക, രജിസ്റ്ററുകൾ തിരികെ വാങ്ങി സൂക്ഷിക്കുക എന്നിവ – തദ്ദേശഭരണ സ്ഥാപനത്തിന്റ ചുമതല ആയിരിക്കും.

9. ഡാറ്റാഎൻട്രി, പരിശോധന, 100 ശതമാനം ഗുണനിലവാര പരിശോധന എന്നിവ തീരുന്ന മുറയ്ക്ക് തന്നെ ഡാറ്റാഎൻട്രി പ്രിന്റ് ഔട്ട് തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതാണ്. ഡാറ്റയിലെ അപാകതകൾ ഉൾപ്പെടെയുള്ള ഒരു ഡിജിറ്റൈസേഷൻ റിപ്പോർട്ടും ഇൻഫർമേഷൻ കേരള മിഷൻ ലഭ്യമാക്കണം

10. ഈ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ ഇൻഫർമേഷൻ കേരള മിഷൻ സേവന ഡേറ്റാബേസിലേയക്ക് ഇത് സംവേദിപ്പിക്കേണ്ടതാണ് (ഡേറ്റാ പോർട്ടിംഗ്).

11. റെക്കാർഡുകൾ സംബന്ധിച്ച അപാകതകൾ പരിഹരിച്ചുകൊണ്ട് ഡാറ്റയുടെ കൃത്യത ജനന–മരണ രജിസ്ട്രേഷൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

12. ഡാറ്റാഎൻട്രി, വെരിഫിക്കേഷൻ, തെറ്റുതിരുത്തൽ, പ്രിന്റിംഗ് മറ്റു ചെലവുകൾ എന്നിവയ്ക്കായി റെക്കോർഡ് ഒന്നിന് 4 രൂപ നിരക്കിലും, ഡാറ്റാ എൻട്രി പ്രിപ്രോസസിംഗ്– പരിശീലനം – സാങ്കേതിക സഹായം ഡാറ്റാ ബാക്ക് അപ്പ്– 100 ശതമാനം ഗുണനിലവാര പരിശോധന എന്നിവയ്ക്ക് ഒരു റെക്കോർഡിന് ഐ.കെ.എം.–ന് 2 രൂപാ നിരക്കിലും (അകെ റിക്കോർഡ് ഒന്നിന് 6 രൂപ) പ്രോജക്ട് സമർപ്പിക്കാവുന്നതാണ്.

13. ഇതിലേയ്ക്ക് ആവശ്യമായ തുക പദ്ധതി വിഹിതത്തിലെ പൊതു വിഭാഗം ഫണ്ടിൽ വകയിരുത്താം. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട തലങ്ങളിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.

14. റെക്കോർഡ് ഒന്നിന് 2 രൂപ നിരക്കിൽ തുക ഇൻഫർമേഷൻ കേരള മിഷന് മുൻകൂർ നൽകേണ്ടതാണ്.

15. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവർ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രതിമാസ അവലോകന യോഗങ്ങളിൽ വിലയിരുത്തണം.

**16.** പദ്ധതി സമർപ്പിക്കുന്നതിനുള്ള മാതൃകാ നിർദ്ദേശങ്ങൾ കൂടി നൽകാവുന്നതാണ്.

**2.70 എറണാകുളം ജില്ലാ പഞ്ചായത്ത്**

(i) 2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ചില പ്രോജക്ടുകളിൽ ഒന്നിലേറെ പ്രവർത്തികൾ കൂട്ടിച്ചേർത്തിരുന്നു. അവയിൽ ചില പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാക്കാത്തവ തുടർന്ന് നടപ്പാക്കേണ്ടതുണ്ട്. വ്യത്യസ്ത പ്രോജക്ടുകൾ കൂട്ടിച്ചേർത്ത് ഒറ്റ പ്രോജക്ടായി നിർദ്ദേശിക്കുന്നത് അനുവദനീയമല്ല എന്ന കാരണം രേഖപ്പെടുത്തി പ്രസ്തുത പ്രോജക്ടുകൾ അംഗീകരിക്കേണ്ടതില്ലെന്നാണ് എസ്.എൽ.റ്റി.ജി. ശുപാർശ ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ വിവര വ്യൂഹത്തിൽ ഉൾപ്പെട്ട പ്രോജക്ടുകൾ മാത്രമെ

സ്പിൽഓവർ ആയി ഈ വർഷം ഏറ്റെടുക്കാൻ കഴിയൂ. ആയതിനാൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ തന്നെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി. **വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.**

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രവൃത്തിക ളുടെ എണ്ണം | സ്പിൽഓവറാ യി തുടരേണ്ട പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|
| 1 | സോയിൽ കൺസർവേഷൻ | 24 | 5 |
| 2 | ജനകീയാസൂത്രണ പദ്ധതിയിലും കേരള വികസന പദ്ധതിയിലും ഏറ്റെടുത്ത് പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതി കളുടെ പൂർത്തീകരണം | 18 | 1 |
| 3 | ജനകീയാസൂത്രണ പദ്ധതിയിലും കേരള വികസന പദ്ധതിയിലും ഏറ്റെടുത്ത് പൂർത്തീകരിക്കാത്ത ജലസേചന പദ്ധതി കളുടെ പൂർത്തീകരണം | 19 | 3 |
| 4 | ഹൈസ്കൂൾ കെട്ടിട നിർമ്മാണം | 7 | 1 |
| 5 | പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനം | 29 | 16 |
| 6 | പട്ടികജാതി ശ്മശാനങ്ങൾക്ക് ചുറ്റുമതിൽ, ഷെൽട്ടർ | 9 | 4 |
| 7 | ജനകീയാസൂത്രണ പദ്ധതിയിലും കേരള വികസന പദ്ധതിയിലും ഏറ്റെടുത്ത കമ്മ്യൂണിറ്റി ഹാളുക ളുടെ പൂർത്തീകരണം | 20 | 6 |
| 8 | മഴമൂലം തകർന്ന റോഡുകളുടെ അറ്റകുറ്റ പ്പണികൾ | 60 | 41 |

(ഓരോ പ്രവൃത്തിയും പ്രത്യേക പ്രോജക്ടായി തയ്യാറാക്കി വാർഷികപദ്ധതി പരിഷ്കരിക്കണമെന്ന് കഴിഞ്ഞവർഷത്തെ പദ്ധതി പരിശോധനാ വേളയിൽ തന്നെ എസ്.എൽ.റ്റി.ജി. ജില്ലാ പഞ്ചായത്തിനോട് നിർദ്ദേശിച്ചിരുന്നതാണ്).

(ii) 2007–08 വാർഷിക പദ്ധതിയിലെ ചെലവ് കണക്കുകൾ തയ്യാറാക്കിയപ്പോൾ നോട്ടപ്പിശക്മൂലം 95 പ്രോജക്ടുകളുടെ ചെലവ് കണക്കുകളിൽ പിശക് സംഭവിച്ചുപോയി. പ്രസ്തുത പ്രോജക്ടുകൾ ചെലവ് കണക്ക് തിരുത്തി പുന:സമർപ്പിക്കാൻ എസ്.എൽ.റ്റി.ജി. നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുകണക്കുകൾ തിരുത്തുന്നതിന് അനുമതി.

(iii) ജില്ലാ കേരളോത്സവം നടത്തിപ്പ് ചെലവുകൾക്കായി 2008–09 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും അംഗീകരിക്കേണ്ടതില്ലെന്നാണ് എസ്.എൽ.റ്റി.ജി. ശുപാർശ ചെയ്തിട്ടുള്ളത്. അംഗീകാരം ലഭിക്കുമെന്ന ധാരണയിൽ തുക ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രോജക്ടിന് അംഗീകാരം നൽകണമെന്നതാണ് ആവശ്യം.

**2.71 പാലക്കാട് ജില്ലാ പഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിലെ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ എസ്.എൽ.റ്റി.ജി. ശുപാർശപ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(1) ഖാദി മൊബൈൽ യൂണിറ്റ് (വികസനഫണ്ട് 10.00 ലക്ഷം രൂപ, അടങ്കൽ 11.50 ലക്ഷം രൂപ)

ഖാദി ഗ്രാമവ്യവസായ ഉല്പന്ന വിതരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ വാൻ വാങ്ങുന്നതിന് ലക്ഷ്യമിടുന്നു. ജില്ലാ ഖാദി ഗ്രാമവ്യവസായ

കേന്ദ്രത്തിൽ നിലവിലുള്ള ഡ്രൈവറുടെ സേവനം ഉപയോഗിക്കുന്നതാണ്. തുടർ മെയിന്റനൻസ് ചെലവുകൾ ജില്ലാ ഖാദി ഗ്രാമ വ്യവസായ കേന്ദ്രം വഹിക്കുന്നതാണ്.

(2) വാട്ടർഷെഡ് അടിസ്ഥാനത്തിലുള്ള മണ്ണ് സംരക്ഷണം (2008–09 : 20 ലക്ഷം രൂപ, 2009–10 : 8.00 ലക്ഷം)

ഒന്നാംഘട്ടത്തിൽ ഏകവർഷ പ്രോജക്ട് എന്ന നിലയ്ക്ക് അംഗീകാരം ലഭിച്ചതാണ്. എന്നാൽ രണ്ടാംഘട്ടത്തിൽ ബഹുവർഷ പ്രോജക്ടായി പരിഷ്ക്കരിച്ച് സമർപ്പിച്ചപ്പോൾ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നടപ്പാക്കാൻ എസ്.എൽ.റ്റി.ജി. നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ആരംഭിച്ചതിനാൽ ഒന്നാംഘട്ടത്തിൽ നൽകിയ അനുമതി അംഗീകരിച്ചു നൽകണം.

(3) പാലക്കുഴി ജലവൈദ്യുതപദ്ധതി (വികസന ഫണ്ട് 15.00 ലക്ഷം ലക്ഷം രൂപ)

ആലത്തൂർ, നെൻമാറ എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടെയും അവയുടെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളുടെയും വിഹിതം വിനിയോഗിച്ച് ജില്ലാ പഞ്ചായത്തിന്റെ അനുബന്ധ സ്ഥാപനമായ പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി മുഖേന വൈദ്യുതി ഉല്പാദനം ലക്ഷ്യമിടുന്നു. 2007–08–ൽ വിഹിതം കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി ലഭിച്ചിരുന്നു. അതുപോലെ നടപ്പുവർഷത്തെ വിഹിതവും (15.00 ലക്ഷം രൂപ) കമ്പനിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി.

**2.72 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്**

സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാനേജർമാർ വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളെ അയയ്ക്കാൻ രക്ഷാകർത്താക്കൾ തയ്യാറാകുന്നില്ല. ഇത് സർക്കാർ സ്കൂളുടെ അടച്ചുപൂട്ടലിലേക്ക് നയിക്കുന്നു. ഈ സാഹചര്യത്തിൽ 100–ൽ താഴെ വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന സ്കൂൾ എന്നതുകൊണ്ട് സ്വന്തം വാഹനം വേണ്ടിവരില്ല എന്നത് പരിഗണിച്ച് വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിന് വാഹന വാടക ഇനത്തിൽ നൽകുന്ന തുക പരമാവധി 20,000 രൂപ വരെ തനത്/ജനറൽപർപ്പസ് ഫണ്ടിൽനിന്നും ചെലവഴിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്നതാണ് ആവശ്യം.

**2.73 എറിയാട് ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിൽ പുതുതായി ഐ.ടി.ഐ. അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലം, കെട്ടിടം, ഫർണിച്ചറുകൾ എന്നിവ നൽകണമെന്ന് സ്ഥാപനം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പഞ്ചായത്ത് വക വ്യവസായ എസ്റ്റേറ്റിന്റെ സ്ഥലവും കെട്ടിടവും സ്ഥാപനത്തിന് വിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ ഫർണിച്ചർകൂടി നൽകണമെന്നാണ് പ്രിൻസിപ്പൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത ഒരു സ്ഥാപനത്തിന് സ്ഥലം, കെട്ടിടം, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വിനിയോഗിച്ച് ലഭ്യമാക്കാമോയെന്ന് സ്പഷ്ടീകരണം നൽകണമെന്നതാണ് ആവശ്യം.

### 2.74 കൊല്ലം കോർപ്പറേഷൻ

(i) 2007–08–ൽ കോർപ്പറേഷൻ തലത്തിൽ കേരളോത്സവം സംഘടിപ്പിക്കുന്നതിന് 10,000 രൂപ വരെ ചെലവഴിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിരുന്നത്. എന്നാൽ 54,481 രൂപ യഥാർത്ഥ ചെലവ് ഉണ്ടായി. അധികതുക ചെലവഴിച്ച നടപടിക്ക് സാധൂകരണം.

(ii) കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കുടുംബങ്ങളിൽനിന്നും 2008–09–ൽ എസ്.എസ്.എൽ.സി. ക്കും പ്ലസ് ടുവിനും 75 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടിയ യഥാക്രമം 300 ഉം 200 ഉം കുട്ടികൾക്ക് തനത്ഫണ്ടിൽനിന്ന് 1000 രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് അനുമതി.

(iii) വാംബേ പദ്ധതിപ്രകാരം ധനസഹായം ലഭിച്ചവരിൽ ഷീറ്റ് ഉപയോഗിച്ച് വീടിന്റെ മേൽക്കൂര നിർമ്മിച്ചവർക്കും അവസാന ഗഡു തുക നൽകുന്നതിന് 27.09.2008–ലെ 56279/ഐ.എ.1/08/തസ്വഭവ നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തീരുമാനം ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്കും ബാധകമാക്കണമെന്നതാണ് ആവശ്യം.

തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ധനസഹായം വിനിയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് ആസ്ബറ്റോസ് മേൽക്കൂര പാടില്ലെന്ന് 11.07.2008–ലെ സ.ഉ. (എം.എസ്)199/08/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന പദ്ധതികളുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകൾക്കും ആസ്ബറ്റോസ് മേൽക്കൂര പാടില്ലെന്ന് ആ വകുപ്പും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽക്കൂര കോൺക്രീറ്റ് ചെയ്യാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ പകരം ഓട് മേയുകയോ ടിൻ ഷീറ്റ് ഇടുകയോ ചെയ്യാവുന്നതാണെന്ന് വിശദീകരണം നൽകിയിട്ടുണ്ട്.

(iv) ബി.പി.എൽ കുടുംബത്തിൽപ്പെട്ടവർ മരണമടയുമ്പോൾ ശവസംസ്കാരത്തിനായി ധനസഹായം നൽകിവരുന്ന ഒരു പ്രോജക്ട് കോർപ്പറേഷൻ നടപ്പാക്കി വരുന്നുണ്ട്. 2007–08–ൽ 53 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 2008–09–ൽ 1000 രൂപയായി വർദ്ധിപ്പിക്കുകയും ഇതുവരെ 41 പേർക്ക് ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. സർട്ടിഫിക്കറ്റിന്റെ പകർപ്പ്, വാർഡ് കൗൺസിലറുടെ ശുപാർശ, മരണ സർട്ടിഫിക്കറ്റ്, ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനാ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാന

ത്തിലാണ് ധനസഹായം നൽകുന്നത്. തുടർച്ചാ സ്വഭാവമുള്ള ഒരു പ്രോജക്ട് എന്ന രീതിയിൽ പ്രോജക്ട് തുടർന്ന് നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകണമെന്നതാണ് ആവശ്യം.

**2.75 ആലത്തൂർ ബ്ലോക്ക്പഞ്ചായത്ത്**

പട്ടികജാതി–പട്ടികവർഗ വിഭാഗക്കാർക്കായി പട്ടികജാതി–പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ പലതും ബ്ലോക്ക് പഞ്ചായത്ത് അറിയുന്നില്ല. അതുകാരണം പദ്ധതികൾ സംയോജിപ്പിക്കുന്നതിന് സാധിക്കാതെ വരുന്നു. ഒരിക്കൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താവിനുതന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ ആനുകൂല്യത്തിനായി ഗ്രാമപഞ്ചായത്തുകൾ ലിസ്റ്റ് തരുന്നു. സ്ഥലം വാങ്ങാനായി പട്ടികജാതി–പട്ടികവർഗ വികസന കോർപ്പറേഷൻ ധനസഹായം നൽകുന്ന പദ്ധതിക്ക് കോർപ്പറേഷൻ തന്നെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. കൃഷിഭൂമി നൽകൽ, വീട് നിർമ്മാണം എന്നീ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ പട്ടികജാതി വികസന ഓഫീസർ നേരിട്ട് തെരഞ്ഞെടുക്കുന്നു.

ആയതിനാൽ കോർപ്പറേഷനും വകുപ്പും നടപ്പാക്കുന്ന പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ അറിവോടെയും പങ്കാളിത്തത്തോടെയും നടപ്പാക്കുന്ന തരത്തിൽ നടപടിക്രമങ്ങളിൽ മാറ്റം വരുത്തണം.

***പട്ടികവർഗ വികസന വകുപ്പിന്റെ അഭിപ്രായം***

ത്രിതല പഞ്ചായത്തുകൾക്ക് കൈമാറാത്ത പദ്ധതികളുടെ നടത്തിപ്പുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടത്തണമെന്ന് പറയുന്നത് അംഗീകരിക്കാവുന്നതല്ല. എന്നാൽ ഒരേ പരിപാടി രണ്ട് സ്ഥാപനങ്ങൾ നടപ്പാക്കുമ്പോൾ ഇരട്ടിപ്പിന് സാധ്യത കൂടുന്നു. ഈ സ്ഥിതി ഒഴിവാക്കുന്നതിന് ഗുണഭോക്താക്കൾ പഞ്ചായത്തിൽനിന്നും അല്ലെങ്കിൽ വകുപ്പിൽനിന്നും ഇതേ ആവശ്യത്തിന് സഹായം കൈപ്പറ്റിയിട്ടില്ലായെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ അല്ലെങ്കിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരസ്പരം കൈമാറുകയോ ചെയ്യാവുന്നതാണ്.

***ഗ്രാമവികസന കമ്മീഷണറുടെ അഭിപ്രായം***

പട്ടികജാതി–പട്ടികവർഗ വികസന വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് പരസ്പരം കൈമാറുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന നിർദ്ദേകങ്ങളോടൊപ്പം പട്ടികജാതി–പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വ്യക്തിഗത പദ്ധതികളുടെ വിവരങ്ങൾ കൂടി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വാങ്ങി ഉൾപ്പെടുത്തണം.

**2.76 കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത്**

നബാർഡ്–ആർ.ഐ.ഡി.എഫ്. പ്രകാരം അംഗീകാരം ലഭിച്ച പ്രാന്തർകാവ്–പാലച്ചാൽ റോഡ് പണിക്ക് കരാറിൽ ഏർപ്പെട്ടെങ്കിലും എസ്റ്റിമേറ്റിലെ പാകപ്പിഴവ് കാരണം ഇതുവരെ ലെവൽസ് അംഗീകരിച്ച് കിട്ടിയിട്ടില്ല. വ്യതിയാനം വരുന്ന തുക

നബാർഡ് അംഗീകരിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തും സംയുക്തമായി വഹിക്കാമെന്ന തീരുമാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. കരാർ റദ്ദാക്കി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ തുക ഇരട്ടിയാകുകയും കാലതാമസം ഉണ്ടാകുകയും ചെയ്യും. അതിനാൽ സിമെന്റ്, കമ്പി എന്നിവയ്ക്ക് അനുവദിച്ചതുപോലെ ടാർ, കോൺക്രീറ്റ് പൈപ്പ് എന്നിവയ്ക്കുകൂടി അധികനിരക്ക് അനുവദിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം. അധികം വേണ്ടിവരുന്ന തുക നബാർഡ് അനുവദിച്ച തുകയിൽനിന്നോ (ടെണ്ടർ കുറവ് കഴിച്ചുള്ള തുക) അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തും പനത്തടി ഗ്രാമപഞ്ചായത്തും ചേർന്ന് വഹിക്കുന്നതിനോ ഉള്ള അനുമതികൂടി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

**2.77 കണ്ണൂർ ജില്ലാപഞ്ചായത്ത്**

പട്ടികവർഗ സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണ (2008) പരിപാടിക്ക് 90,216 രൂപ വകയിരുത്തേണ്ടതുണ്ട്. പദ്ധതിവിഹിതത്തിൽ ലഭ്യമായ മുഴുവൻ തുകയ്ക്കും പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും പ്രോജക്ട് കൂടാതെ തുക അനുവദിച്ച് നൽകുന്നതിന് അനുമതി.

**2.78 തിരുവനന്തപുരം കോർപ്പറേഷൻ**

ഉത്ഭവസ്ഥാനത്തുതന്നെ ഖരമാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നു. വെർമി കമ്പോസ്റ്റിംഗ്, എയറോബിക് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് ജനറേഷൻ എന്നിവയിൽ ഏതെങ്കിലും ഒരു സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കുടുംബശ്രീ യൂണിറ്റു കളുടെ സഹായത്തോടെ ഖരമാലിന്യം ഉത്ഭവസ്ഥാനത്തുതന്നെ സംസ്കരിക്കു കയും അതിലൂടെ വിളപ്പിൽശാലയിലെ സമ്മർദ്ദം കുറയ്ക്കുന്നതിനുമാണ് ലക്ഷ്യ മിടുന്നത്. 2008–09 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കൂടി ആനുകൂല്യം നൽകുന്നതിന് അനുമതി.

***ശുചിത്വമിഷന്റെ റിപ്പോർട്ട്:–*** വെർമി കമ്പോസ്റ്റിംഗ്, വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ യൂണിറ്റ് കോസ്റ്റ്, സ്റ്റാൻഡേർഡ്സ്, സ്പെസിഫിക്കേഷൻ മുതലായവ സംബന്ധിച്ച് പുറപ്പെടുവിച്ച മാർരേഖയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രമേ സബ്സിഡി അനുവദിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥചെയ്തിരുന്നു. എന്നാൽ തുടർന്ന് ബയോഗ്യാസ് പ്ലാന്റു കളുടെ കാര്യത്തിൽ മാത്രം ദാരിദ്ര്യരേഖയ്ക്ക്

മുകളിലുള്ളവർക്ക് കൂടി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സബ്സിഡി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

| *വിഭാഗം* | *പ്ലാന്റിന്റെ ശേഷി* | | |
|---|---|---|---|
| | ***0.5 ക്യൂബിക് മീറ്റർ (പ്രതിദിനം 2.5 കി.ഗ്രാം ഖരമാലിന്യം)*** | ***ഒരു ക്യൂബിക് മീറ്റർ(പ്രതിദിനം 7.5 കി.ഗ്രാം ഖരമാലിന്യം)*** | ***രണ്ട് മുതൽ പത്ത് വരെ ക്യൂബിക് മീറ്റർ (പ്രതിദിനം 10 കി.ഗ്രാം മുതൽ 80 കി.ഗ്രാം വരെ ഖരമാലിന്യം)*** |
| 1) ദാരിദ്ര്യരേഖയ്ക്ക് താഴെ യുള്ള പട്ടിക ജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ | 1500 | 2800 | 3500 |
| 2) മറ്റുള്ളവർ (ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർ ഉൾപ്പെടെ) | 1500 | 2100 | 2700 |

ഉത്ഭവസ്ഥാനത്തു തന്നെ മാലിന്യം സംസ്കരിക്കുക എന്നതാണ് സർക്കാരിന്റെ സമീപനം. ബയോഗ്യാസ് പ്ലാന്റുകൾ പോലെ തന്നെ പരിസ്ഥിതി അനുകൂല സാങ്കേതിക വിദ്യകളാണ് മണ്ണിര കമ്പോസ്റ്റിംഗ്, എയറോബിക് കമ്പോസ്റ്റിംഗ് എന്നിവ. ഈ കാരണങ്ങളാൽ ബയോഗ്യാസ് പ്ലാന്റുകളെ പോലെ ഇവയ്ക്കും സബ്സിഡി അനുവദിക്കുന്നത് ഉചിതമായിരിക്കും. അതിനാൽ മാർഗരേഖപ്രകാരം നിശ്ചയിച്ചിട്ടുള്ള സബ്സിഡി (വെർമി കമ്പോസ്റ്റിംഗ് – യൂണിറ്റ് ഒന്നിന് പരമാവധി 400 രൂപ, എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് ഒന്നിന് 600 രൂപ) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കൂടി അനുവദിക്കാവുന്നതാണ്.

**2.79 ദേശമംഗലം ഗ്രാമപഞ്ചായത്ത്**

പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാൻ 2004–ലെ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് (28.00 ലക്ഷം രൂപ) തയ്യാറാക്കി ടെൻഡർ ചെയ്തുവെങ്കിലും ലഭിച്ച ടെൻഡറുകൾ 15 ശതമാനത്തിലേറെ രേഖപ്പെടുത്തിയവ ആയതിനാൽ നടപ്പാക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2007–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് പുതുക്കി (39.00 ലക്ഷം രൂപ) 28.1.2008–ന് ടെൻഡർ ചെയ്തുവെങ്കിലും ഒരു കരാറുകാരൻ 9.7% അധികം ആവശ്യപ്പെട്ടിരുന്നു. മറ്റൊരു കരാറുകാരൻ കമ്പിയും സിമെന്റും പഞ്ചായത്ത് നൽകണമെന്ന വ്യവസ്ഥയിൽ 10.1% കുറവാണ് ആവശ്യപ്പെട്ടത്. കരാറുകാരുമായി പലവട്ടം ചർച്ച ചെയ്തതിനെ തുടർന്ന് ആദ്യ കരാറുകാരൻ 1.61% നിരക്ക് കുറവിൽ കമ്പിക്ക് അധികവില ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകി. തുടർന്ന് കമ്പിക്ക് മാത്രം ബില്ല് പ്രകാരമുള്ള യഥാർത്ഥ തുക, പരമാവധി 2008–ലെ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള തുക നൽകാമെന്ന വ്യവസ്ഥയിൽ കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയതിട്ടുണ്ട്. ഈ നടപടിക്ക് അംഗീകാരം നൽകണമെന്നതാണ് ആവശ്യം.

*****